ജനപഥം ഡിസംബർ 2012

# ഉള്ളടക്കം





**10**
**പ്രതിരോധം ഫലപ്രദം**
രശ്മി മാധവ്

**14**
**വിവേചനത്തിന്റെ കുരുന്നിരകൾ**
ഡോ. എസ്. സജിത്കുമാർ

**16**
**സീറോ പോസിറ്റീവ് അഥവാ എയ്ഡ്സ് വിമുക്ത മലപ്പുറം**
ഉമ്മർ അറയ്ക്കൽ

**4**
**മനുഷ്യാവകാശ കമ്മിഷൻ: സാധാരണക്കാരന്റെ അത്താണി**
ആർ. നടരാജൻ

**6**
**എങ്ങനെ ചെറുക്കും ഈ ആഗോള പ്രതിഭാസത്തെ?**
ബി.ആർ.പി. ഭാസ്കർ

**8**
**ന്യൂനപക്ഷം: അർഥവും വിവക്ഷയും**
ഡോ. പി. നസീർ

**19**
**സാമൂഹികാധിഷ്ഠിത മനോരോഗ ചികിത്സ വിജയവീഥിയിൽ തിരുവനന്തപുരം മാതൃക**
ഡോ. കിരൺ പി.എസ്.

**22**
**അലയടിച്ചുയരുന്ന പദലഹരി**
ചവറ അപ്പുക്കുട്ടൻ പിള്ള

**26**
**ഫോട്ടോഫീച്ചർ : അന്താരാഷ്ട്ര വ്യാപാരമേളയിലെ കേരളം**






**28**
**സ്മരണകളുണർത്തുന്ന അരങ്ങിലെ പകർന്നാട്ടങ്ങൾ**

**30**
**മലയാളിയുടെ ദൃശ്യോത്സവം**
സിൽവി കുര്യൻ

**34**
**സർഗവഴിയിൽ അരനൂറ്റാണ്ട്**
ഹൃദ്യ മേനോൻ എം.കെ. / ദിവ്യ എസ്.

**36**
**ജീവശാക്തീകരണം കരുത്തേകുന്ന വിളകൾ**
സുരേഷ് മുതുകുളം

**38**
**കാണ്ടാമൃഗം : കാടിന്റെ കാവൽക്കാരൻ**
അശോകൻ പുതുപ്പാടി

**40**
**തലമുറകളിലൂടെ ഒഴുകിയ രാഘവസംഗീതം**
രാജ്മോഹൻ കൂവളശ്ശേരി

**41**
**സ്മരണ**

42 ജില്ലകളിലൂടെ
44 വാർത്തയിൽ
47 പെൺജീവിതം
49 ശാസ്ത്രം/ഹരിതജാലകം
50 ചരിത്രത്തിലൂടെ
51 സമീക്ഷ
52 കാലത്തിനൊപ്പം

## പ്രതികരണം




# മാതൃകയായ മാതൃഭാഷാസ്നേഹം

**ജ**നപഥത്തിലെ ലേഖനങ്ങളും ഫീച്ചറുകളും ജീവിതത്തിന്റെ നാനാതുറകളിലുള്ള ജന ഹൃദയങ്ങളിൽ വിവിധ വിഷയങ്ങളുടെയും ആനുകാലിക സംഭവങ്ങളുടെയും അറിവിന്റെയും ഒരു കലവറതന്നെ സൃഷ്ടിക്കുന്നു. ജനപഥം നവംബർ ലക്കത്തിലെ ഹൃദയത്തിൽ തൊട്ട് ബെൻ ഒക്രി എന്ന ഫീച്ചർ ഒരു എഴുത്തുകാരന്റെ മാതൃഭാഷാസ്നേഹം എടുത്തുകാട്ടുന്നു. ലളിതമായ ഭാഷയിലൂടെ മാതൃരാജ്യത്തെ ലോകശ്രദ്ധയിലേക്ക് ആനയിച്ച ബെൻ ഒക്രിയുടെ മാതൃഭാഷാ സ്നേഹം, സംരക്ഷണം, ഉപയോഗം എന്നിവ കേരളത്തിലെ വരും തലമുറയ്ക്ക് ഒരു പാഠമാകട്ടെ. ചെമ്മീൻ: സാഹിത്യവും സിനിമയും, അഞ്ചാമത് കുട്ടികളുടെ ചലച്ചിത്രമേളയുടെ വിശേഷങ്ങളും പ്രശംസനീയമാണ്. ജനപഥത്തിനും അതിന്റെ അണിയറ പ്രവർത്തകർക്കും ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിനും എല്ലാ ഭാവുകങ്ങളും നേരുന്നു.

**കൃഷ്ണകുമാർ കെ.**
തിരുവനന്തപുരം

# കവിയുടെ ഓർമ

**അ**ന്തരിച്ച കവി സാംബശിവൻ മുത്താനയെ അനുസ്മരിച്ച് എസ്. ജോസഫ് എഴുതിയ കുറിപ്പ് ശ്രദ്ധേയമായി. അദ്ദേഹം എഴുതിയതു പോലെ തൊഴിലുകൊണ്ട് മേസ്തിരിയായ ഈ നല്ല സാഹിത്യകാരനെ ജനപഥമല്ലാതെ മറ്റേതെങ്കിലും മാദ്ധ്യമങ്ങൾ അനുസ്മരിച്ചോ എന്ന് സംശയമാണ്. ഉള്ളു തുറന്നെഴുതിയ നോവിന്റെ കവിതകളായിരുന്നു അദ്ദേഹത്തിന്റേത്. എഴുതാൻ ഏറെ ബാക്കി വെച്ച് ജീവിതത്തിൽ നിന്ന് മറഞ്ഞുപോയ സാധാരണക്കാരുടെ ഈ കവിയെ ഓർത്ത എസ്. ജോസഫിനും ജനപഥത്തിനും അഭിനന്ദനങ്ങൾ.

**ജോബീഷ്. എം**
എറണാകുളം

# പെൺജീവിതം


ജനപഥത്തിൽ തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന പെൺജീവിതം എന്ന കോളം സ്ത്രീകൾക്ക് സ്വന്തം ജീവിതം തുറന്നെഴുതുന്നതിന് സഹായകമാകുന്നുണ്ട്. എന്നാലും പലപ്പോഴും അത് വേണ്ടരീതിയിൽ സ്ത്രീ അനുഭവങ്ങൾ എഴുതിക്കാണുന്നില്ല. എന്നാലും സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹികവും വ്യക്തിപരവുമായ അനുഭവങ്ങൾ തുറന്നെഴുതുന്നതിന് ഒരു വേദിയെന്ന നിലയിൽ ഇത് വളരെ പ്രശംസാർഹമാണ്. എന്നാലും ഉള്ളടക്കം കൂറേ കൂടെ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞാൽ വളരെ നന്നായിരിക്കും. തുറന്നെഴുത്തുകൾ ഒരു അവബോധ പ്രവർത്തനം കൂടെയാണല്ലോ.

**ശ്രുതി സോമൻ**
അഞ്ചരക്കണ്ടി, കണ്ണൂർ

## തിരുത്ത്



2012 നവംബർ ലക്കത്തിൽ *പാർലമെന്റിന് അറുപത് നിയമസഭയ്ക്ക് നൂറ്റി ഇരുപത്തിയഞ്ച്* എന്ന ലേഖനത്തിൽ ഉൾപ്പെടുത്തിയിരുന്ന കേരളത്തിലെ സ്പീക്കർമാർ പട്ടിക - 2 ൽ കേരളനിയമസഭാ സ്പീക്കർ മാരായിരുന്ന ശ്രീ. വി. എം. സുധീരൻ (08.03.1985 - 27.03.1987), ശ്രീ. വർക്കല രാധാകൃഷ്ണൻ (30.03.1987 - 28.06.1991) എന്നിവരുടെ പേരുകൾ വിട്ടുപോയതിൽ ഖേദിക്കുന്നു



എഡിറ്റർ
ജനപഥം

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2012

പുസ്തകം 1 ലക്കം 10

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**നാഫിഹ് എം.**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**എൻ. സുനിൽകുമാർ**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **അശ്വതി വി.പി.,** പത്തനംതിട്ട
- **പ്രവീൺ എസ്.ആർ.,** ഇടുക്കി
- **പി.ആർ. റോയി,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**




# രോഗരഹിതമാകട്ടെ ജീവിതം

ഡിസംബർ ഒന്ന് ലോക എയ്ഡ്സ് ദിനമായി ആചരിക്കുകയാണ്. മനുഷ്യന്റെ നിയന്ത്രണമില്ലാത്ത ജീവിതത്തിനുമേൽ പ്രകൃതിതന്നെ നിശ്ചയിച്ച നിയന്ത്രണരേഖയാണ് എയ്ഡ്സ്. മാരകമായ ഈ രോഗം 34 ദശലക്ഷം മനുഷ്യരെ ബാധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽത്തന്നെ 3.4 ദശലക്ഷം രോഗബാധിതർ 15 വയസ്സിൽ താഴെയുള്ള കുട്ടികളാണ്.

പൊതുവിൽ രോഗങ്ങൾ മനുഷ്യസൃഷ്ടമല്ല. എന്നാൽ എയ്ഡ്സ് അഥവാ എച്ച്.ഐ.വി. അണുബാധ ഒരു പരിധിവരെ മനുഷ്യസൃഷ്ടിയാണ്. അശ്രദ്ധകൊണ്ടും സംഭവിക്കാം. എന്നാൽ പൊതുവിൽ നാല് കാരണങ്ങളാലാണ് എയ്ഡ്സ് രോഗബാധയുണ്ടാകുന്നത്. സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധം, അണുവിമുക്തമല്ലാത്ത സിറിഞ്ചുകളുടെ ഉപയോഗം, സുരക്ഷിതമല്ലാത്ത രക്തം സ്വീകരിക്കൽ, എച്ച്.ഐ.വി. ബാധിതയായ അമ്മയിൽനിന്നും കുഞ്ഞിലേക്ക് എന്നീ മാർഗങ്ങളിലൂടെയാണ് മാരകമായ ഈ രോഗം വ്യാപിക്കുന്നത്.

ഈ രോഗത്തെക്കുറിച്ച് അനേകം തെറ്റിദ്ധാരണകളുണ്ട്. രോഗം ബാധിച്ച കുട്ടികളെ സ്കൂളിൽ പഠിപ്പിക്കുന്നതിനോ അവരോടൊപ്പം പഠിക്കുന്നതിനോ തങ്ങളുടെ കുട്ടികളെ അയക്കുന്നതിന് തയാറാകാത്ത മാതാപിതാക്കളുടെ വാർത്തകൾ നമ്മൾ പത്രങ്ങളിലൂടെ വായിച്ചറിഞ്ഞിട്ടുണ്ട്. ഇന്നും സാഹചര്യങ്ങൾക്ക് വലിയ വ്യത്യാസം വന്നിട്ടില്ല. ഈ രോഗത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ അത്രകണ്ട് രൂഢമായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

സർക്കാരിന്റെയും സന്നദ്ധ സംഘടനകളുടെയും നിരന്തരമായ പ്രചാരണ, ബോധവത്കരണ പ്രവർത്തനങ്ങൾ ഫലംകണ്ടുതുടങ്ങിയിരിക്കുന്നു. 2001 നെ അപേക്ഷിച്ച് 2011 ൽ പുതുതായി ഉണ്ടാകുന്ന എച്ച്.ഐ.വി. അണുബാധിതരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ഇത് പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെയാണ് കാണിക്കുന്നത്.

ആദ്യകാലങ്ങളിൽ എയ്ഡ്സ് ബാധിച്ചുകഴിഞ്ഞാൽ പ്രതിരോധശേഷി നഷ്ടപ്പെട്ട് ആ വ്യക്തി ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ മരിച്ചുപോകുന്ന സാഹചര്യമാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് ഈ രോഗത്തിന് ചികിത്സ ലഭ്യമാണ്. വൈറസ് ശരീരത്തിൽ പെരുകുന്നതു നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ ഉപയോഗിച്ച് ആരോഗ്യം വീണ്ടെടുത്ത് സാധാരണ ജീവിതം നയിക്കാൻ കഴിയുന്നു.

2012 ഒക്ടോബറിലെ കണക്കനുസരിച്ച് 17623 എച്ച്.ഐ.വി. ബാധിതരാണ് സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള എ.ആർ.ടി. ചികിത്സാകേന്ദ്രമായ ഉഷസ്സിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എ.ആർ.ടിയിൽ രജിസ്റ്റർ ചെയ്തവരിൽ 1756 പേർ ഇതിനകം മരണമടഞ്ഞിട്ടുണ്ട്.

ഒരു രോഗം എന്ന നിലയിൽ എയ്ഡ്സ് മനുഷ്യന് വലിയ ഭീഷണിയാണെങ്കിലും വൈദ്യശാസ്ത്രത്തിന്റെ പുരോഗതി ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാൻ സഹായിച്ചിട്ടുണ്ട്. ഫലപ്രദമായ ബോധവത്കരണവും പ്രതിരോധപ്രവർത്തനങ്ങളും വഴി ഈ രോഗത്തെ നിയന്ത്രിക്കുന്നതിന് നമുക്ക് കഴിയട്ടെ.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

ആർ. നടരാജൻ

ഡിസംബർ 10 : മനുഷ്യാവകാശദിനം

# മനുഷ്യാവകാശ കമ്മിഷൻ: സാധാരണക്കാരന്റെ അത്താണി

**മനുഷ്യാവകാശം ഒരു ജന്മാവകാശമാണ്. മനുഷ്യന് ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാൻ നമ്മളെല്ലാവരും പ്രതിജ്ഞാബദ്ധരാണ്. അവകാശങ്ങൾ സംരക്ഷിച്ച് നൽകി അവർക്ക് ആശ്വാസം കൊടുക്കുവാൻ നമ്മൾ ഓരോരുത്തരും ബാധ്യസ്ഥരാണ്. അതിലേക്ക് നമുക്കും ഒറ്റക്കെട്ടായി മുന്നോട്ടു പോകാം...**

മനുഷ്യാവകാശദിനം ഒരിക്കൽക്കൂടി നാം ആചരിക്കുകയാണ്. ഈ അവസരത്തിൽ കമ്മിഷൻ അംഗം എന്ന നിലയിൽ സ്വയം വിമർശനത്തിനും ആത്മപരിശോധനയ്ക്കും നാം തയാറാകണമെന്നു തോന്നുന്നു. സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിൽ ദിനംപ്രതി ധാരാളം പരാതികളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മുൻ വർഷങ്ങളെയപേക്ഷിച്ച് പരാതികൾ ഗണ്യമായി വർധിച്ചിട്ടുണ്ട്. 2010 ഒക്ടോബറിലാണ് ഈ ലേഖകൻ കമ്മിഷനിൽ ചുമതലയേൽക്കുന്നത്. 2010 ൽ 5062, 2011 ൽ 5561, 2012 ൽ നവംബർ വരെ 6630 പരാതികളാണ് കമ്മിഷനിൽ ലഭിച്ചത്. ഇതിൽ നിന്ന് രണ്ടു കാര്യങ്ങൾ വ്യക്തമാണ്. ഒന്ന് മനുഷ്യാവകാശ ലംഘനം ഉണ്ടെന്നുള്ള പരാതികൾ വർധിക്കുന്നു. മറ്റൊന്ന് മനുഷ്യാവകാശ കമ്മിഷനിൽ ജനങ്ങൾക്കുള്ള വിശ്വാസവുമാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്.

2010 ൽ ചുമതലയേൽക്കുന്ന സമയം, 2000 മുതലുള്ള പരാതികൾ കമ്മിഷനിൽ തീർപ്പു കൽപ്പിക്കാതെ കിടക്കുന്നതായാണ് കണ്ടത്. എന്തുകൊണ്ടോ പരാതികൾ തീരുമാനമാകാതെ അനന്തമായി നീണ്ടുപോയ അവസ്ഥയായിരുന്നു. എന്നാൽ ഇപ്പോഴത്തെ കമ്മിഷൻ ചെയർമാന്റെയും അംഗങ്ങളുടെയും കഠിന പ്രയത്നം മൂലം പഴയ പരാതികളിൽ നല്ല ശതമാനവും തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. 2010 മുതൽ 12 നവംബർ വരെ ഉദ്ദേശം പതിന്നായിരത്തോളം കേസുകൾ



തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്ന് കമ്മിഷന്റെ പ്രവർത്തനത്തെപ്പറ്റി നമുക്ക് ഏകദേശ രൂപം ലഭിക്കും.

എന്നാൽ കമ്മിഷന്റെ ഉത്തരവുകൾ (ശുപാർശകൾ) യഥാസമയം നടപ്പിലാക്കി പരാതിക്കാരുടെ സങ്കടത്തിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞോയെന്ന് നാം ഈ അവസരത്തിൽ ചിന്തിക്കേണ്ടതാണ്. കമ്മിഷൻ തീർപ്പുകൽപ്പിച്ച പരാതികളിൽ നിയമപരമായി നിലനിൽക്കത്തക്കതല്ല എന്ന കാരണത്താൽ തള്ളിയതും പരിഹാരം ഉണ്ടായതിന്റെ പേരിൽ നടപടികൾ അവസാനിച്ചവയുമുണ്ട്. ഇതു കൂടാതെ നല്ലൊരു ശതമാനം പരാതികളിൽ സർക്കാർ സ്ഥാപനങ്ങളോടും സർക്കാർ ഉദ്യോഗസ്ഥരോടുമുള്ള ശുപാർശകളും നൽകിയിട്ടുണ്ട്. മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം ഉത്തരവിനു ശേഷം ഒരു മാസത്തിനകം അതിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന വിവരം കമ്മിഷനെ അറിയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അധികാരികൾക്കും ബാധ്യതയുണ്ട്. എന്നാൽ അത്തരം ബാധ്യതകൾ നിർവഹിക്കാതിരിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഈ ലേഖകന്റെ അനുഭവത്തിൽ, കമ്മിഷനിൽ പരാതിയുമായി വരുന്നവരിൽ 99 ശതമാനവും പാവങ്ങളാണ്. അഭിഭാഷകരെ വച്ച് കേസ് നടത്താൻ കഴിവില്ലാത്ത അവശന്മാരും ദുർബലരുമായ ഒരു ജനവിഭാഗമാണ് കമ്മിഷനെ ആശ്രയിച്ച് പരാതികളുമായി വരുന്നത്. ഒട്ടും സാമ്പത്തിക ചെലവില്ലാതെ പെട്ടെന്ന് ഒരു നിവൃത്തി ലഭിക്കുന്നതിനാണ് അവർ മനുഷ്യാവകാശ കമ്മിഷനിൽ എത്തുന്നത്. കമ്മിഷന്റെ ശുപാർശകൾ നടപ്പിലാക്കാൻ സർക്കാർ തലത്തിൽ തക്കതായ നടപടികൾ സമയോചിതമായി സ്വീകരിക്കേണ്ടതാണ്. ശുപാർശകൾ നടപ്പിലാക്കിക്കിട്ടാൻ കമ്മിഷൻ കക്ഷികൾക്കുവേണ്ടി ഹൈക്കോടതിയെ സമീപിക്കേണ്ടിവരുന്ന സ്ഥിതി വീണ്ടും നടപടികൾ അനന്തമായി നീളുന്നതിന് അവസരമുണ്ടാക്കുകയേയുള്ളു.

മനുഷ്യാവകാശം ഒരു ജന്മാവകാശമാണ്. മനുഷ്യന് ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാൻ നമ്മളെല്ലാവരും പ്രതിജ്ഞാബദ്ധരാണ്. അവകാശങ്ങൾ സംരക്ഷിച്ച് നൽകി അവർക്ക് ആശ്വാസം കൊടുക്കുവാൻ നമ്മൾ ഓരോരുത്തരും ബാധ്യസ്ഥരാണ്. അതിലേക്ക് നമുക്കും ഒറ്റക്കെട്ടായി മുന്നോട്ടു പോകാം. ■

*(കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ അംഗമാണ് ലേഖകൻ)*

■ ബി.ആർ.പി. ഭാസ്കർ

ഡിസംബർ 9 : അഴിമതി വിരുദ്ധദിനം

# എങ്ങനെ ചെറുക്കും ഈ ആഗോള പ്രതിഭാസത്തെ?

**ജനാധിപത്യത്തെ തകർക്കുകയും ഭരണകൂടങ്ങളെ അസ്ഥിരപ്പെടുത്തുകയും രാജ്യങ്ങളെ സാമ്പത്തികമായി പിന്നോട്ടടിക്കുകയും ചെയ്യുന്ന ഗുരുതരമായ സാമൂഹിക തിന്മയാണ് അഴിമതിയെന്ന് ഐക്യരാഷ്ട്രസഭ വിലയിരുത്തുന്നു. അഴിമതിവിരുദ്ധ ദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ ചില വിചാരങ്ങൾ...**

അഴിമതി ആഗോളപ്രതിഭാസമാണെന്ന് ഇന്ദിരാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. സ്വാഭാവികമായും സർക്കാരിനെതിരായ ആരോപണങ്ങളുടെ ഗൗരവം കുറച്ചുകാണാനുള്ള ശ്രമമായാണ് ജനങ്ങൾ അതിനെ കണ്ടത്. എന്നാൽ അഴിമതി പ്രാചീനകാലം മുതൽ എല്ലാ സമൂഹങ്ങളിലും നിലനിന്നിട്ടുണ്ടെന്നതാണ് വാസ്തവം. അതിനെക്കുറിച്ച് പല പഴയ ഗ്രന്ഥങ്ങളിലും സൂചനകളുണ്ട്. ഇതിന്റെ അർഥം അതിനെ ഒഴിവാക്കാനാവാത്ത ഒന്നായി അംഗീകരിക്കണമെന്നല്ല, അതിനെതിരായ പ്രവർത്തനങ്ങൾ എല്ലാ കാലത്തും ഉണ്ടാകണമെന്നാണ്. നിരന്തരമായ പ്രവർത്തനത്തിലൂടെ അഴിമതിയുടെ തോത് സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനെ ബാധിക്കാത്തയളവിൽ ചുരുക്കി നിർത്താൻ തീർച്ചയായും കഴിയണം.

ആഗോളീകരണ പ്രക്രിയയുടെ ഫലമായി അഴിമതി ലോകമൊട്ടുക്ക് ഗണ്യമായി വർധിച്ചിട്ടുണ്ട്. ഇത് ആഗോളതലത്തിൽ അഴിമതിവിരുദ്ധ നടപടികൾ ആവശ്യമാക്കുന്നു. ഐക്യരാഷ്ട്രസഭ 2003 ഒക്ടോബർ 31 ന് ഒരു അഴിമതിവിരുദ്ധ ഉടമ്പടി (United Nations Convention Against Corruption) അംഗീകരിക്കുകയുണ്ടായി. സമൂഹങ്ങളുടെ സുരക്ഷയ്ക്കും സ്ഥിരതയ്ക്കും അഴിമതി ഉയർത്തുന്ന ഗുരുതരമായ പ്രശ്നങ്ങളെയും ഭീഷണിയെയും കുറിച്ച് ആശങ്ക രേഖപ്പെടുത്തുന്ന ആ രേഖ അത് സ്ഥാപനങ്ങളെ അട്ടിമറിക്കുമെന്നും ജനാധിപത്യമൂല്യങ്ങളെയും ധാർമികമൂല്യങ്ങളെയും സുസ്ഥിരവികസനത്തെയും നിയമവാഴ്ചയെയും തകർക്കുമെന്നും ചൂണ്ടിക്കാണിക്കുന്നു. ഒപ്പം അത് അഴിമതി തടയാനും പ്രതിരോധിക്കാനും കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ അന്താരാഷ്ട്ര സഹകരണത്തിലൂടെയും സാങ്കേതിക സഹായത്തിലൂടെയും സാധ്യമാക്കുന്നതിന് പ്രതിനിധികളെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

ഉടമ്പടിക്കു രൂപം കൊടുത്ത ദിവസം തന്നെ ജനങ്ങളിൽ അഴിമതിയെക്കുറിച്ചും അതിനെ പ്രതിരോധിക്കുന്നതിൽ ആ രേഖയ്ക്കുള്ള പങ്കിനെക്കുറിച്ചും അവബോധം സൃഷ്ടിക്കാൻ എല്ലാ കൊല്ലവും ഡിസംബർ ഒൻപത് അഴിമതിവിരുദ്ധദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്ന പ്രമേയവും ഐക്യരാഷ്ട്രസഭ അംഗീകരിച്ചു. അഴിമതി എല്ലാ രാജ്യങ്ങളെയും ബാധിക്കുന്ന പ്രശ്നമാണെന്ന തിരിച്ചറിവാണ് ഈ നടപടികളിലേക്ക് ലോക സംഘടനയെ നയിച്ചത്.

അഴിമതിയെക്കുറിച്ച് സമഗ്രമായ വീക്ഷണമാണ് ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ചിട്ടുള്ളത്. അധികാരസ്ഥാനമോ വിശ്വാസമോ ദുരുപയോഗം ചെയ്ത് നേട്ടമുണ്ടാക്കുന്നതിനെ മാത്രമല്ല ധാർമികബോധം തകർത്തുകൊണ്ടോ സത്യസന്ധമല്ലാത്ത രീതിയിൽ പ്രവർത്തിച്ചുകൊണ്ടോ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതിനെയും അത് അഴിമതിയായി കാണുന്നു. അഴിമതി ജനാധിപത്യത്തെ തകർക്കുകയും ഭരണകൂടങ്ങളെ അസ്ഥിരപ്പെടുത്തുകയും രാജ്യങ്ങളെ സാമ്പത്തികമായി പിന്നോട്ടടിക്കുകയും ചെയ്യുന്നതായി അത് വിലയിരുത്തുന്നു. കോഴ കൂടാതെ, പ്രത്യാഘാതങ്ങൾ കണക്കിലെടുക്കാതെ നിയമങ്ങൾ ലംഘിക്കുന്നതും തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ നീതിപൂർവമല്ലാത്ത മാറ്റങ്ങൾ വരുത്തുന്നതും തെറ്റുകൾ മറച്ചുവെക്കുന്നതും നടപടിയുണ്ടാകുമെന്ന വിശ്വാസത്തിൽ വിവരങ്ങൾ പുറത്തുകൊണ്ടുവരുന്നവരെ നിശബ്ദരാക്കുന്നതുമെല്ലാം അഴിമതിയുടെ പരിധിയിൽ വരുന്നു.


പീറ്റർ ഐജൻ

ഭരണകൂടങ്ങളുടെ കൂട്ടായ്മയായ ഐക്യരാഷ്ട്രസഭ അഴിമതിക്കെതിരെ ശ്രദ്ധതിരിക്കുന്നതിനുമുമ്പെ ട്രാൻസ്പാരൻസി ഇന്റർനാഷണൽ എന്ന പേരിൽ ഒരു ആഗോളതല അഴിമതിവിരുദ്ധ സംഘടന നിലവിൽ വന്നിരുന്നു. ലോക ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന പീറ്റർ ഐജൻ (Peter Eigen) മുൻകയ്യെടുത്ത് ബർലിൻ



ആസ്ഥാനമായി 1993-ൽ സ്ഥാപിച്ച ആ സംഘടനയ്ക്ക് ഇന്ത്യയുൾപ്പെടെ എഴുപതു രാജ്യങ്ങളിൽ ശാഖകളുണ്ട്. മൂന്നാം രാജ്യങ്ങൾക്ക് ലോക ബാങ്ക് അനുവദിക്കുന്ന പണം വ്യാപകമായ അഴിമതി കാരണം ഉദ്ദേശിക്കുന്ന ഗുണം ചെയ്യുന്നില്ലെന്ന് കണ്ടാണ് ഐജിൻ സർക്കാരിതര സംഘടനയ്ക്ക് രൂപം നൽകിയത്. ട്രാൻസ്പാരൻസി 1995 മുതൽ ഓരോ കൊല്ലവും ബിസിനസുകാർക്കിടയിൽ സർവേ നടത്തി വിവിധരാജ്യങ്ങളെക്കുറിച്ച് വിവരം ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു അഴിമതി അഭിവീക്ഷണ സൂചിക (Corruption Perception Index) പ്രസിദ്ധീകരിക്കുന്നുണ്ട്. അഴിമതി ഏറ്റവും കുറഞ്ഞ രാജ്യമായി ന്യൂസിലണ്ട് ആയിരുന്നു 2011 ലെ പട്ടികയിൽ ഒന്നാം സ്ഥാനത്ത്. അഴിമതി ഏറ്റവും കൂടിയ രാജ്യങ്ങളായി ഉത്തര കൊറിയയും സൊമാലിയയും ഏറ്റവും താഴെയും. ആകെ 182 രാജ്യങ്ങളുള്ള പട്ടികയിൽ ഇന്ത്യ 95 ാം സ്ഥാനത്തായിരുന്നു. (ഡിസംബർ അഞ്ചിന് ഇക്കൊല്ലത്തെ പട്ടിക പുറത്തുവരുന്നതിനുമുമ്പാണ് ഇതെഴുതുന്നത്).

ഒരു പതിറ്റാണ്ടിലേറെയായി ട്രാൻസ്പാരൻസി ഇന്റർനാഷണൽ കോഴ കൊടുക്കുന്നവരെക്കുറിച്ച് പഠനം നടത്തി കോഴ കൊടുക്കുന്നവരുടെ സൂചികയും (Bribe Payers Index) ഇടയ്ക്കിടയ്ക്ക് പ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ രാജ്യത്തെയും വൻകിട കമ്പനികൾ ബിസിനസ് ലഭിക്കുന്നതിനായി കോഴ കൊടുക്കാനുള്ള സാധ്യതയെക്കുറിച്ച് എക്സിക്യൂട്ടിവുകൾ നൽകുന്ന വിവരത്തെ ആസ്പദമാക്കിയാണ് പട്ടിക തയാറാക്കുന്നത്. കഴിഞ്ഞ കൊല്ലത്തെ 28 രാജ്യങ്ങളുള്ള പട്ടികയിൽ ആദ്യത്തെ രണ്ട് സ്ഥാനങ്ങളിൽ നെതർലണ്ടും സ്വിറ്റ്സർലണ്ടുമായിരുന്നു. അവസാന സ്ഥാനങ്ങളിൽ ചൈനയും റഷ്യയും. ഇന്ത്യ 19ാം സ്ഥാനത്താണ്.

> ശക്തമായ അഴിമതി വിരുദ്ധ സംവിധാനത്തിന് രൂപം നൽകുന്നതോടൊപ്പം തെരഞ്ഞെടുപ്പു സമ്പ്രദായം ഉചിതമായി പരിഷ്കരിക്കുകകൂടി ചെയ്താലേ അഴിമതി നിയന്ത്രണവിധേയമാക്കാൻ കഴിയൂ.

വികസിതരാജ്യങ്ങളുടെ ചരിത്രം സൂക്ഷ്മതയോടെ പരിശോധിക്കുമ്പോൾ ദ്രുതഗതിയിൽ വികസിച്ച കാലത്ത് അവയെല്ലാം ഗുരുതരമായ അഴിമതിപ്രശ്നം നേരിട്ടിരുന്നതായി കാണാം. ഇന്ത്യയിൽ നിന്ന് കൊള്ളയടിച്ചുണ്ടാക്കിയ കാശുമായി തിരിച്ചെത്തിയ റോബർട്ട് ക്ളൈവിനെയും വാറൻ ഹേസ്റ്റിങ്സിനെയും ബ്രിട്ടീഷ് പാർലമെന്റ് വിചാരണ ചെയ്യുകയുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അതിവേഗം വളർന്ന ജപ്പാനിലും തെക്കൻ കൊറിയയിലും സമീപകാലത്ത് ഏറ്റവുമധികം വളർച്ച രേഖപ്പെടുത്തിയ ചൈനയിലും ഭരണാധികാരികൾ അഴിമതി ആരോപണങ്ങൾ നേരിട്ടു. ഈ പശ്ചാത്തലത്തിൽ നമ്മുടെ നാട്ടിൽ അടിക്കടി അഴിമതിയാരോപണങ്ങൾ ഉയരുന്നതിൽ അത്ഭുതപ്പെടാനില്ല. അതെസമയം ഉയർന്ന തലങ്ങളിൽ പ്രവൃത്തിക്കുന്നവർക്കെതിരായ ആരോപണങ്ങൾ അന്വേഷിച്ചു നടപടിയെടുക്കുന്നതിന് പര്യാപ്തമായ സംവിധാനം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് അവഗണിക്കാനാവില്ല.

ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യം ലഭിക്കാനാണ് വികസിതരാജ്യങ്ങളിൽ ആളുകൾ കോഴ വാങ്ങുന്നത്. കോഴ നൽകുന്ന ബിസിനസുകാർ ആനുകൂല്യം നേടാൻ ചെലവാക്കുന്ന പണത്തെ മുതൽമുടക്കിന്റെ ഭാഗമായാണ് കരുതുന്നത്. നമ്മുടെ രാജ്യത്താകട്ടെ അർഹതപ്പെട്ടത് ലഭിക്കാനായി കോഴനൽകാൻ ആളുകൾ പലപ്പോളും നിർബന്ധിതരാകുന്നു. ജാതി സർട്ടിഫിക്കറ്റിനും വരുമാന സർട്ടിഫിക്കറ്റിനുമൊക്കെ അപേക്ഷിക്കുന്നവർക്ക് അത് നൽകാനുള്ള ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്. ഏതെങ്കിലും ആവശ്യം മുൻനിർത്തിയാണ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കാറുള്ളത്. സമയത്ത് അത് കിട്ടിയില്ലെങ്കിൽ ആ ആവശ്യം നടക്കില്ലെന്ന് അറിയാവുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥർ ആ സാഹചര്യം മുതലെടുക്കുകയാണ് ചെയ്യാറുള്ളത്.

വ്യക്തിഗത അഴിമതിയേക്കാൾ ഗുരുതരമാണ് രാഷ്ട്രീയ അഴിമതി പ്രശ്നം. തെരഞ്ഞെടുപ്പ് ഭാരിച്ച ചെലവുള്ള പ്രക്രിയയായി തുടരുമ്പോൾ അതിനെ ഫലപ്രദമായി നിയന്ത്രിക്കാനാവില്ല. ശക്തമായ അഴിമതിവിരുദ്ധ സംവിധാനത്തിന് രൂപം നൽകുന്നതോടൊപ്പം തെരഞ്ഞെടുപ്പു സമ്പ്രദായം ഉചിതമായി പരിഷ്കരിക്കുകകൂടി ചെയ്താലേ അഴിമതി നിയന്ത്രണവിധേയമാക്കാൻ കഴിയൂ. ■

*(പ്രമുഖ മാധ്യമപ്രവർത്തകനും ആക്ടിവിസ്റ്റുമാണ് ലേഖകൻ)*

■ ഡോ. പി. നസീർ

**ഡിസംബർ 18:**
**ന്യൂനപക്ഷ അവകാശദിനം**



# ന്യൂനപക്ഷം: അർഥവും വിവക്ഷയും

**ദേശീയ ജനാധിപത്യത്തിന്റെ അർഥപൂർണമായ നിലനിൽപ്പ് സാമൂഹിക നീതിയുമായി ഇഴചേർന്നിരിക്കുന്നു. വികസനകാര്യത്തിൽ ന്യൂനപക്ഷം പാർശ്വവത്ക്കരിക്കപ്പെട്ടാൽ രാജ്യത്തിന്റെ സമഗ്രവികസനം എന്ന ഉദാത്ത സങ്കൽപത്തിനായിരിക്കും തിരിച്ചടിയേൽക്കുക. ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന വിഭാവന ചെയ്യുന്ന സവിശേഷ പരിരക്ഷ ഉരിത്തിരിഞ്ഞത് മതേതരവും രാഷ്ട്രീയവുമായ ഈ അനിവാര്യ സാഹചര്യത്തിൽ നിന്നാണ്... ദേശീയ ന്യൂനപക്ഷഅവകാശ ദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ രൂപവത്കരണത്തെയും പ്രവർത്തനങ്ങളെയും കുറിച്ച വിലയിരുത്തൽ...**

ന്യൂനപക്ഷം എന്ന പദത്തിന് സർവാംഗീകൃതവും ഏകീകൃതവുമായൊരർഥം ഇനിയും രൂപപ്പെട്ടിട്ടില്ല. സാമൂഹികമായ പരികൽപ്പനകൾക്കനുസൃതമായും ഭൂമിശാസ്ത്രപരമായ സവിശേഷതകളിലധിഷ്ഠിതമായും സാരമായ അർഥവ്യതിയാനത്തോടുകൂടിയാണ് ഈ സംജ്ഞ പൊതുവെ ഉപയോഗിച്ചുവരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ യൂറോപ്പിൽ വ്യാപകമായി പ്രയോഗത്തിലുള്ള ന്യൂനപക്ഷം എന്ന പദം പ്രധാനമായും മത-ഭാഷാ-വംശ ന്യൂനപക്ഷങ്ങൾ എന്നീ മൂന്ന് വിഭാഗങ്ങളെയാണ് പ്രതിനിധാനം ചെയ്തിരുന്ന്. എന്നാൽ ഇന്ത്യൻ ഭരണഘടന 29, 30 വകുപ്പുകളിൽ മതന്യൂനപക്ഷങ്ങളെയും ഭാഷാ ന്യൂനപക്ഷങ്ങളെയും കുറിച്ചുമാത്രമെ പ്രതിപാദിക്കുന്നുള്ളു. മാത്രമല്ല മതന്യൂനപക്ഷങ്ങൾ ആരൊക്കെയാണെന്ന് ഭരണഘടനയിൽ പ്രത്യേകമായ പരാമർശവുമില്ല. 1992 ലെ സെക്ഷൻ 2(സി) പ്രകാരമുള്ള ദേശീയ ന്യൂനപക്ഷ കമ്മിഷൻ ആക്ട് മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി എന്നീ വിഭാഗങ്ങളെ ദേശീയ മതന്യൂനപക്ഷങ്ങളായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കർണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ജൈനരെക്കൂടി ന്യൂനപക്ഷ മതവിഭാഗമായി സംസ്ഥാനതലത്തിൽ അംഗീകരിച്ചിട്ടുള്ളതായി കാണാം.

ന്യൂനപക്ഷം എന്ന വാക്കിന് അംഗീകൃത ഭാഷാനിഘണ്ടുകളിൽ അടയാളപ്പെടുത്തിയിരിക്കുന്ന അർഥം ഇങ്ങനെയാണ് - മൊത്തം വസ്തുക്കളുടെയോ ആളുകളുടെയോ എണ്ണത്തിന്റെ നേർപകുതിയെക്കാൾ കുറവായിരുന്നാൽ അതിനെ ന്യൂനപക്ഷമെന്ന് വിളിക്കാം. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കമ്മിഷൻ ഉപസമിതി ന്യൂനപക്ഷ അവകാശ സംരക്ഷണത്തിനും വിവേചനത്തിനുമെതിരായി തയാറാക്കിയ റിപ്പോർട്ടും ഇതേ അർഥമാണ് നൽകിയിട്ടുള്ളത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭരണഘടന ന്യൂനപക്ഷ ജനവിഭാഗത്തിനായി വിഭാവനം ചെയ്യുന്ന സവിശേഷമായ പരിരക്ഷ കേവലമായ യാദൃശ്ചികതയിൽ നിന്നും ഉരുത്തിരിഞ്ഞതല്ല. പ്രത്യുത സ്വാതന്ത്ര്യാനന്തര രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലത്തിൽ അന്യൂനമായ ഒരു ഭരണഘടനയ്ക്ക് അനിവാര്യമായിത്തീരുന്ന രാഷ്ട്രീയവും മതേതരവുമായ ചില ചേരുവകളായിരുന്നു. നിർഭാഗ്യകരമായ വിഭജനം ഇന്ത്യയിലെ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കിടയിൽ ഉണ്ടാക്കിയേക്കാവുന്ന രാഷ്ട്രീയമായ അരക്ഷിതാവസ്ഥയും ഭാഷാടിസ്ഥാനത്തിലോ പ്രാദേശികാടിസ്ഥാനത്തിലോ നിലനിന്നിരുന്ന നൂറുകണക്കിന് നാട്ടുരാജ്യങ്ങളുടെ ധീരമായ സംയോജനത്തെ തുടർന്ന് ഉണ്ടാക്കിയേക്കാവുന്ന സ്വത്വബോധവുമൊക്കെ ഭരണഘടനാ ശിൽപികൾക്കിടയിൽ വിഷയീഭവിച്ചിട്ടുണ്ട്. മാത്രവുമല്ല പുതുതായി പിറവിയെടുക്കുന്ന ഇന്ത്യൻ യൂണിയന്റെ രാഷ്ട്രീയ നൈരന്തര്യത്തിന് ഇത്തരം ദുർബലമായ വാദഗതികൾ തടസമായിക്കൂടെന്ന ശാഠ്യവും അതോടൊപ്പമുണ്ടായിരുന്നതായി നിരീക്ഷണമുണ്ട്.

മനുഷ്യാവകാശ സംരക്ഷണത്തിനായി 1947 ൽ രൂപവത്കൃതമായ യു.എൻ. കമ്മിഷനായിരുന്നു ന്യൂനപക്ഷ അവകാശങ്ങൾക്കായുള്ള ഈ രംഗത്തെ ആദ്യ ചുവടുവയ്പ് നടത്തിയത്. ഇതിന്റെ തൊട്ടടുത്ത വർഷത്തെ ഡിസംബർ 10 നായിരുന്നു വിശ്വപ്രസിദ്ധമായ മനുഷ്യാവകാശ പ്രഖ്യാപനം നടന്നത്. അതോടൊപ്പം തന്നെ ആഗോളതലത്തിൽ സമസ്ത ന്യൂനപക്ഷ ജനവിഭാഗങ്ങളുടെയും പരിരക്ഷ ഉറപ്പിക്കാൻ വേണ്ട നടപടികളെക്കുറിച്ച് വ്യാപകമായ ചർച്ചകളും വർത്തമാനങ്ങളും കേട്ടുതുടങ്ങി.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പിന്നാക്ക ന്യൂനപക്ഷ ജനവിഭാഗങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്താൻ നിരവധി കമ്മിഷനുകളെയും കമ്മിറ്റികളെയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിയോഗിച്ചിട്ടുണ്ട്.




ഇക്കൂട്ടത്തിൽ സമീപകാലത്ത് സവിശേഷമായ സാമൂഹിക ശ്രദ്ധയാകർഷിച്ച കമ്മിറ്റി റിപ്പോർട്ട് ജസ്റ്റിസ് രജീന്ദർ സച്ചാറിന്റേതായിരുന്നു. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ പ്രധാനമന്ത്രിയുടെ ഉന്നതാധികാര സമിതി 2005 മാർച്ചിൽ ഇന്ത്യയിലെ മുസ്ലിങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥയെക്കുറിച്ച് പഠനം നടത്തുവാനാണ് ഏഴംഗ കമ്മിറ്റിയെ നിയോഗിച്ചത്. 2006 നവംബറിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഇന്ത്യയിലെ മുസ്ലിം ജനവിഭാഗത്തെ സംബന്ധിച്ച ആധികാരികമായ ഒരു സ്ഥിതിവിവരക്കണക്കാണ്.

വിദ്യാഭ്യാസ രംഗത്തെ പ്രവേശാനുപാതം, കേന്ദ്ര-സംസ്ഥാന സർവീസുകളിലെ പ്രാതിനിധ്യം, സാമൂഹിക സാമ്പത്തിക രംഗത്തെ അസന്തുലിതാവസ്ഥ, മുസ്ലിം കേന്ദ്രീകൃത പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യം തുടങ്ങിയ രംഗങ്ങളിൽ മുസ്ലിം ജനവിഭാഗം ദാരുണമായ പിന്നാക്കാവസ്ഥയിലാണെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കി. ഇതോടെ, കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ഇവ പരിഹിക്കുന്നതിനായി നിരവധി മാർഗങ്ങൾ ഗൗരവമായി ആലോചിച്ചുതുടങ്ങി.

കേന്ദ്ര-ന്യൂനപക്ഷ മന്ത്രാലയത്തിന് സമാനമായ രൂപത്തിൽ സംസ്ഥാനങ്ങളിലും ന്യൂനപക്ഷ വകുപ്പുകൾ രൂപവത്കരിക്കണമെന്ന് നിർദേശിക്കപ്പെട്ടു. തുടർന്ന് 2011 ഫെബ്രുവരിയിൽ കേരളത്തിൽ സംസ്ഥാന ന്യൂനപക്ഷ വകുപ്പ് രൂപീകൃതമായി. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യംവയ്ക്കുന്ന പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടിക്ക് സമാനമായ രൂപത്തിൽ കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായിട്ടാണ് വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്.

12 അധ്യായങ്ങളും 404 പേജുകളും അടങ്ങിയ സച്ചാർ റിപ്പോർട്ടിന്റെ കണ്ടെത്തലുകളുടെ പശ്ചാത്തലത്തിലാണ് വകുപ്പിന്റെ പ്രവർത്തന രീതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. രാജ്യത്ത് ജനാധിപത്യത്തിന്റെ അർഥപൂർണമായ നിലനിൽപ്പ് സാമൂഹിക നീതിയുമായി ഇഴചേർന്നിരിക്കുന്നു. 150 ദശലക്ഷം വരുന്ന ഇന്ത്യയിലെ മുസ്ലിം ന്യൂനപക്ഷം വികസന കാര്യത്തിൽ പാർശ്വവത്കരിക്കപ്പെട്ടാൽ രാജ്യത്തിന്റെ സമഗ്രവികസനം എന്ന ഉദാത്ത സങ്കൽപം സഫലമാവില്ലെന്ന് സച്ചാർ നിരീക്ഷണമുണ്ട്. ഇവിടെയാണ് 1992 ലെ ഐക്യരാഷ്ട്രസഭാ പ്രഖ്യാപനം സാംഗത്യമാകുന്നത്.

> 2011 ഫെബ്രുവരിയിൽ കേരളത്തിൽ സംസ്ഥാന ന്യൂനപക്ഷ വകുപ്പ് രൂപീകൃതമായി. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യം വയ്ക്കുന്ന പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടിക്ക് സമാനമായ രൂപത്തിൽ കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായിട്ടാണ് വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്.

ഒരു രാജ്യത്തിന്റെ പക്ഷപാതം അല്ലാത്ത പ്രവർത്തനം പരിശോധിക്കുന്നതിനുള്ള അമ്ലപരീക്ഷണമായി ആ രാജ്യത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ഭരണത്തിലുള്ള വിശ്വാസവും അതുവഴി അവർക്കുള്ള ആത്മവിശ്വാസവുമാണ് കണക്കാക്കേണ്ടത്.

സംസ്ഥാന ന്യൂനപക്ഷവകുപ്പിനു കീഴിൽ ഇപ്പോൾ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് യു.പി.എസ്.സി, പി.എസ്.സി. സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ, ഐ.ബി.പി.എസ്., റെയിൽവേ റിക്രൂട്ട്മെന്റ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്കും നെറ്റ്, സെറ്റ്, ടെറ്റ് തുടങ്ങിയ യോഗ്യതാ നിർണയ പരീക്ഷകൾക്കും പരിശീലനം നൽകുന്നതിനായി ജില്ലാതല കേന്ദ്രങ്ങൾ ഈ വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. മുസ്ലിം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

ഇവിടെ 20 ശതമാനം സീറ്റുകൾ മറ്റ് ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, കോഴിക്കോട് ജില്ലയിൽ പുതിയറ, മലപ്പുറം ജില്ലയിൽ വേങ്ങര, പൊന്നാനി, എറണാകുളം ജില്ലയിൽ ആലുവ, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ഇപ്പോൾ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും കേന്ദ്രങ്ങൾ തുടങ്ങുവാൻ സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ഉപകേന്ദ്രങ്ങൾ സോപാധികമായി തുടങ്ങാനും ഭരണാനുമതി ആയിട്ടുണ്ട്. ഇവിടെ റെഗുലർ, അവധി ദിന ബാച്ചുകളിലായി ക്ലാസ്സുകൾ നടന്നുവരുന്നു. ലൈബ്രറി, കംപ്യൂട്ടർ-ഇന്റർനെറ്റ് സൗകര്യങ്ങൾ, തൊഴിൽ സാധ്യതകളും മറ്റും അറിയിക്കുന്ന പ്രസിദ്ധീകരണങ്ങൾ എന്നിവയും ഇവിടെ ലഭ്യമാണ്. പ്രാപ്തരായ അധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ചുരുങ്ങിയ സമയംകൊണ്ട് ഇവിടങ്ങളിൽനിന്നും പരിശീലനം ലഭിച്ച ധാരാളം ഉദ്യോഗാർഥികൾക്ക് കേന്ദ്ര-സംസ്ഥാന ബാങ്കിങ് സർവീസുകളിലും ഹൈക്കോടതികളിലും മറ്റും ജോലിലഭിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിരവധി സ്കോളർഷിപ്പുകൾക്കു പുറമെ സമർഥരായ ന്യൂനപക്ഷ വിദ്യാർഥിനികളെ പ്രത്യേകമായി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്. 50 ശതമാനം മാർക്കോടെ യോഗ്യതാ പരീക്ഷ ജയിച്ച വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ കുറവുള്ള മുസ്ലിം പെൺകുട്ടികൾക്ക് ബിരുദ കോഴ്സിന് ഓരോ വർഷവും 4000 രൂപ വീതമുള്ള 3000 സ്കോളർഷിപ്പുകളും ബിരുദാനന്തര ബിരുദത്തിന് 5000 രൂപ

വിതമുള്ള 1000 സ്കോളർഷിപ്പുകളും പ്രൊഫഷണൽ ടെക്നിക്കൽ കോഴ്സുകൾക്ക് 6000 രൂപ വീതമുള്ള 1000 സ്കോളർഷിപ്പുകളും നൽകിവരുന്നു. കൂടാതെ സർക്കാർ, യൂണിവേഴ്സിറ്റി അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന 2000 മുസ്ലിം വിദ്യാർഥിനികൾക്ക് ഓരോ വർഷവും 12000 രൂപ വീതം നൽകുന്ന ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതിയും നിലവിലുണ്ട്. തിരുവനന്തപുരം സംസ്കൃത കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സ്പെഷൽ സ്കോളർഷിപ്പ് ഓഫീസർക്കാണ് ഇപ്പോൾ ഇതിന്റെ ചുമതല നൽകിയിട്ടുള്ളത്. 2012-13 അധ്യയന വർഷം സർക്കാർ എയ്ഡഡ് സ്കൂളിൽ 10 ാം ക്ലാസിൽ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ബി.പി.എൽ. ന്യൂനപക്ഷ വിദ്യാർഥികളിൽ 7599 പേർക്ക് പഠന മേശയും കസേരയും നൽകുന്ന പദ്ധതി വകുപ്പ് നടപ്പാക്കി. കേരളത്തിൽ സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളും യൂറിനൽ കോംപ്ലക്സുകളും വകുപ്പ് നിർമിച്ചു നൽകുകയുണ്ടായി.

70 ശതമാനത്തിൽ കുറയാത്ത ന്യൂനപക്ഷവനിതകൾ അംഗങ്ങളായിട്ടുള്ള രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാ സ്വയംസഹായ സംഘങ്ങൾ സ്ഥിരവരുമാനമുറപ്പാക്കാവുന്ന സ്വയംതൊഴിൽ പദ്ധതികളുമായി മുന്നോട്ടുവന്നാൽ പദ്ധതി ചെലവിന്റെ പകുതിയോ പരമാവധി രണ്ടര ലക്ഷം രൂപ വരെയോ നൽകുന്നതിനുള്ള പദ്ധതി സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. കൃഷി, സേവനം, ഉത്പന്നം എന്നിങ്ങനെ ഏതു മേഖലയിൽനിന്നുള്ള പദ്ധതികളും സമർപ്പിക്കാം. ഈ രംഗത്ത് ആവശ്യമായ പരിശീലനവും വിപണന സഹായവും പദ്ധതി വിഭാവനം ചെയ്യുന്നു. 500 സ്വയംസഹായസംഘങ്ങൾക്ക് സഹായം നൽകാനുള്ള പദ്ധതിയാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

സൈനിക-അർധസൈനിക-പൊലീസ് വിഭാഗങ്ങളിൽ ജോലിനേടുന്നതിനായുള്ള മത്സര പരീക്ഷകളിലും കായികക്ഷമതാ പരീക്ഷയിലും വിജയിക്കത്തക്കരീതിയിൽ ന്യൂനപക്ഷ വിദ്യാർഥികൾക്ക് പരിശീലനം നൽകുന്ന ഒരു പദ്ധതിക്ക് വകുപ്പ് തുടക്കം കുറിച്ചു കഴിഞ്ഞു. കോഴിക്കോട് ജില്ലയിലെ പ്രീറിക്രൂട്ട്മെന്റ് ട്രെയിനിങ് സെന്ററിനാണ് (പി.ആർ.ടി.സി) പരിശീലന ചുമതല. ഭക്ഷണം, താമസം, പരിശീലനം എന്നിവ ഇവിടെ സൗജന്യമാണ്. പരിശീലന കാലാവധി രണ്ടുമാസമാണ്. ആദ്യ പരിശീലന ക്ലാസുകൾ ഒക്ടോബർ രണ്ടാം വാരത്തിൽ ആരംഭിച്ചു.

ന്യൂനപക്ഷവിഭാഗങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾക്ക് ധനസഹായം പാവപ്പെട്ടവരിലെ പാവപ്പെട്ടവർക്കും സർക്കാരിതര ഏജൻസികൾക്കും ഏറ്റവും കുറഞ്ഞ പലിശയ്ക്ക് വിദ്യാഭ്യാസ ലോൺ, തൊഴിൽ പരിശീലനം, ഉത്പന്നങ്ങൾക്ക് വിപണന സഹായം എന്നിവ നൽകാനായിട്ടാണ് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ രൂപീകൃതമായിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നേരിട്ടു നടത്തുന്നതിനായി സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ രൂപീകരണം അന്തിമഘട്ടത്തിലാണ്. കമ്പനി രജിസ്ട്രേഷൻ നടപടികൾ മാത്രമാണ് ഇനി ബാക്കിയുള്ളത്.

രണ്ടു ശതമാനം മുതൽ ആറു ശതമാനം വരെ വാർഷിക പലിശ നിരക്കിൽ അഞ്ചു ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് ലോൺ, മൂന്നു ശതമാനം വാർഷിക പലിശയ്ക്ക് പദ്ധതിയുടെ 60 ശതമാനം വരെ നൽകുന്ന മാർജിൻ മണി ലോൺ, മൂന്നു ശതമാനം വാർഷിക പലിശയ്ക്ക് അഞ്ചു വർഷം വരെയുള്ള തൊഴിൽ കോഴ്സുകൾക്ക് നൽകുന്ന 2.5 ലക്ഷം വരെയുള്ള വിദ്യാഭ്യാസ വായ്പ, ഒരു ശതമാനം പലിശനിരക്കിൽ എൻ.ജി.ഒ.കൾക്ക്, സ്വയംസഹായ സംഘങ്ങൾക്ക് നൽകുകയും ചെയ്യുന്ന സൂക്ഷ്മവായ്പ പദ്ധതി എന്നിവ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ നൽകുന്ന സാമ്പത്തിക സഹായങ്ങളാണ്. ഇപ്പോൾ ഈ പദ്ധതികൾ മത്സ്യഫെഡ്, പിന്നാക്ക വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവവഴിയാണ് നടത്തിവരുന്നത്. കൂടാതെ സ്വയംസഹായസംഘങ്ങളെ പരിപോഷിപ്പിക്കുന്നതിനായിട്ടുള്ള ലോണുകൾ, 20 വനിതകളടങ്ങുന്ന സംഘങ്ങൾക്ക് തൊഴിൽ പരിശീലനവും ലോണും നൽകി വനിത സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്ന മഹിളാ സമൃദ്ധിയോജന എന്നിവയും കോർപ്പറേഷന്റെ പദ്ധതികളാണ്.

വളരെയേറെ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന വലിയൊരു അസംഘടിത വിഭാഗമാണ് സംസ്ഥാനത്തെ മദ്രസാ അധ്യാപകർ. ഇവർക്ക് സാമ്പത്തിക പരിരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരള മദ്രസാ അധ്യാപകക്ഷേമനിധി. പതിനായിരത്തോളം പേർ മാത്രം അംഗങ്ങളായിട്ടുള്ള ഈ പദ്ധതിയിൽ ഒരു ലക്ഷത്തിലധികം വരുന്ന മുഴുവൻ അധ്യാപകരേയും അംഗങ്ങളാക്കാനുള്ള ഒന്നരമാസം നീണ്ടുനിൽക്കുന്ന സംസ്ഥാനതല ഊർജിത കർമ പരിപാടി ഇപ്പോൾ നടന്നുവരുന്നു.

ന്യൂനപക്ഷജനവിഭാഗത്തിന്റെ ഭരണഘടനാപരമായ പരിരക്ഷ ഉറപ്പാക്കാൻ ദേശീയ ന്യൂനപക്ഷകമ്മിഷന്റെ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷകമ്മിഷൻ രൂപവത്കരിക്കാനും തീരുമാനമായിട്ടുണ്ട്. ■

*(സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടറാണ് ലേഖകൻ)*




**സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പ് സംഘടിപ്പിച്ച വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടിയുടെ ഭാഗമായി മന്ത്രി മഞ്ഞളാംകുഴി അലി പുരസ്കാരങ്ങൾ നല്കുന്നു**

രശ്മി മാധവ്



ഡിസംബർ 1:
ലോക എയ്ഡ്സ് ദിനം

# പ്രതിരോധം ഫലപ്രദം

ഡിസംബർ ഒന്ന് ലോക എയ്ഡ്സ് ദിനമായി ആചരിക്കുന്നു. എച്ച്.ഐ.വി. അണുബാധ ഇന്നും ലോകത്തു നിലനിൽക്കുന്നുവെന്നും എച്ച്.ഐ.വി പ്രതിരോധിക്കുന്നതിനും അണുബാധിതരെ സംരക്ഷിക്കുന്നതിനും ഇനിയും ഒരുപാടു കാര്യങ്ങൾ സമൂഹത്തിനു ചെയ്യാനുണ്ടെന്നും ഈ ദിനം മാനവരാശിയെ ഓർമിപ്പിക്കുകയാണ്.

നമ്മുടെ സമൂഹത്തിൽ ഇനി ഒരു പുതിയ എച്ച്.ഐ.വി അണുബാധപോലും ഉണ്ടാകാതിരിക്കാനുള്ള സൂക്ഷ്മതയും മുൻകരുതലുകളും നാം ഓരോരുത്തരും എടുക്കണമെന്ന് ഈ ദിനം നമ്മെ ഓർമിപ്പിക്കുന്നു. മാറുന്ന ജീവിതസാഹചര്യങ്ങളിൽ എച്ച്.ഐ.വി പിടിപെടാനുള്ള സാധ്യത വളരെ കൂടുതലാണ്. സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, അണുവിമുക്തമല്ലാത്ത സിറിഞ്ചുകളുടെ ഉപയോഗം, സുരക്ഷിതമല്ലാത്ത രക്തം സ്വീകരിക്കൽ, എച്ച്.ഐ.വി അണുബാധിതയായ അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് എന്നീ നാല് മാർഗങ്ങളിലൂടെയാണ് എച്ച്.ഐ.വി അണുവ്യാപനം നടക്കുന്നത്. ചില മുൻകരുതലുകൾ എടു



ത്താൽ എച്ച്.ഐ.വി വൈറസിന്റെ വ്യാപനം നമുക്ക് പൂർണമായും തടയാൻ കഴിയും.

എച്ച്.ഐ.വി അണുബാധിതർ സമൂഹത്തിൽ നിന്നും, ചിലപ്പോൾ വീട്ടിൽ നിന്നു പോലും ഒറ്റപ്പെടലുകൾ അനുഭവിക്കേണ്ടി വരുന്നു. സാമൂഹ്യനിന്ദയും വിവേചനവും ഭയന്ന് എച്ച്.ഐ.വി അണുബാധിതർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരാൻ മടിക്കുന്നു. ഇവിടെ നാം ചെയ്യേണ്ടത് എച്ച്.ഐ.വി അണുബാധിതരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും അവർക്കും മറ്റുള്ളവരെ പോലെ സാധാരണ ജീവിതം നയിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയുമാണ്. ആവശ്യമായ കരുതലും പരിചരണവും നൽകി എച്ച്.ഐ.വി അണുബാധിതരെ ഈ സമൂഹത്തിന്റെ ഭാഗമാക്കി കാണണമെന്ന് ഈ ദിനം നമ്മെ ഓർമിപ്പിക്കുന്നു. ഒറ്റപ്പെടുത്തലും വിവേചനവും ഇല്ലെങ്കിൽ സമൂഹത്തിലെ മുഴുവൻ എച്ച്.ഐ.വി അണുബാധിതരേയും കണ്ടെത്തുവാനും അതുവഴി അവർക്ക് ശരിയായ മാർഗനിർദേശങ്ങളും ചികിത്സയും ലഭ്യമാക്കാനും കഴിയും.

ആദ്യകാലങ്ങളിൽ എയ്ഡ്സ് ബാധിച്ച ഒരാൾ പ്രതിരോധശേഷി നഷ്ടപ്പെട്ട് മറ്റ് രോഗങ്ങൾ ബാധിച്ച് ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ മരിച്ചു പോകുന്ന അവസ്ഥയാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് എച്ച്.ഐ.വി/എയ്ഡ്സിന് ഫലവത്തായ ചികിത്സ ലഭ്യമാണ്. വൈറസ്സ് ശരീരത്തിൽ പെരുകുന്നത് നിയന്ത്രിക്കുന്ന മരുന്നുകളുടെ ഉപയോഗം മൂലം (ആന്റി റിട്രോവൈറൽ ട്രീറ്റ്മെന്റ് അഥവാ എ.ആർ.ടി) എച്ച്.ഐ.വി അണുബാധിതരുടെ ആരോഗ്യം വീണ്ടെടുത്ത് സാധാരണ ജീവിതം നയിക്കുവാൻ സാധിക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷം ആളുകൾക്കും ഇന്നും ഈ ചികിത്സയെക്കുറിച്ച് വേണ്ടത്ര അവബോധമില്ല. മുഴുവൻ എച്ച്.ഐ.വി അണുബാധിതർക്കും ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞാൽ എയ്ഡ്സ് മൂലമുള്ള മരണനിരക്ക് കുറയ്ക്കാൻ കഴിയും.

ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്ന് എച്ച്.ഐ.വി വൈറസിന്റെ വ്യാപനം തടയുന്നതിനും, എച്ച്.ഐ.വി ബാധിതർക്കെതിരെയുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും, എച്ച്.ഐ.വി അണുബാധിതർക്ക് ചികിത്സ ലഭ്യമാക്കുന്നതിലൂടെ എയ്ഡ്സ് മരണം ഇല്ലാതാക്കുന്നതിനും വേണ്ടി ഒരുമിച്ച് അണിചേരുന്നതിനും ലോക എയ്ഡ്സ്ദിനം ആഹ്വാനം ചെയ്യുന്നു.

> ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്ന് എച്ച്.ഐ.വി വൈറസിന്റെ വ്യാപനം തടയുന്നതിനും, എച്ച്.ഐ.വി ബാധിതർക്കെതിരെയുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും, എച്ച്.ഐ.വി അണുബാധിതർക്ക് ചികിത്സ ലഭ്യമാക്കുന്നതിലൂടെ എയ്ഡ്സ് മരണം ഇല്ലാതാക്കുന്നതിനും വേണ്ടി ഒരുമിച്ച് അണിചേരുന്നതിനും ലോക എയ്ഡ്സ്ദിനം ആഹ്വാനം ചെയ്യുന്നു.

## എച്ച്ഐവി, എയ്ഡ്സ്: സ്ഥിതിവിവര കണക്കുകൾ

ലോകത്ത് എച്ച്.ഐ.വി അണുബാധിതരായി 3.42 കോടി ജനങ്ങളുണ്ട്. ഇവരിൽ 34 ലക്ഷം കുട്ടികളാണ്. 15 വയസ്സിന് മുകളിൽ പ്രായമായവർ 3.08 കോടി വരും. 2011ൽ 25 ലക്ഷം പുതിയ എച്ച്.ഐ.വി അണുബാധ ഉണ്ടായിട്ടുണ്ട്. ഇതിൽ 3.3 ലക്ഷം കുട്ടികളിലാണ്. എന്നാൽ 2001 നെ അപേക്ഷിച്ച് 2011 ൽ പുതുതായി ഉണ്ടാകുന്ന എച്ച്.ഐ.വി അണുബാധിതരുടെ എണ്ണം 20 ശതമാനം കണ്ട് കുറഞ്ഞിട്ടുണ്ട്. ഇത് ഈ രംഗത്തെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ കാണിക്കുന്നു.

ഇന്ന് ലോകത്ത് എച്ച്.ഐ.വി അണുബാധക്ക് ചികിത്സ ആവശ്യമുള്ളവരിൽ 54 ശതമാനം പേർക്കും ചികിത്സ ലഭ്യമാണ്. 80 ലക്ഷം പേർ ഇന്ന് ചികിത്സയെടുക്കുന്നു. 2005 ൽ എയ്ഡ്സ് കൊണ്ടുള്ള മരണം 22.4 ലക്ഷം ആയിരുന്നു. ഇത് 2010 ൽ 17 ലക്ഷമായി കുറഞ്ഞിട്ടുണ്ട്.

ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ 2009 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 23.8 ലക്ഷം എച്ച്.ഐ.വി അണുബാധിതരുണ്ട്. ഇവരിൽ 83 ശതമാനം 15നും 49 നും ഇടയിൽ പ്രായമുള്ളവരാണ്.



രാജ്യത്തെ എച്ച്.ഐ.വി അണുബാധിതരിൽ 39 ശതമാനം സ്ത്രീകളാണ്, 4.4 ശതമാനം കുട്ടികളും. നിലവിൽ രാജ്യത്ത് 5,16,400 എച്ച്.ഐ.വി അണുബാധിതർ സർക്കാരിന്റെ എയ്ഡ്സ് നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ ചികിത്സയിലുണ്ട്. കേരളത്തിൽ എച്ച്.ഐ.വി അണുബാധിതരായി 40,060 പേർ ഉണ്ടെന്നാണ് അനുമാനിക്കുന്നത്. പ്രായപൂർത്തിയായവരുടെ ഇടയിൽ എച്ച്.ഐ.വി. അണുബാധ കേരളത്തിൽ 0.19 ശതമാനമാണ്.

| വർഷം | എച്ച്.ഐ.വി പരിശോധനയ്ക്ക് വിധേയമായവർ | | | എച്ച്.ഐ.വി അണുബാധ | | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 2005 | 8094 | 22502 | 30596 | 1476 | 1151 | 2627 |
| 2006 | 17425 | 71312 | 88737 | 1858 | 1490 | 3348 |
| 2007 | 39609 | 113286 | 152895 | 2247 | 1725 | 3972 |
| 2008 | 44009 | 137303 | 181312 | 1652 | 1096 | 2748 |
| 2009 | 72125 | 167886 | 240011 | 1540 | 1052 | 2592 |
| 2010 | 105213 | 202961 | 308174 | 1402 | 940 | 2342 |
| 2011 | 138787 | 253983 | 392770 | 1314 | 846 | 2160 |
| 2012 ഒക്ടോബർ വരെ | 135365 | 220337 | 355702 | 925 | 648 | 1573 |

2012 ഒക്ടോബറിലെ കണക്കനുസരിച്ച് 17623 എച്ച്.ഐ.വി അണുബാധിതരാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള എ.ആർ.ടി ചികിത്സാകേന്ദ്രമായ ഉഷസ് കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 10994 പേർക്ക് എ.ആർ.ടി ചികിത്സ ആരംഭിച്ചു. നിലവിൽ എ.ആർ.ടി ചികിത്സയിലുള്ളത് 7437 പേരാണ്. എ.ആർ.ടിയിൽ രജിസ്റ്റർ ചെയ്തവരിൽ 1756 പേർ ഇതിനകം മരണമടഞ്ഞിട്ടുണ്ട്.

## സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി

എച്ച്.ഐ.വി, എയ്ഡ്സ് മേഖലയിൽ കേരളത്തിൽ ബോധവത്കരണ, പ്രതിരോധ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയാണ്. പൊതുസമൂഹത്തെ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾ കൂടാതെ എച്ച്.ഐ.വി അണുബാധ പിടിപെടാൻ കൂടുതൽ സാധ്യതയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രത്യേക പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ എച്ച്.ഐ.വി അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഏറ്റെടുത്തു നടത്തുന്നുണ്ട്.

ആയിരക്കണക്കിന് എച്ച്.ഐ.വി അണുബാധിതർക്ക് ഔഷധം, ചികിത്സ, കൗൺസലിങ് തുടങ്ങിയവ നൽകുന്നതിനൊപ്പം അവർക്ക് പുനരധിവാസവും പരിശീലനവും നിയമസഹായവും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള മറ്റുപ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള സാഹചര്യവും ഒരുക്കി. കൂടാതെ നൂറോളം എച്ച്.ഐ.വി അണുബാധിതർക്ക് വിവിധ പദ്ധതികളിലായി തൊഴിലും നൽകി വരുന്നു.

സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സേവന കേന്ദ്രങ്ങളിലൂടെയാണ് പ്രധാനമായും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. ജ്യോതിസ്, ഉഷസ്, സുരക്ഷ, പുലരി, പ്രത്യാശ, റെഡ്റിബൺ ക്ലബ്ബുകൾ തുടങ്ങിയവയെല്ലാം വിവിധങ്ങളായ സേവനങ്ങൾ നൽകി വരുന്നു.

## ഇന്റഗ്രേറ്റഡ് കൗൺസലിങ് ആൻഡ് ടെസ്റ്റിങ് സെന്റർ (ICTC)- ജ്യോതിസ്

സംസ്ഥാനത്ത് 237 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളിൽ എച്ച്.ഐ.വി പരിശോധന സൗജന്യമായി നൽകുന്നതിനുള്ള സംവിധാനമുണ്ട്. പരിശോധന സംബന്ധിച്ച വിവരങ്ങൾ തികച്ചും രഹസ്യമായിരിക്കും. എച്ച്.ഐ.വി പരിശോധന കൂടാതെ കൗൺസലിങ്ങും ഇവിടെ നിന്നു ലഭിക്കും. എച്ച്.ഐ.വി അണുബാധയുണ്ടെന്നു കണ്ടെത്തിയാൽ അവരെ കൂടുതൽ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കും വേണ്ടി എ.ആർ.ടി, കമ്മ്യൂണിറ്റി കെയർ സെന്റർ എന്നീ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യും.

സംസ്ഥാനത്തെ മെഡിക്കൽ കോളജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ചില ഇ.എസ്.ഐ ആശുപത്രികൾ, ചില സ്വകാര്യ ആശുപത്രികൾ, പ്രധാന ജയിലുകൾ, തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ തുടങ്ങിയ കേന്ദ്രങ്ങളിലാണ് ജ്യോതിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

## ആന്റി റിട്രോവൈറൽ തെറാപ്പി സെന്റർ (ART) ഉഷസ്

എച്ച്.ഐ.വി അണുബാധിതർക്ക് ആവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ ഉഷസ് കേന്ദ്രങ്ങളിലൂടെ സൗജന്യമായി നൽകി വരുന്നു. ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേ



## ഇന്ത്യയിൽ എച്ച്.ഐ.വി.ബാധിതരുടെ എണ്ണം കുറഞ്ഞു

**കഴിഞ്ഞ** പത്തുവർഷത്തിനിടയിൽ ഇന്ത്യയിൽ പുതിയ എച്ച്.ഐ.വി. ബാധിതരുടെ എണ്ണം 57 ശതമാനം കുറഞ്ഞു. മറ്റ് 25 രാജ്യങ്ങളിലും എച്ച്.ഐ.വി. ബാധിതരുടെ എണ്ണം പകുതിയായി കുറഞ്ഞതായി യു.എൻ. റിപ്പോർട്ടിൽ പറയുന്നു.

എച്ച്.ഐ.വി ബാധിത രാജ്യങ്ങളായ മ്യാൻമാർ, തായ്ലൻഡ്, പാപുവ ന്യൂഗിനിയ എന്നീവിടങ്ങളിലും പുതുതായി രോഗം ബാധിക്കുന്നവരുടെ എണ്ണം പകുതിയായി കുറഞ്ഞിട്ടുണ്ട്. ഈ രോഗത്തെ സംബന്ധിച്ച അവബോധം ജനങ്ങൾക്കിടയിൽ വർധിച്ചതാണ് കാരണം.

■ ഡോ. എസ്. സജിത്കുമാർ

# വിവേചനത്തിന്റെ കുരുന്നിരകൾ

**യു.എൻ. എയ്ഡ്സിന്റെ 2012 ലെ കണക്കുകൾ അനുസരിച്ച് പുതിയ എച്ച്.ഐ.വി. ബാധിതരുടെ എണ്ണം പ്രായപൂർത്തിയായവരിൽ 50 ശതമാനം കണ്ട് കുറയ്ക്കുന്നതിൽ ഇന്ത്യ വിജയിച്ചിട്ടുണ്ട്. എന്നാൽ ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടത് ഈ എയ്ഡ്സ് അനാഥരുടെ കാര്യത്തിലാണെന്ന് കരുതാം. മാതാപിതാക്കൾ എയ്ഡ്സ് ബാധയിൽ മരിച്ച, പലപ്പോഴും വൈറസിനെ ഉള്ളിൽ വഹിക്കുന്നുണ്ടെന്ന വിവരം തിരിച്ചറിയപ്പെടാത്തവരായ, ചികിത്സ ലഭിക്കാത്തവരായ ഇവർ ലൈംഗികശേഷി ആർജിക്കുന്ന പ്രായത്തിലുള്ളവരാണെന്ന ഭീഷണി നാം കരുതലോടെ കാണേണ്ടിയിരിക്കുന്നു.**

എന്റെ പരിശോധനാമുറിയിലിരുന്നു വിതുമ്പുന്ന ആ അമ്മയുടെ മുഖം ഇന്നും മനസ്സിൽ മായാതെ തങ്ങി നിൽക്കുന്നു. നൊന്തുപെറ്റ പൊന്നോമനയ്ക്ക് അമ്മിഞ്ഞപ്പാലിന്റെ മധുരം പകരാനാകാതെ, ഉമ്മവയ്ക്കാനും ലാളിക്കാനുമാകാതെ, ഒന്നു തൊടാൻപോലുമാകാതെ നിസ്സഹായയായി കരയുന്ന യുവതി. മുംബൈയിൽ ജോലിക്കാരനായിരുന്ന ഭർത്താവ് തനിക്കു നൽകിയ എയ്ഡ്സ് വ്യാധി ഭാഗ്യത്തിന് കുട്ടിക്ക് പകർന്നില്ല. പക്ഷെ കുട്ടി എച്ച്.ഐ.വി. നെഗറ്റീവായിട്ടും അമ്മുമ്മയും അപ്പൂപ്പനും കുട്ടിയെ കാണാൻപോലും തന്നെ അനുവദിക്കുന്നില്ലെന്നായിരുന്നു അവരുടെ ദുഃഖം. എയ്ഡ്സുമായി ബന്ധപ്പെട്ട വിവേചനവും അവഹേളനവും കുട്ടിയെങ്കിലും അനുഭവിക്കരുത് എന്നതാകാം അതിനു കാരണമെന്ന് അവർ സ്വയം ആശ്വസിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഈ രോഗവുമായി ബന്ധപ്പെട്ട മുൻവിധികളും അജ്ഞതയും ഇപ്പോഴും മാറാതെ നിൽക്കുന്ന അവസ്ഥയുണ്ട്. വൈദ്യശാസ്ത്ര സമൂഹനാണ് മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നത്. ആന്റി റിട്രോവൈറൽ ചികിത്സയ്ക്കു മുന്നോടിയായുള്ള കൗൺസലിങ്ങും മറ്റ് അവസരജന്യരോഗങ്ങൾക്കുള്ള ചികിത്സയും എ.ആർ.ടി. കേന്ദ്രങ്ങളിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു.

എച്ച്.ഐ.വി അണുബാധിതർക്ക് ശരിയായ ജീവിതചര്യയിലൂടെയും ആവശ്യമായ ചികിത്സയിലൂടെയും എയ്ഡ്സ് ബാധിതരാകാതെ ദീർഘകാലം സാധാരണ ജീവിതം സാധ്യമാണ്. ഈ സാഹചര്യത്തിലാണ് 'ഉഷസ്' കേന്ദ്രങ്ങളുടെ പ്രാധാന്യമേറുന്നത്. ആന്റി റിട്രോവൈറൽ ചികിത്സയ്ക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നതു കൂടാതെ ഇവർക്കാവശ്യമായ പരിശോധനകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി നടത്തിക്കൊടുക്കുന്നതിനും ഈയിടെ തീരുമാനമായിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പാലക്കാട് ജില്ലാ ആശുപത്രി, കാസർഗോഡ് ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, എന്നിവിടങ്ങളിലും 'ഉഷസ്' കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പബ്ലിക്ക് ഹെൽത്ത് ലാബ് കൊല്ലം, പത്തനംതിട്ട, മലപ്പുറം, കണ്ണൂർ, മാനന്തവാടി, ഇടുക്കിയിലെ പൈനാവ് ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രികളിലും ലിങ്ക് എ.ആർ.ടി. സെന്ററുകളായി 'ഉഷസ്' ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. 17,623 എച്ച്.ഐ.വി അണുബാധിതരാണ് നാളിതുവരെ ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇപ്പോൾ എ.ആർ.ടി ചികിത്സയിലുള്ളവർ 7437 പേരാണ്.

ഹത്തിൽപ്പോലും അത് തീർത്തും വിട്ടക ന്നിട്ടില്ല എന്നതിനുദാഹരണമാണ് ഏതാനും വർഷം മുമ്പ് ഒരു പ്രശസ്തമായ സ്വകാര്യ ആശുപത്രിയിലെ നേഴ്സുമാർ ഉൾപ്പെടെ യുള്ളവർ തങ്ങൾ ശുശ്രൂഷ നൽകിക്കൊ ണ്ടിരുന്ന രോഗി എയ്ഡ്സ് ബാധിതനാണെ ന്നറിഞ്ഞപ്പോൾ രോഗം പകരുമെന്നു പേടിച്ച് കരയുകയും തുടർചികിത്സയ്ക്ക് വിസമ്മതിക്കുകയും ചെയ്ത സംഭവം മാധ്യ മങ്ങൾ റിപ്പോർട്ടുചെയ്തത്.

2011-15 കാലയളവിൽ ലോക എയ്ഡ്സ് ദിനത്തിന്റെ പ്രമേയമായി നിശ്ചയിക്കപ്പെ ട്ടിരിക്കുന്നത് 'എല്ലാം പൂജ്യത്തിലേക്കെത്തി ക്കുക' എന്നതാണ്. പുതിയ എച്ച്.ഐ.വി. ബാധിതരും എയ്ഡ്സുമായി ബന്ധപ്പെട്ട മരണങ്ങളും വിവേചനവും പൂജ്യത്തിലേ ക്കെത്തിക്കുക എന്നതാണ് ഇതുകൊണ്ടു ദ്ദേശിക്കുന്നത്. എയ്ഡ്സ് ബാധ ഇല്ലാതാ ക്കുന്നതിനൊപ്പം രോഗബാധിതർ നേരിടുന്ന വിവേചനവും ഇല്ലാതാക്കുന്നതിന് ലോക മൊട്ടാകെ ഊന്നൽ നൽകുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ഈ വിവേചനത്തിന്റെ ഏറ്റവും വലിയ ഇരകൾ കുട്ടികളാണ്. പ്രത്യേകിച്ചും 15 വയസ്സിനു താഴെയുള്ള വർ. ഇതുമായി ബന്ധപ്പെട്ട ചില കണക്കു കൾ ശ്രദ്ധിക്കുക: ലോകത്താകെ 34 ദശ ലക്ഷം എച്ച്.ഐ.വി./എയ്ഡ്സ് ബാധിത രുണ്ടെന്നാണ് കണക്ക്. ഇതിൽ 3.4 ദശ ലക്ഷം രോഗബാധിതർ 15 വയസ്സിൽ താഴെ യുള്ളവരാണ്. 2011 ൽ പുതുതായി എച്ച്. ഐ.വി ബാധിതരായ 2.5 ദശലക്ഷം പേരിൽ 3,30,000 പേർ 15 വയസ്സിൽ താഴെ യുള്ളവരാണ് (പ്രതിദിനം ഏഴായിരത്തോളം പേർ എച്ച്.ഐ.വി. ബാധിതരാകുന്നു. മണി ക്കൂറിൽ 300 പേർ). 2011 ൽ 1.7 ദശലക്ഷം ആളുകൾ എയ്ഡ്സിനു കീഴടങ്ങി മരണ മടഞ്ഞു. ഇവരിൽ 2,30,000 പേർ 15 വയ സ്സിൽ താഴെയുള്ളവരാണ്. ഇവർ നേരിടുന്ന വിവേചനമാണ് കൂടുതൽ മനുഷ്യത്വരഹി തമായ സംഭവങ്ങളിലേക്കു നയിക്കുന്നത്. കൊല്ലത്തെ ബെൻസി, ബെൻസൺ എന്നീ കുട്ടികൾക്ക് സ്കൂളിൽ വിദ്യാഭ്യാസ അവ സരം നിഷേധിക്കപ്പെട്ട സംഭവമാണ് ഏറെ ചർച്ച ചെയ്യപ്പെട്ടത്. പിന്നീടും എയ്ഡ്സ് ബാധിതരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അവരെ പുറത്താക്കുന്നതു വരെ മറ്റു രക്ഷിതാക്കൾ തങ്ങളുടെ കുട്ടി കളെ അയക്കാൻ വിസമ്മതിക്കുകയും പ്രതി ഷേധിക്കുകയും ചെയ്ത സംഭവങ്ങൾ അവിടവിടെയായി റിപ്പോർട്ട് ചെയ്യപ്പെട്ടു. സർക്കാർ തലത്തിലും ഗവൺമെന്റ് ഇതര സംഘടനകളുടെ തലത്തിലും നടന്ന, ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ശക്ത മായ പ്രചാരണ-ബോധവത്കരണ പ്രവർത്തനങ്ങൾക്കു ശേഷവും ഇത്തരം വിവേചനം കാട്ടാനുള്ള മാനസികാവസ്ഥ പലയിടത്തും നിലനിൽക്കുന്നു.

ഈ വിവേചനത്തിന്റെ മറ്റൊരു വശ മാണ് 'എയ്ഡ്സ് അനാഥർ'. യു.എൻ. എയ്ഡ്സിന്റെ 2012 ലെ കണക്കുകൾ അനു സരിച്ച് പുതിയ എച്ച്.ഐ.വി. ബാധിതരുടെ എണ്ണം പ്രായപൂർത്തിയായവരിൽ 50 ശത മാനം കണ്ട് കുറയ്ക്കുന്നതിൽ ഇന്ത്യ വിജ യിച്ചിട്ടുണ്ട്. എന്നാൽ ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടത് ഈ എയ്ഡ്സ് അനാഥ രുടെ കാര്യത്തിലാണെന്ന് കരുതാം. മാതാ പിതാക്കൾ എയ്ഡ്സ് ബാധയിൽ മരിച്ച, പലപ്പോഴും വൈറസിനെ ഉള്ളിൽ വഹി ക്കുന്നുണ്ടെന്ന വിവരം തിരിച്ചറിയപ്പെടാത്ത വരായ, ചികിത്സ ലഭിക്കാത്തവരായ ഇവർ ലൈംഗികശേഷി ആർജിക്കുന്ന പ്രായത്തി ലുള്ളവരാണെന്ന ഭീഷണി നാം കരുത ലോടെ കാണേണ്ടിയിരിക്കുന്നു. ■

*(ആലപ്പുഴ ഗവ. മെഡിക്കൽ കോളേജിൽ കമ്യൂണിറ്റി മെഡിസിൻ അസോ. പ്രൊഫസറാണ് ലേഖകൻ)*



## കമ്യൂണിറ്റി കെയർ സെന്റർ

ഓരോ 'ഉഷസ്' കേന്ദ്രങ്ങളുമായി ബന്ധ പ്പെടുത്തി കമ്യൂണിറ്റി കെയർ സെന്ററുകൾ പ്രവർത്തിക്കുന്നു. എ.ആർ.ടി. മരുന്നു മുട ങ്ങാതെ കഴിക്കുന്നതിനെക്കുറിച്ചുള്ള കൗൺസിലിംഗ്, കുടുംബാംഗങ്ങളുടെ സഹ കരണവും സഹായവും ഉറപ്പുവരുത്തൽ, ചെറിയ തോതിലുള്ള അവസരജന്യരോഗ ങ്ങൾക്കുള്ള ചികിത്സ എന്നിവയൊക്ക യാണ് കമ്യൂണിറ്റി കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾ. സെന്റ് ജോൺസ് തിരു വനന്തപുരം, അമൃതകൃപാ സാഗർ തിരു വനന്തപുരം, ആശാകിരൺ കോട്ടയം, സ്നേഹതീരം ആലുവ, നസ്രത്ത് കെയർ സെന്റർ പാലക്കാട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ കോഴിക്കോട്, ഹോളി ക്രോസ് കമ്മ്യൂണിറ്റി കെയർ സെന്റർ ചേർത്തല, ആലപ്പുഴ എന്നിവയാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കമ്യൂണിറ്റി കെയർ സെന്ററുകൾ.

## 'പ്രത്യാശ' കൂട്ടായ്മകൾ

എച്ച്.ഐ.വി അണുബാധിതരുടെ കൂട്ടാ യ്മയാണ് പ്രത്യാശ. അണുബാധിതർക്ക് ഒരുമിച്ചു കൂടുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും പ്രത്യാശ കേന്ദ്രങ്ങൾ വേദിയൊരുക്കുക യാണ്. എച്ച്.ഐ.വി അണുബാധിതർക്ക് കൗൺസലിങ് നൽകുക, എയ്ഡ്സി നെയും ചികിത്സാരീതികളെയും പറ്റി പൊതുജനങ്ങൾക്ക് അവബോധം നൽകുക, എച്ച്.ഐ.വി. നിയന്ത്രണവുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അണുബാധിതരായവർക്ക് തൊഴിൽപരിശീ ലന പരിപാടികൾ സംഘടിപ്പിക്കുക എന്നി വയും പ്രത്യാശയുടെ പ്രവർത്തനങ്ങളാണ്.

എച്ച്.ഐ.വി അണുബാധിതർക്ക് പ്രതീക്ഷയുടെ പുത്തൻ സന്ദേശമാണ് പ്രത്യാശ പകർന്നുനൽകുന്നത്. എല്ലാ ജില്ലകളിലും പ്രത്യാശ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### 'പുലരി' ചികിത്സാ കേന്ദ്രങ്ങൾ

പുലരി കേന്ദ്രങ്ങളിലൂടെ ജനനേന്ദ്രിയ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു. സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളിലും പുലരി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആകെ 21 പുലരി കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്.

### 'സുരക്ഷ' പദ്ധതി

എച്ച്.ഐ.വി അണുബാധാസാധ്യത കൂടുതലുള്ള പ്രത്യേക ലക്ഷ്യഗ്രൂപ്പുകൾക്കിടയിൽ പ്രവർത്തിക്കുന്ന സുരക്ഷ പദ്ധതികൾ, അണുബാധാ വ്യാപനം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ലക്ഷ്യഗ്രൂപ്പുകളിൽ

■ **ഉമ്മർ അറയ്ക്കൽ**




# സീറോ പോസിറ്റീവ് അഥവാ എയ്ഡ്സ് വിമുക്ത മലപ്പുറം

എച്ച്.ഐ.വി. പിടിപെടാൻ സാധ്യതയുള്ളവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സഹായത്തോടെ സമഗ്രമായ പദ്ധതി തയാറാക്കിയ ഇന്ത്യയിലെ ആദ്യ പ്രാദേശിക ഭരണകൂടമെന്ന ബഹുമതി മലപ്പുറം ജില്ലാ പഞ്ചായത്തിനു സ്വന്തം. 2007 ൽ സുരക്ഷ എന്ന പേരിൽ ജില്ലാ പഞ്ചായത്ത് ആരംഭിച്ച ഈ പദ്ധതി വിജയകരമായി അഞ്ചു വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. എച്ച്.ഐ.വി. അണുബാധ സാധ്യത കൂടുതലുള്ള പ്രത്യേക ലക്ഷ്യ ഗ്രൂപ്പുകൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ മറ്റെല്ലാ പ്രദേശങ്ങളിലും സന്നദ്ധ സംഘടനകളും സി.ബി.ഒകളുമാണ് ഏറ്റെടുത്തു നടത്തുന്നത്. ഒരു പഞ്ചായത്തീരാജ് സ്ഥാപനം

പെടുന്നവരുടെ എച്ച്.ഐ.വി അണുബാധാ ഭീഷണി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളും, പെരുമാറ്റവ്യതിയാനം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് സുരക്ഷ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. സ്ത്രീ ലൈംഗികതൊഴിലാളികൾ, പുരുഷ സ്വവർഗാനുരാഗികൾ, മയക്കുമരുന്നു കുത്തി വയ്ക്കുന്നവർ തുടങ്ങിയവർക്കിടയിലൊക്കെ സുരക്ഷ പദ്ധതിയുടെ പ്രവർത്തനം എത്തുന്നു. ലക്ഷ്യഗ്രൂപ്പുകളിൽ പെടുന്നവർ അംഗങ്ങളായുള്ള സാമൂഹ്യാധിഷ്ഠിതസംഘടനകൾ തന്നെയാണ് പല സുരക്ഷ പദ്ധതികളും നടപ്പിലാക്കുന്നത്. മാന്യമായ ജീവിതത്തിനാവശ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനവും ഇത്തരം പദ്ധതികളിലൂടെ നൽകിവരുന്നുണ്ട്.

**സന്നദ്ധ രക്തദാനം**

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രത്യേക പരിഗണന നൽകുന്നുണ്ട്. എച്ച്.ഐ.വി പോലെയുള്ള അണുബാധകൾ രക്തത്തിലൂടെ പകരുന്നതിനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. ഈ സാഹചര്യത്തിൽ സുരക്ഷിത രക്തം ലഭ്യമാക്കുക എന്നത് പ്രാധാന്യമുള്ള കാര്യമാണ്. സന്നദ്ധ രക്തദാനത്തിൽ ഏറെ പിന്നിലാണു കേരളം. ഒരു വർഷം ശരാശരി മൂന്നു ലക്ഷം യൂണിറ്റ് രക്തം ആവശ്യമായ സ്ഥാനത്ത് സന്നദ്ധ രക്തദാനത്തിലൂടെ ലഭിക്കുന്നത് ഒരു ലക്ഷത്തിൽ താഴെ യൂണിറ്റുകൾ മാത്രമാണ്. ഈ വർഷം ആദ്യം മുതൽ കേരള സംസ്ഥാന എ

> എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ പല പ്രവർത്തനങ്ങളും രാജ്യത്തിനുതന്നെ മാതൃകയാണ്. എച്ച്.ഐ.വി അണുബാധിതരുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ സൗജന്യമായി നൽകിതുടങ്ങുന്നതിനു മുമ്പു തന്നെ കേരളത്തിൽ സർക്കാർ സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിരുന്നു. എച്ച്.ഐ.വി നിയന്ത്രണ രംഗത്ത് കാര്യമായ നേട്ടം കൈവരിക്കാനും കേരളത്തിനു സാധിച്ചിട്ടുണ്ട്.




ഇത്തരമൊരു പദ്ധതി ഏറ്റെടുത്തു നടത്തുവാൻ മുന്നോട്ടുവന്നത് മലപ്പുറം ജില്ലാ പഞ്ചായത്ത് മാത്രമാണ്. ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികക്ഷേമ-ജീവകാരുണ്യ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുത്തു നടപ്പിലാക്കി വിജയിച്ച ആത്മവിശ്വാസത്തിന്റെ പിൻബലത്തിലാണ് 'സുരക്ഷ' പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത്. വീടുകളിൽ കിടപ്പിലായ രോഗികൾക്കുവേണ്ടി 'പരിരക്ഷ' പദ്ധതി, ശാരീരിക-മാനസിക ബൗദ്ധിക വൈകല്യങ്ങളുള്ള കുട്ടികൾക്ക് 'പ്രതീക്ഷ' പദ്ധതി, വൃക്കരോഗികൾക്ക് ആശ്വാസ-ധനസഹായ പദ്ധതി, അന്ധർക്ക് 'ബ്രെയിൽ ലിറ്ററസി' പദ്ധതി, ആദിവാസികൾക്ക് 'കാനനജ്യോതി' സുരക്ഷാപദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് 'തീരജ്യോതി' സാക്ഷരതാപദ്ധതി തുടങ്ങിയ വേറിട്ട പ്രവർത്തനങ്ങളിലൂടെ ഇന്ത്യയിലെ പ്രാദേശിക സ്വയംഭരണകൂടങ്ങൾക്ക് മാതൃകയായി നിലകൊണ്ട മുൻ അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് സ്റ്റേറ്റ് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മലപ്പുറം ജില്ലാ പഞ്ചായത്തിനെ ഇത്തരമൊരു പദ്ധതിയുടെ നിർവഹണ ചുമതല ഏൽപ്പിച്ചത്.

സ്ത്രീ ലൈംഗിക തൊഴിലാളികൾ, പുരുഷ സ്വവർഗരതിക്കാർ എന്നിവർക്കായി രണ്ടു വ്യത്യസ്ത പ്രോജക്ടുകളാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവരെ നിരന്തരമായി പിന്തുടർന്ന് അവരുടെ അപകടകരമായ ജീവിതസാഹചര്യങ്ങളിലും പെരുമാറ്റങ്ങളിലും സ്വഭാവ വ്യതിയാനം നടത്തി സുരക്ഷിതവും ആരോഗ്യകരവുമായ ജീവിതശൈലിയിലേക്ക് മാറ്റിക്കൊണ്ടു വരുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് പ്രോജക്ടിന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുന്നത്. സുരക്ഷാ എം.എസ്.എം പദ്ധതി, സുരക്ഷ എഫ്.എസ്.ഡബ്ല്യു. പദ്ധതി എന്നിങ്ങനെ രണ്ടു പ്രോജക്ടുകളാണ് നിലവിലുള്ളത്. എം.എസ്.എം. പ്രോജക്ട് സ്വവർഗരതിക്കാരായ പുരുഷന്മാർക്കും എഫ്.എസ്.ഡബ്ല്യു. പ്രോജക്ട് ലൈംഗിക തൊഴിലാളികളായ സ്ത്രീകൾക്കും വേണ്ടിയുള്ളതുമാണ്.

എയ്ഡ്സ് രോഗബാധ കണ്ടെത്തുന്നതിനുള്ള വളരെ ചെലവേറിയ എച്ച്.ഐ.വി. പരിശോധന ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി നടത്തിക്കൊടുക്കുന്നു. മറ്റു ലൈംഗികരോഗങ്ങളുടെ ചികിത്സകളും മരുന്നുകളും രോഗപ്രതിരോധ ഉപകരണങ്ങളുടെ വിതരണവും സൗജന്യമായി നടന്നുകൊണ്ടിരിക്കുന്നു. പദ്ധതി ഗുണഭോക്താക്കൾക്കുള്ള കൗൺസിലിങ്, രോഗബാധിച്ചവർക്ക് സമൂഹത്തിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സഹായിക്കുന്ന സാമൂഹികബോധവത്കരണ പരിപാടികൾ തുടങ്ങിയവയും സുരക്ഷാപദ്ധതിയുടെ ഭാഗമായി വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നു.


ലൈംഗികതൊഴിലാളികളെ കൗൺസിലിങ്, ബോധവത്കരണം തുടങ്ങിയവയിലൂടെ വഴിവിട്ട ബന്ധങ്ങളിൽനിന്ന് വേർപെടുത്തുകയും സന്മാർഗജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയും അവർക്ക് സമൂഹ ഭ്രഷ്ട് കൽപ്പിക്കുന്നതു മൂലമുണ്ടാവുന്ന ഒറ്റപ്പെടലും അരക്ഷിത ബോധവും പരിഹരിക്കുന്നതിന് സ്വയംതൊഴിൽ ദിശീലനം നൽകി ഉപജീവനത്തിനുള്ള മാർഗം കണ്ടെത്തുവാൻ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങളുമുണ്ട്. മുയൽ വളർത്തൽ, കാറ്ററിങ് യൂണിറ്റ്, ടൈലറിങ് യൂണിറ്റ്, സോപ്പ് നിർമാണ യൂണിറ്റ്, ഡാൻസ് ക്ലാസ് തുടങ്ങിയ സംരംഭങ്ങളാണ് സ്വഭാവ വ്യതിയാനം സംഭവിച്ചവരുടെ ഉന്നമനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ. പദ്ധതിയുടെ ഗുണഭോക്താക്കളുടെ മക്കൾക്കുവേണ്ടിയും വിവിധ സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. പ്രോജക്ടിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി സ്വഭാവവ്യതിയാനം സംഭവിച്ച സ്ത്രീകളുടെയും പുരുഷന്മാരുടെയും ഒത്തുചേരലുകളും അവരുടെ കുടുംബങ്ങളുടെ സംയുക്ത സംഗമവും സംഘടിപ്പിക്കപ്പെടാറുണ്ട്.

രണ്ടു പ്രോജക്ടുകളിലായി നൂറിൽപ്പരം ജീവനക്കാരാണു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 'സീറോ പോസിറ്റീവ്' എന്ന ലക്ഷ്യത്തോടെ എയ്ഡ്സ് വിമുക്ത മലപ്പുറം യാഥാർഥ്യമാക്കുവാൻ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. ■

*(മലപ്പുറം ജില്ലാപഞ്ചായത്ത് അംഗമാണ് ലേഖകൻ)*

യ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന പ്രത്യേക കർമപദ്ധതിയുടെ ഫലമായി സന്നദ്ധ രക്തദാനത്തിൽ വൻ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഏറെ വൈകാതെ ആവശ്യമായ രക്തമത്രയും സന്നദ്ധ രക്തദാനത്തിലൂടെ ലഭ്യമാക്കുന്ന സ്ഥിതിവിശേഷം കേരളത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും കേരള സ്റ്റേറ്റ് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. സന്നദ്ധ സംഘടനകൾക്കും സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് താത്പര്യമുള്ള ഇതര സംഘടനകൾക്കും sbtckerala@gmail.com എന്ന വിലാസത്തിലോ മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ, ഐ.പി.പി ബിൽഡിങ്, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം-35 എന്ന വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.




## റെഡ് റിബൺ ക്ലബ്ബുകൾ

കേളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ വിദ്യാർഥികൾക്കിടയിൽ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നുണ്ട്. കൂടാതെ ജീവിത നൈപുണ്യം കൈവരിക്കുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബ്ബുകൾ നടത്തിവരുന്നത്. കേരളത്തിലെ കൂടുതൽ കോളേജുകളിൽ റെഡ് റിബൺ ക്ലബ്ബുകൾ ആരംഭിക്കുവാൻ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടപടികളെടുത്തുവരികയാണ്.

എച്ച്.ഐ.വി അണുബാധിതർക്കും എയ്ഡ്സ് ബാധിതർക്കും സർക്കാർ ആശുപത്രികളിൽ മതിയായ ചികിത്സ ഉറപ്പുവരുത്തുന്നതും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ചുമതലയാണ്. എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ പല പ്രവർത്തനങ്ങളും രാജ്യത്തിനുതന്നെ മാതൃകയാണ്. എച്ച്.ഐ.വി അണുബാധിതരുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ സൗജന്യമായി നൽകിതുടങ്ങുന്നതിനു മുമ്പു തന്നെ കേരളത്തിൽ സർക്കാർ സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിരുന്നു. എച്ച്ഐ.വി നിയന്ത്രണ രംഗത്ത് കാര്യമായ നേട്ടം കൈവരിക്കാനും കേരളത്തിനു സാധിച്ചിട്ടുണ്ട്. എന്നാൽ അലസതപാടില്ലെന്നും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ ഉണ്ടായില്ലെങ്കിൽ കേരളവും അപകട ഭീഷണിയിലാണെന്നുമാണ് മനസിലാക്കേണ്ടത്. ■

*(കേരളസംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഡോക്കുമെന്റേഷൻ & പബ്ലിസിറ്റി വിഭാഗം അസി. ഡയറക്ടറാണ് ലേഖിക)*

# സർക്കാർതലത്തിലെ പ്രവർത്തനങ്ങൾ

KSACS

എയ്ഡ്സ് നിയന്ത്രണം, എച്ച്.ഐ.വി അണുബാധിതരുടെ പരിചരണം, ചികിത്സ തുടങ്ങിയ മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിൽ പ്രധാനപ്പെട്ടത് എയ്ഡ്സ് ബാധിതർക്കായി സംസ്ഥാന സർക്കാർ നൽകുന്ന പെൻഷനാണ്. ചികിത്സയിലിരിക്കുന്ന അണുബാധിതന് പ്രതിമാസം 400 രൂപ നൽകുകയും അണുബാധിതൻ മരിക്കുകയാണെങ്കിൽ ആശ്രിതർക്ക് ആ തുക പ്രതിമാസം നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ ചികിത്സയ്ക്കായുള്ള യാത്രാ ചെലവിനായി പ്രതിമാസം 12 രൂപയും നൽകിവരുന്നു. ഏകദേശം ആറായിരത്തോളം അണുബാധിതർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്.

അണുബാധിതരുടെ മാനുഷികവും നിയമാനുസൃതവുമായിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സൗജന്യ നിയമ സഹായം ലഭിക്കുന്നതിനുമായി ലീഗൽ എയ്ഡഡ് ക്ലിനിക്കുകളുണ്ട്. കെൽസയുമായി ചേർന്നുകൊണ്ടാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഈ പദ്ധതി നടത്തുന്നത്.

ഡോ. കിരൺ പി.എസ്.

# സാമൂഹികാധിഷ്ഠിത മനോരോഗ ചികിത്സ

## വിജയവീഥിയിൽ തിരുവനന്തപുരം മാതൃക

**സാമൂഹികാധിഷ്ഠിത മനോരോഗചികിത്സാ രംഗത്ത് ചിട്ടയാർന്ന പ്രവർത്തനങ്ങളിലൂടെ ലോകാരോഗ്യ സംഘടനയുടെ തന്നെ ശ്രദ്ധനേടിയ തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ സവിശേഷതകളും പ്രവർത്തനരീതികളും**

മനോരോഗ ചികിത്സ നൂറ്റാണ്ടുകളായുള്ള പരിവർത്തനങ്ങളിലൂടെയും സംസ്കരണത്തിലൂടെയുമാണ് ഇന്ന് നാം കാണുന്ന ശാസ്ത്രീയ ചികിത്സാ രൂപത്തിലെത്തിയത്. ആദിമകാലത്തെ പ്രാകൃതവും, ക്രൂരവുമായ ചികിത്സാവിധികളിൽ നിന്നും രോഗിയുടെ അവകാശങ്ങളെ പരിഗണനയിലെടുക്കുന്നതുവരെ കാലം ബഹുദൂരം മുന്നോട്ടുപോകേണ്ടിവന്നു. മനോരോഗചികിത്സാരംഗത്തെ തന്നെ മാറ്റിമറിച്ച ആദ്യത്തെ 'മനോരോഗ ഔഷധത്തിന്റെ' കണ്ടുപിടിത്തം 1950 കളിലായിരുന്നു. ഔഷധ ചികിത്സയോടൊപ്പംതന്നെ പാർശ്വവത്കരിക്കപ്പെട്ടിരുന്ന രോഗികളുടെ പുനരുജ്ജീവനം എന്ന





ആശയം മുൻനിർത്തി അറുപതുകളിൽ ഉടലെടുത്ത 'സാമൂഹികാധിഷ്ഠിത മനോരോഗ ചികിത്സ' അഥവാ 'കമ്മ്യൂണിറ്റി സൈക്യാട്രി' എന്ന ശാഖ അതുവരെ നിലനിന്നിരുന്ന അബദ്ധജടിലമായ വിശ്വാസങ്ങളും ചികിത്സാരീതികളും ഏറെക്കുറെ സമൂഹത്തിൽ നിന്ന് തുടച്ചുമാറ്റാൻ സഹായകമായി.

മനോരോഗികളോടും ചികിത്സാരീതികളോടും യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമല്ലാത്ത ഒരു ചിത്രം തന്നെയാണ് ഇന്ത്യയ്ക്കും നൽകാനുണ്ടായിരുന്നത്. 1982- ൽ ലോകാരോഗ്യ സംഘടനയുടെ (WHO) മാർഗനിർദ്ദേശപ്രകാരം ഇന്ത്യ ദേശീയ മാനസികാരോഗ്യ പരിപാടി (NMHP) ആരംഭിച്ചപ്പോൾ, മനോരോഗചികിത്സയും സാമൂഹികവത്കരിക്കപ്പെടുകയായിരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി മനോരോഗ ചികിത്സ സമൂഹത്തിന്റെ എല്ലാ തലങ്ങളിലേയ്ക്കുമെത്തിക്കുക, തന്മൂലം സാമൂഹിക പരിഷ്കരണത്തിലൂടെ ജീവിതനിലവാരം ഉയർത്തുക, തുടങ്ങിയ ആശയങ്ങളിലൂന്നിയാണ് ഇത് പ്രവർത്തനമാരംഭിച്ചത്.

## ജില്ലാമാനസികാരോഗ്യപരിപാടി (DMHP) തിരുവനന്തപുരം

ദേശീയ മാനസികാരോഗ്യ പരിപാടിയുടെ (NMHP) യുടെ കീഴിൽ കേരളത്തിലാദ്യമായി 1999 ൽ തിരുവനന്തപുരത്ത് ആരംഭിച്ച ഈ പരിപാടി കാര്യക്ഷമമായും ചിട്ടയായുമുള്ള പ്രവർത്തനശൈലികൊണ്ട് ലോകാരോഗ്യസംഘടനയുടെ പ്രശംസ പിടിച്ചുപറ്റുകയുണ്ടായി. അർപ്പണമനോഭാവത്തോടെയുള്ള ഒരുപറ്റം ജീവനക്കാരുടെ കൂട്ടായ പ്രവർത്തനം മനോരോഗചികിത്സാരംഗത്ത് ഒരു "തിരുവനന്തപുരം മോഡൽ" സൃഷ്ടിച്ചിരിക്കുകയാണ് ഈ പദ്ധതിയിലൂടെ.

## ജില്ലാ മാനസികാരോഗ്യ പരിപാടി നൽകുന്ന സേവനങ്ങൾ

1. മനോരോഗ ചികിത്സ
2. ഗവൺമെന്റ് ആശുപത്രികളിലെ ഡോക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർക്ക് മനോരോഗത്തെക്കുറിച്ചും, ചികിത്സയെക്കുറിച്ചുമുള്ള പരിശീലനം.
3. ബോധവത്കരണം, വിദ്യാഭ്യാസം, ആശയവിനിമയം

## മനോരോഗ ചികിത്സ

തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ ഉൾപ്പെടെ 30 ഓളം കേന്ദ്രങ്ങളിൽ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തിവരുന്നു.

സൈക്യാട്രിസ്റ്റ് (ഡോക്ടർ), ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സൈക്യാട്രിക് നഴ്സ് എന്നിവരടങ്ങുന്ന മാനസികാരോഗ്യ ചികിത്സാസംഘം മാസത്തിൽ ഒരു തവണ ഈ കേന്ദ്രങ്ങൾ സന്ദർശിച്ച്, ഡോക്ടർമാർ റഫർ ചെയ്ത രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നു. തിരുവനന്തപുരം ജില്ലയിൽ 14397ത്തോളം രോഗികൾ ഇതിനോടകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച സമയത്ത്, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഏകദേശം 2000 ത്തോളം രോഗികളെ കിടത്തി ചികിത്സിച്ചിരുന്നുവെങ്കിൽ ഇന്ന് അത് 400-500 ആയി കുറയ്ക്കാൻ സാമൂഹികാധിഷ്ഠിത മനോരോഗചികിത്സവഴി സാധിച്ചു. മനോരോഗ ലക്ഷണങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് രോഗിയുടെ വാസസ്ഥലത്തിനടുത്തുതന്നെ ചികിത്സ ലഭ്യമാക്കാൻ സാധിക്കുന്നു എന്നതാണ് ഈ പരിപാടിയുടെ എടുത്തുപറയത്തക്ക നേട്ടം.

ദേശീയ മാനസികാരോഗ്യ പരിപാടിയുടെ നിർദ്ദേശമനുസരിച്ച് 2011 ഏപ്രിൽ മാസം മുതൽ 'മനോരോഗചികിത്സ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി' എന്ന ആശയം പ്രാവർത്തികമാക്കാനുള്ള നടപടികളാരംഭിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ (PHC), സാമൂഹികാരോഗ്യകേന്ദ്രങ്ങൾ (CHC), താലൂക്ക് ആശുപത്രികൾ (THQH) എന്നിവിടങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ, ഫീൽഡ് സ്റ്റാഫുകൾ, ആശ അംഗൻവാടി പ്രവർത്തകർ തുടങ്ങിയവർക്ക് മാനസികാരോഗ്യ പരിശീലനം നൽകുകയും 2012 ഏപ്രിൽ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ ആഴ്ചതോറും മനോരോഗക്ലിനിക്കുകൾ നടത്തുകയും, വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ മാനസികാരോഗ്യ പരിപാടിയിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. അതത് പി.ച്ച്.സി./സി.എച്ച്.സി./ടി.എച്ച്.ക്യു.എച്ച്.ലെ ഫാർമസികൾ വഴി രോഗികൾക്കായുള്ള മരുന്നുകൾ വിതരണം ചെയ്യാൻ യോഗ്യമാക്കുകയും ചെയ്തു.

രോഗികളുടെ പൊതുവിവരങ്ങളും മുമ്പ് പാലിച്ചിരുന്ന ചികിത്സാവിവരങ്ങളുമടങ്ങിയ കേസ് റെക്കോർഡുകൾ തയ്യാറാക്കി ഓരോ പ്രാഥമികാരോഗ്യകേന്ദ്രത്തിലും സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ രോഗികളെ ചികിത്സാകാലയളവിൽതന്നെ NREGS (ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി) തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങളിൽ തൊഴിൽ ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതുവഴി സമൂഹമധ്യത്തിലേയ്ക്ക് തിരികെകൊണ്ടുവരാനും സാധിക്കുന്നു.

ജില്ലാ മാനസികാരോഗ്യപരിപാടിക്ലിനിക്കുകൾ നടത്തുന്ന PHC / CHC / THQH കൂടാതെ തിരുവനന്തപുരം ജില്ലയിലെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ചികിത്സ ലഭ്യമാക്കുക എന്നതാണ് അടുത്ത പടി.

## ബോധവത്കരണം, വിദ്യാഭ്യാസം, ആശയവിനിമയം

മനോരോഗത്തെക്കുറിച്ചും, ചികിത്സാമാർഗങ്ങളെക്കുറിച്ചും ഇന്നും നിലനിൽക്കുന്ന അജ്ഞത തന്നെയാണ് ഈ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി. ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുക ഒന്നുകൊണ്ടുമാത്രമെ, ഈ മേഖലയിൽ പുരോഗതി കൈവരിക്കാനാവൂ. ഇതിന്റെ ഭാഗമായി ജില്ലാ മാനസികാരോഗ്യ പരിപാടി, തിരുവനന്ത



പുരം. അതിന്റെ പ്രവർത്തനമേഖലകളെ താഴെപ്പറയുന്ന രീതിയിൽ തരംതിരിച്ചിരിക്കുന്നു.

## 'തളിര്' സ്കൂൾ മാനസികാരോഗ്യ പരിപാടി

സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രമാനസികാരോഗ്യം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന പരിപാടിയാണിത്. ജില്ലാ മാനസികാരോഗ്യ പരിപാടിയെ സ്കൂൾ തലത്തിൽ ബന്ധിപ്പിക്കുന്ന കണ്ണികളാണ് സ്കൂൾ ജെ.പി. എച്ച്.എൻ.മാരും, കൗൺസിലർമാരും, ഇവർക്കായി പരിശീലന ക്ലാസുകൾ നൽകുകയും പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ വഴി കുട്ടികളിലേക്ക് ഈ ആശയം എത്തിക്കുകയും ചെയ്യുന്നു.

'സ്കൂൾ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിവിധികളും'-തളിര് എന്ന ലഘുപുസ്തകം ഇതിനോടകം ജില്ലാ മാനസികാരോഗ്യപരിപാടി പുറത്തിറക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയുടെ വിവിധ ഭാഗങ്ങളിലെ 27 സ്കൂളുകളിലായി 6065 ഓളം കുട്ടികൾക്ക് മാനസികാരോഗ്യ അവബോധ ക്ലാസ്സുകൾ ഇതിനോടകം സംഘടിപ്പിക്കുകയും ചെയ്തു. ക്ലാസ്സുകൾ നടത്തുന്നതിനായി തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തു.

കുട്ടികളിലെ പെരുമാറ്റ/വൈകാരിക പ്രശ്നങ്ങൾ, ലഹരി ഉപയോഗം, ആത്മഹത്യാ പ്രവണത, ജീവിത നിപുണതാ വിദ്യാഭ്യാസം, സ്ട്രെസ്സ് മാനേജ്മെന്റ് തുടങ്ങിയവയാണ് ഈ ക്ലാസ്സുകളിൽ കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങൾ. വിദഗ്ധ പരിശോധനയും ചികിത്സയും ആവശ്യമുള്ള കുട്ടികൾക്കായി സ്കൂളുകളിൽ ക്യാംപുകളും നടത്തുന്നുണ്ട്.

## 'തണൽ' - വയോജന മാനസികാരോഗ്യ പരിപാടി

വൃദ്ധജനങ്ങൾക്കിടയിലെ ഒറ്റപ്പെടൽ, മാനസിക രോഗങ്ങൾ, മറവിരോഗം തുടങ്ങിയവയ്ക്കായി ക്യാംപുകൾ സംഘടിപ്പിയ്ക്കുക, ബോധവത്കരണ ക്ലാസ്സുകൾ, ലഘുലേഖകൾ തുടങ്ങിയവയിലൂടെ അവബോധം സൃഷ്ടിക്കുകയുമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ ക്ലിനിക്കിലേക്ക് റഫർ ചെയ്ത് ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു.

## ആത്മഹത്യ പ്രതിരോധ പരിപാടി (ജീവരക്ഷ), ലഹരി വിരുദ്ധ ബോധവത്കരണ പരിപാടി (മുക്തി)

കേരളത്തിലെ വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗത്തിനും ആത്മഹത്യക്കുമെതിരായി തെരുവുനാടകങ്ങളിലൂടെയും ബോധവത്കരണ ക്ലാസ്സുകളിലൂടെയും ഇതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രചാരണം നടത്തുകയും, അതുവഴി ഓരോ വ്യക്തിയുടെയും




സാമൂഹിക പ്രതിബദ്ധത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണീ പരിപാടികൊണ്ടുദ്ദേശിക്കുന്നത്.

## 'ബോധന' - സമ്മർദ നിയന്ത്രണ പരിപാടി

ജീവിതശൈലിയും തൊഴിൽമേഖലയുമെല്ലാം ഇന്ന് ആരോഗ്യ/മാനസിക സമ്മർദ്ദങ്ങൾ ഉണ്ടാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ഇതിന്റെ ഭാഗമായി ജില്ലയിലെ ഓരോ കോളേജിലും ഓരോ സ്ട്രെസ്സ് മാനേജ്മെന്റ് യൂണിറ്റുകൾ അതത് കോളേജുകളിലെ സൈക്കോളജി / സോഷ്യോളജി ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് നടപ്പാക്കുന്നു. ഈ യൂണിറ്റുകൾ ജില്ലാ മാനസികാരോഗ്യപരിപാടിയുടെ, പ്രാഥമിക സ്ട്രെസ്സ് മാനേജ്മെന്റ് യൂണിറ്റുകളായി പ്രവർത്തിച്ച് കൗൺസലിംഗ് നൽകുകയും, വിദഗ്ധ പരിശോധന. ആവശ്യമുള്ളവരെ ക്ലിനിക്കുകളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ, തുടങ്ങിയവ ബ്ലോക്ക്/ ഗ്രാമ പഞ്ചായത്ത് തലങ്ങൾ, ആശ അംഗൻവാടി, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയും ഈ മാനസികാരോഗ്യ ബോധവത്കരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 'സാന്ത്വനം' - സാമൂഹ്യാധിഷ്ഠിത പുനരധിവാസകേന്ദ്രം

മനോരോഗചികിത്സയിൽ ഒട്ടനവധി മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ചികിത്സയിലൂടെ രോഗത്തിൽ നിന്ന് മുക്തി നേടിയവരുടെ പുനരധിവാസം ഇന്നും പ്രയാസമേറിയതു തന്നെയാണ്. ഇത്തരം രോഗികളെ തൊഴിൽ പരിശീലിപ്പിക്കുന്നതിലൂടെ രോഗിയിൽ ആത്മവിശ്വാസവും, സ്വാശ്രയത്വവും കൈവരുന്നു. തന്മൂലം രോഗത്തിൽനിന്ന് മോചനം നേടാൻ സഹായകമാവുകയും ചെയ്യുന്നു.

ജില്ലാ മാനസികാരോഗ്യ പരിപാടി, മംഗലപുരം പി.എച്ച്.സി.യിൽ "സാന്ത്വനം" തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കുകയും മെഡിസിൻ കവർ നിർമാണം, തയ്യൽ തുടങ്ങിയവയിൽ പരിശീലനം നൽകുകയും ചെയ്യുന്നു.

## തെരുവുനാടകം


മാനസികാരോഗ്യ ബോധവത്കരണത്തിനായി 'മനസ്സിനാരോഗ്യം മനുഷ്യനാരോഗ്യം' എന്ന തെരുവുനാടകം തിരുവനന്തപുരം ജില്ലയുടെ 58 കേന്ദ്രങ്ങളിലായി ഇതിനോടകം സംഘടിപ്പിച്ചു. ഏറെ ജനശ്രദ്ധയാകർഷിച്ച ഈ പരിപാടി മാനസികരോഗ ബോധവത്കരണത്തിന്റെ ശക്തമായ ഒരു മാധ്യമമായാണ് കണക്കാക്കുന്നത്. ഇത് കൂടാതെ പൊതുജനങ്ങൾക്ക് മാനസികാരോഗ്യത്തെക്കുറിച്ചുള്ള സംശയനിവാരണത്തിനായി, ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനങ്ങളും വിവരങ്ങളുമടങ്ങിയ ഒരു വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ കണ്ണികളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കൂട്ടായ പ്രവർത്തനമാണ്. ഈ ഉദ്യമത്തിനായി പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ആതുരസേവകർ, സർക്കാർ ജീവനക്കാർ തുടങ്ങിയവരെയെല്ലാം ഒരേ കുടക്കീഴിൽ കൊണ്ടുവന്നാണ് "മാനസികാരോഗ്യമുള്ള സമൂഹം" എന്ന ആശയം പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നത്. മനോരോഗ ചികിത്സ ജനകീയവും കാലികവുമാക്കാൻ കഴിഞ്ഞതും പൊതുജനമധ്യത്തിൽ നിന്ന് കിട്ടുന്ന പിന്തുണയും തന്നെയാണ് ഈ പരിപാടിക്ക് മുന്നോട്ടുപോകാനുള്ള ഊർജം. ■

*(തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടി നോഡൽ ഓഫീസറാണ് ലേഖകൻ)*

■ ചവറ അപ്പുക്കുട്ടൻ പിള്ള

ഇരയിമ്മൻതമ്പിയുടെ
230-ാം ജന്മവാർഷികം



# അലയടിച്ചുയരുന്ന പദലഹരി



സംഗീതസദസ്സുകളിലും കഥകളിയരങ്ങിലും നൃത്തവേദികളിലും, രാജസദസ്സിലും അമ്മമാരുടെ താരാട്ടുപാട്ടിലും ശൃംഗാരപദലഹരിയുടെ ഭാവഗീതങ്ങളിൽ ഉറയുന്ന താളത്തിലും നിറഞ്ഞുനിൽക്കുന്ന സാന്നിധ്യമാണ് ഇരയിമ്മൻ തമ്പി. അതിപ്പോഴും നവ്യാനുഭവമായി അനുസ്യൂതം അലയടിക്കുന്നു. ഇരയിമ്മൻതമ്പി എന്ന നാമം കേൾക്കാത്തവരായി മലയാളികൾ ഇന്നാരുമില്ല. ഉത്തരാ സ്വയംവരം കഥകളി കാണുവാൻ എന്ന നാദസുധയൊഴുകുന്ന ഒരു ചലച്ചിത്രഗാനത്തിലും ഈ നാമം ഇപ്പോഴും പ്രതിധ്വനിക്കുന്നുണ്ട് എന്നതും ജനകീയ പ്രതിഭാസമാണ്.

ഗാനരചയിതാവ്, സംഗീതജ്ഞൻ, ആട്ടക്കഥാ കാവ്യകൃത്ത്, ആസ്ഥാന കവി, നാടുവാണിരുന്ന മഹാരാജാവ് സ്വാതിതിരുനാളിന്റെ പ്രിയ 'തമ്പിമാമൻ', സർവോപരി സംസ്കാരസമ്പന്നൻ എന്നിങ്ങനെ വിവിധ മുഖങ്ങളിൽ തിളങ്ങിയിരുന്ന വ്യക്തിത്വമാണ് തമ്പിയുടേത്. പുരന്ദരദാസൻ, ത്യാഗരാജസ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രി, സ്വാതിതി



രുനാൾ എന്നീ വാഗ്ഗേയകാരന്മാരുടെ പേരുകൾക്കൊപ്പം ഓർക്കപ്പെടുന്ന പേരുതന്നെയാണ് ഇരയിമ്മൻ തമ്പി.

കഥകളിയുടെ ഉപജ്ഞാതാവ് കൊട്ടാരക്കരത്തമ്പുരാൻ, നാട്യാചാര്യനായ കവി കോട്ടയത്തു തമ്പുരാൻ, കവിവര്യൻ ഉണ്ണായിവാര്യർ എന്നീ ആട്ടക്കാവ്യകാരന്മാർക്കൊപ്പം തന്നെയാണ് ഇരയിമ്മൻ തമ്പിയുടെ പേരും എണ്ണുന്നത്.

കാർത്തിക തിരുനാൾ രാമവർമ മഹാരാജാവിന്റെ അനുജൻ മകയിരം തിരുനാൾരവിവർമയുടെ മകൾ പാറുക്കുട്ടിത്തങ്കച്ചിയുടെയും ചേർത്തല നടുവിലെ കോവിലകത്തു കേരളവർമ തമ്പാന്റെയും മകനായി കൊല്ലവർഷം 956 തുലാമാസം 18ന് (നവംബർ 1782) പൂരുരുട്ടാതി നക്ഷത്രത്തിൽ രവിവർമതമ്പി എന്ന ഇരയിമ്മൻ തമ്പി തിരുവനന്തപുരത്തു ജനിച്ചു. കല്ലട നിന്നും കുടിയേറിപ്പാർത്ത പൂർവികരുടെ കുടുംബമായ വിളവങ്കോട്ടു താലൂക്കിലെ ഇടയ്ക്കോടു പുളിയറത്തല ഭവനത്തിലും കരമന ആണ്ടിയിറക്കത്തു പുതുമന തറവാട്ടിലുമായി താമസിച്ചിരുന്ന തമ്പി സ്വാതി തിരുനാളിന്റെ കാലമായപ്പോഴേക്കും തിരുവനന്തപുരത്തു വിറകുപുരകോട്ടയ്ക്കു സമീപമുള്ള കിഴക്കേമഠം ഭവനമാണ് വാസഗൃഹമായി ഉപയോഗിച്ചിരുന്നത്. കാർത്തികതിരുനാൾ, അശ്വതി തിരുനാൾ, റാണി ഗൗരി ലക്ഷ്മീഭായ്, റാണി ഗൗരി പാർവതി ഭായ്, സ്വാതിതിരുനാൾ, ഉത്രം തിരുനാൾ എന്നിങ്ങനെ ആറു തിരുവിതാംകൂർ ഭരണാധികാരികളുമായി ബന്ധപ്പെട്ടതായിരുന്നു തമ്പിയുടെ സാംസ്കാരിക ജീവിതം.

അസാധാരണ കവനവൈഭവം പുലർത്തിയിരുന്ന രവിവർമതമ്പി കൗമാരത്തിലേ തന്റെ കഴിവുകൾ തെളിയിക്കുന്ന രചനാപാടവം പ്രദർശിപ്പിച്ചിരുന്നത് കാർത്തിക തിരുനാളിന്റെയും മറ്റു ശ്രദ്ധയാകർഷിച്ചിരുന്നു. അക്കാലം മുതൽ രവിവർമതമ്പിയെ ഇരയിമ്മൻ തമ്പി എന്ന വേറിട്ടു വിളിച്ചു പോന്നു.

19 ാം വയസിൽ ഇരയിമ്മൻ തമ്പി കീചകവധം ആട്ടക്കഥയെഴുതി. തുടർന്ന് ഉത്തരാസ്വയംവരം, ദക്ഷയാഗം എന്നീ കഥകളും രചിച്ചു. കഥകളി സാഹിത്യത്തിലെയും അരങ്ങിലെയും വിശിഷ്യ സോപാന സംഗീതമധുരിമയിൽ മുഴുകിയ നാദസുധയുടേയും ഏറ്റവും തെളിമയാർന്ന രചനകളാണ് ഈ കാവ്യങ്ങൾ.

ഒറ്റ ശ്ലോകങ്ങൾ, മണിപ്രവാള പദങ്ങൾ വർണങ്ങൾ, കീർത്തനങ്ങൾ, മുറജപപ്പാന, സുഭദ്രാഹരണം തിരുവാതിരപ്പാട്ട്, നവരാത്രി പ്രബന്ധം, രാസക്രീഡ കിളിപ്പാട്ട്, വാസിഷ്ഠം കിളിപ്പാട്ട് എന്നിവയാണ് തമ്പിയുടെ മറ്റു രചനകൾ.

സാഹിത്യത്തിൽ നിന്നും തിയേറ്ററിലേക്കുള്ള ഒരു കാൽവെയ്പ്പാണ് ആട്ടക്കഥയുടെ രചനയിൽ അടങ്ങിയിട്ടുള്ളത്. രചനയുടെ നാടകീയ ഭംഗി ഒത്തുവന്നാൽ അതു പൂർണമായി തിയേറ്ററായി രൂപാന്തരപ്പെടും. സാഹിത്യത്തിലുള്ള നിഷ്പത്തിയും വ്യുൽപ്പത്തിയും കൊണ്ടുമാത്രം രംഗരചന സാധ്യമല്ല. സംഗീത ബോധത്തിൽ ഉൾക്കാമ്പു കിനിയുന്ന ജ്ഞാനവും താളബോധവും പദസ്വാധീനവും ഉണ്ടെങ്കിലേ രംഗരചനയുടെ നാടകീയത കൈവരിക്കാനാവൂ. രംഗ സംവിധാനത്തിന്റെ ഈ നിറവിലേക്കാണ് ചെറുപ്പത്തിൽ തന്നെ തമ്പിയുടെ ശ്രദ്ധ പതിഞ്ഞത്.

പാണ്ഡവരും ദ്രൗപദിയും മാത്സ്യന്യപൻ വിരാടന്റ രാജധാനിയിൽ അജ്ഞാതവാസം കഴിച്ചുകൂട്ടുന്ന ഒരു വർഷത്തെ ജീവിതാനുഭവങ്ങൾ ചിത്രീകരിക്കുന്ന വ്യാസഭാരതത്തിലെ ഉദ്വേഗപൂർണമായ കഥാഭാഗമാണ് കീചകവധം, ഉത്തരാസ്വയംവരം എന്നീ രണ്ടു കഥകൾക്കും അവലംബമായി തമ്പി തെരഞ്ഞെടുത്തത്.

സംഗീത ബോധത്തിൽ ഉൾക്കാമ്പു കിനിയുന്ന ജ്ഞാനവും താളബോധവും പദസ്വാധീനവും ഉണ്ടെങ്കിലേ രംഗരചനയുടെ നാടകീയത കൈവരിക്കാനാവൂ. രംഗ സംവിധാനത്തിന്റെ ഈ നിറവിലേക്കാണ് ചെറുപ്പത്തിൽ തന്നെ തമ്പിയുടെ ശ്രദ്ധ പതിഞ്ഞത്.

പാണ്ഡവരും ദ്രൗപദിയും പുതിയ പേരുകളിൽ സന്നിഹിതരാവുന്ന രംഗം മുതൽ ഒളിജീവിതം അവസാനിപ്പിക്കുന്ന അവസാന മുഹൂർത്തംവരെയും സംഭവബഹുലമായ ജീവിതത്തിന്റെ ഭയാശങ്കകൾ വികാരോജ്ജ്വലമായും പരിപക്വമായും പ്രേക്ഷകരിലെത്തിക്കുന്ന മഹാഭാരതത്തിന്റെ ദൃശ്യവ്യാഖ്യാനമായി കരുതാം.

കങ്കൻ, വലലൻ, ബൃഹന്ദള, ഭാമഗ്രന്ഥി, തന്ത്രിപാലൻ എന്നീ പേരുകളാണ് ധർമപുത്രർ, ഭീമൻ, അർജുൻ നകുലൻ, സഹദേവൻ എന്നിവർ യഥാക്രമം സ്വീകരിച്ചത്. മാലിനി എന്ന പേരിൽ ദ്രൗപദി രാജപത്നി സുദേഷ്ണയുടെ സൈരന്ധ്രിയായും അവിടെ കൂടി പലവേലകളിൽ ഏർപ്പെട്ടു വസിച്ചു. വിരാടരാജാവും പത്നി സുദേഷ്ണയും കൂടാതെ മകൻ ഉത്തരനും മകൾ ഉത്തരയും പ്രധാന കഥാപാത്രങ്ങളാണ്. വിരാടരാജ്യത്തിന്റെ സുരക്ഷ രാജ്ഞിയുടെ സഹോദരൻ മഹാബലവാനായ കീചകൻ എന്ന സർവസൈന്യാധിപനിൽ ഭദ്രമാണ്. കൂടാതെ കീചകന്റെ സഹോദരന്മാർ നൂറ്റിയഞ്ചുപേരും കൂടി മത്സ്യരാജപുരിയെ ഒരു കീചകമഹാവനമാക്കി മാറ്റിയിരുന്നു. ആരും കടന്നുവരാൻ മടിക്കുന്ന ഭീതിദവും അപകടകരവുമായ ഈ അന്തരീക്ഷത്തിലാണ് മറ്റാരും സംശയിക്കില്ലെന്നുറച്ച് ധീരരായ പാണ്ഡവരും ദ്രൗപദിയും ഒളിജീവിതം തുടങ്ങിയത്.

സുന്ദരിയായ മാലിനി (ദ്രൗപതി) കീചകന്റെ കണ്ണിൽപ്പെട്ടതോടെ കാര്യങ്ങൾ കലങ്ങിമറിഞ്ഞു. മാലിനിയെ സ്വന്തമാക്കാനുള്ള എല്ലാ വഴികളും കീചകൻ കണ്ടെത്തിയതോടെ ഭീമന്റെ കൈകളിൽ അയാൾ ഞെരിഞ്ഞമർന്നു. കീചകവധം കഴിഞ്ഞു. ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നെ എന്ന് കൗരവപക്ഷത്ത് എല്ലാവർക്കും സംശയമുണർന്നു. കീചകൻ മരിച്ചതോടെ വിരാടരാജ്യം ആക്രമിച്ചു പാണ്ഡവരെ വെളിച്ചത്തുവരുത്തി വീണ്ടും കാട്ടിലയക്കാമെന്നു കരുതിയ കൗരവർ യുദ്ധത്തിൽ അർജുനന്റെ ഗാണ്ഡീവത്തിനുമുന്നിൽ പരാജയപ്പെട്ടു പിൻവാങ്ങിയപ്പോഴേക്കും അജ്ഞാതവാസകാലവും അവസാനിച്ചു. കാര്യങ്ങൾ എല്ലാം വെളിവായി. വിരാടരാജകുമാരി ഉത്തരയെ അഭിമന്യുവിന് വിവാഹം ചെയ്തു കൊടുത്തതോടെ ഉത്തരാ സ്വയംവരം കഥയും അവസാനിക്കുന്നു.

നാദസംഗീതത്തിന്റെ ഭാവധാരയിൽ ഓരോ രംഗവും സജ്ജീകരിച്ചിട്ടുള്ളതിനാൽ രസസിദ്ധാന്തം അതിന്റെ തനിമയിൽ തമ്പിയുടെ കഥകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മൂന്നു ശൃംഗാരപദങ്ങളാണ് ഉത്തരാസ്വയംവരം കഥയിലുള്ളത്. ശങ്കരാഭരണം, കല്യാണി, നവരസം എന്നീ രാഗങ്ങൾ പുരുഷവേഷങ്ങൾക്കും കാമോദരി, എരിക്കലക്കാമോദരി, ഉശാനി എന്നീ രാഗങ്ങൾ സ്ത്രീവേഷങ്ങൾക്കും ഭാവാനുസാരിയായി ചേർത്ത് ശൃംഗാരരസത്തെ കഥയിൽ സജീവമാക്കുന്നു. കീചകവധം കഥയിൽ



**കുതിരമാളിക**

കീചകന് മാലിനിയോടുള്ള ശൃംഗാര മുന്നേറ്റങ്ങൾ മൂന്നുഘട്ടങ്ങളായി പാടി, കാമോദരി, ഭൈരവി എന്നീ രാഗങ്ങളിലായി കഥ വികസിപ്പിച്ചത് സംഭോഗശൃംഗാരവാഞ്ഛയുടെ അതിഭാവുകത്വത്തെ അനാവരണം ചെയ്യുന്നതും അത്ഭുതാവഹവും അനിതരസാധാരണവുമാണ്. രാജ്ഞിയുടെ ആജ്ഞ സ്വീകരിച്ച് കീചകന്റെ മേടയിലേക്ക് ഓദനവും മധുരവും വാങ്ങാൻ പോകുന്ന മാലിനിയുടെ ഭയാശങ്കകൾ വിടരുന്ന 'ക്ഷോണീന്ദ്രപത്നിയുടെ വാണീം നിശമ്യ' എന്ന ദണ്ഡകം ഭാവഗീതമാണ്. 'വീരവിരാടകുമാര വിഭോ' എന്ന കുമ്മിയടിപ്പാട്ട് ശൃംഗാരത്തെ ഹാസ്യത്തിലേക്ക് നയിക്കുമെന്ന ഭരതമുനിയുടെ രസവ്യഞ്ജക ലിഖിതത്തിലാണ് ഊന്നിനിൽക്കുന്നതെങ്കിലും കഥകളി രംഗത്തെന്നല്ല സ്ത്രീജനങ്ങളെ ഒന്നടങ്കം ആകർഷിക്കുന്ന മറ്റു പല നൃത്തരംഗങ്ങളിലും ഉപയോഗിക്കപ്പെടുന്നുണ്ട്. തമ്പിയുടെ നാദോപാസനയുടെ ഭദ്രത എല്ലാ രംഗങ്ങളിലും ഒരുപോലെ ഉറഞ്ഞുനിൽക്കുന്നതു കാണാം.

മഹാഭാരതത്തെ അടിസ്ഥാനമാക്കി തമ്പിയെഴുതിയ കീചകവധവും ഉത്തരാസ്വയംവരവും കഥകൾ രണ്ടും കത്തിവേഷപ്രധാനമായിരുന്നെങ്കിൽ മഹാഭാഗവതത്തെ അടിസ്ഥാനമാക്കി എഴുതിയ മൂന്നാമത്തെ കഥ ദക്ഷയാഗം പച്ചവേഷമായ ദക്ഷപ്രജാപതിയെ ഉയർത്തിക്കാട്ടുവാനാണ്. ബ്രഹ്മപുത്രനായ ദക്ഷന്റെ അഹങ്കാരം ശമിപ്പിക്കുന്നതും ശിവഭക്തിമയവുമായ കഥയാണ് ദക്ഷയാഗം. വേഷമഹിമകൾ കൊണ്ടും നാടകീയതകൊണ്ടും അതിമനോഹരമായ വർണനാ ഭാവഗീതങ്ങൾകൊണ്ടും കഥ പ്രകാശപൂർണമാണ്. കാളിദാസന്റെ കുമാരസംഭവത്തിൽ തെളിയുന്ന പാർവതിയുടെ ചിത്രം മറ്റൊരു പതിപ്പായി സതിയുടെ വേഷത്തിൽ അരങ്ങിൽ അവതരിക്കുന്നതാണ് ദക്ഷയാഗം കഥയിൽ പ്രേക്ഷകനു കാണാൻ കഴിയുന്നത്.

സംഗീതത്തിനും അരങ്ങിനും ഒരുപോലെ ഹൃദ്യമായതിനാൽ എന്നും അരങ്ങിൽ വരുന്ന കഥയാണ് ദക്ഷയാഗം. കല്യാണിരാഗത്തിൽ 'കണ്ണിണയ്ക്കാനന്ദം നൽകീടുന്നു പാരം കാളിന്ദീനദി സാമ്പ്രതം' എന്ന ദക്ഷന്റെ കാളിന്ദീവർണനയും 'അനന്തജന്മാർജിതമാം അസ്മൽപുണ്യഫലം' എന്നു നവരസം രാഗത്തിൽ ദക്ഷൻ കുഞ്ഞിനെ (സതി) കിട്ടിയ സന്തോഷത്താൽ പത്നി വേദവല്ലിയോടു പറയുന്നതുമായ പദങ്ങൾ കഥകളിസാഹിത്യത്തിലെ ഭാവഗീതങ്ങളായി നിലനിൽക്കുന്നു. തമ്പിയുടെ മൂന്നു കഥകളിലും കാണുന്ന ധനാശിശ്ലോകങ്ങൾ ഭക്തിയുടെ നിറവിൽ വർത്തിക്കുന്ന ആരാധനാസ്തുതിഗീതങ്ങൾ എന്ന ഗണത്തിൽ മണിമുത്തുകളാണ്.

തമ്പിയുടെ കഥയിലെ ഓരോ രംഗവും എടുത്തുപറയത്തക്ക ഭാവസ്ഥിരത ബോധ്യപ്പെടുത്തുന്ന പ്രകടനങ്ങളിലെത്തിനിൽക്കുന്നു. എല്ലാ രസങ്ങളേയും നാദഭാവത്തോടു സമന്വയിപ്പിച്ച് പദരചന നടത്തുന്ന കൗശലം പ്രയോഗിക്കുന്നതുകൊണ്ടാണ് തമ്പിയുടെ കഥകൾ ഓരോന്നും ശ്രുതിയിലും അരങ്ങിലും മധുരതരമാകുന്നത്. വലിയ വേഷങ്ങൾക്ക് ഇടംനൽകുന്നതോടൊപ്പം എല്ലാത്തരം വേഷങ്ങൾക്കും ഗാനഭാവങ്ങൾക്കും രംഗസാഫല്യമുണർത്തുന്ന കഥകളാണ് തമ്പിയുടേത്.

'വീരവിരാടകുമാര വിഭോ' എന്ന കുമ്മിയടിപ്പാട്ട് ശൃംഗാരത്തെ ഹാസ്യത്തിലേക്ക് നയിക്കുമെന്ന ഭരതമുനിയുടെ രസവ്യഞ്ജക ലിഖിതത്തിലാണ് ഊന്നിനിൽക്കുന്നതെങ്കിലും കഥകളി രംഗത്തെന്നല്ല സ്ത്രീജനങ്ങളെ ഒന്നടങ്കം ആകർഷിക്കുന്ന മറ്റു പല നൃത്തരംഗങ്ങളിലും ഉപയോഗിക്കപ്പെടുന്നുണ്ട്.

ഭരണാധികാരികളുമായി ചേർന്നുനിന്നതുകൊണ്ട് അധികാരത്തിന്റെ വെളിച്ചവും തെളിച്ചവുമെല്ലാം കവിയുടെ കലാവാസനയെ ഉത്തേജിപ്പിച്ചിരുന്നെങ്കിലും അധികാരത്തിന്റെ അടിത്തട്ടിൽ അമർന്നിരുന്ന ഇരുട്ടിന്റെ സമ്മർദതന്ത്രങ്ങളും സംഘർഷങ്ങളും കൂടി കവിയെ ബാധിക്കുകയും കവിതയുടെ ഭാഗധേയങ്ങളെ നിയന്ത്രിക്കുകയും ചെയ്തിരുന്നതായും കണക്കാക്കണം. 'ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ടുപാട്ട് തെളിമയുടേയും വെളിച്ചത്തിന്റെയും ദിശയിലേക്കു കുതിക്കുന്ന ഭാവഗീതമാണ്. അനവധി ഉപമാനങ്ങൾക്കൊപ്പം കൂരിരുട്ടത്തു വെച്ച വിളക്കായും മാതാവിന്റെ ഭാഗ്യവൃക്ഷത്തിന്റെ ഫലമായുമൊക്കെ ഉണ്ണിക്കണ്ണന്റെ വേഷം ധരിച്ച ഓമനത്തിങ്കൾക്കിടാവ് ജനിച്ച പ്രതീതി അമ്മയ്ക്കുണ്ടാകുന്നു. കാവ്യഭംഗിയും ലാളിത്യവും ഉറക്കുപാട്ടിലുയരുന്ന നാദവശ്യതയും സ്വച്ഛന്ദമായ ജീവിത പ്രതീക്ഷകളെ ഓർമിപ്പിക്കുന്ന സംഗീത മന്ത്രമാണ്.

മാലിനിയെ ഇരുട്ടിൽ തപ്പുന്ന കീചകന്റെ ഭാവവിശേഷങ്ങളും മരണവും വരച്ചുകാട്ടുന്ന കവി ഇരുളടഞ്ഞ കൊട്ടാരജീവിതത്തിന്റെ ചിത്രമാണു നൽകുന്നത്. മാലിനിയുടെ ധർമസങ്കടത്തിൽ വിരാടരാജാവിന്റെ നിസംസഗതയും ഉത്തരന്റെ ജീവിതചര്യകളും ചാപല്യങ്ങളും കൊട്ടാരസ്ഥിതമായ കഥകളാണ്. വിരാടരാജ്ഞി

സുദേഷ്ണയുടെ ആജ്ഞ സ്വീകരിക്കുന്ന മാലിനിയുടെ നിസ്സഹായാവസ്ഥയും ദാസ്യത്തിന്റെ സമസ്തഹാസ്യഭാവവും ചോദ്യം ചെയ്യപ്പെടാനാവാത്ത ശാസനകളെ ശിരസാവഹിക്കുന്ന അരമനജീവിതത്തിലേക്കു വെളിച്ചം വീശുന്ന സന്ദർഭങ്ങളായി കഥയിൽ ചിത്രീകരിക്കുന്നത് കവിയുടെ അനുഭവ പാഠങ്ങളിൽ നിന്നാകാം.

അരങ്ങിലെ പ്രകാശങ്ങളും പൂർണതകളും അനുമാനമല്ലാത്ത ദൃശ്യപൂരങ്ങളും കൊണ്ടു പ്രസന്നമാണ് ഇരയിമ്മൻ തമ്പിയുടെ സംഗീത സാന്ദ്രമായ മൂന്നു ആട്ടക്കഥാകാവ്യങ്ങൾ. അരങ്ങിന്റെയും നാദസംഗീതത്തിന്റെയും അവിസ്മരണീയത അവ എന്നെന്നും നിലനിർത്തുന്നു.

നാല്പതു രാഗങ്ങളാണ് ആട്ടക്കഥകളുടെ ഭാവങ്ങളുണർത്താൻ തമ്പി ഉപയോഗിച്ചിരുന്നത്. ഇതിൽ 31 രാഗങ്ങൾ കൊട്ടാരക്കര തമ്പുരാന്റെ രാഗപ്രതിഷ്ഠയെ പിന്തുടർന്നു സ്വീകരിച്ചവയാണ്. രചനയുടെ മനോഹാരിതയിൽ ഈ രാഗഭാവങ്ങൾ പതിന്മടങ്ങു ശോഭയുണർത്തുന്നു.

നാദസംഗീതത്തിൽ അധിഷ്ഠിതമായ സോപാന സംഗീതത്തിന്റെ സാന്ദ്രമായ ഭാവങ്ങളിൽ നിന്നും സ്വരരാഗസുധാമയമായ കർണാടകസംഗീത പദ്ധതിയിലേക്കു കവി നിസ്സീമമായി വ്യാപരിക്കുന്നതാണ് പിന്നീട് നാം കാണുന്നത്. പദം, സ്വരം, വർണം, കീർത്തനം തുടങ്ങിയ മേഖലയിൽ സംഗീത സംബന്ധിയായി തമ്പി കൈവരിച്ച വിജയങ്ങളും സ്വാതിതിരുനാളിനോടു ചേർന്നു

> ഓമനത്തിങ്കൾക്കിടാവോ എന്ന താരാട്ടുപാട്ടും പ്രാണനാഥനെനിക്കു നൽകിയ പരമാനന്ദ രസത്തെ എന്ന ശൃംഗാര പദവും പോലെ ശ്രീരാഗത്തിലുള്ള കരുണ ചെയ്‌വാനെന്തു താമസം, മുഖാരിയിലുള്ള അടിമലരിണതന്നെ എന്നിവയൊക്കെ ഒരിക്കലും ജനകീയത നഷ്ടപ്പെടാത്ത കൃതികളാണ്.

പ്രവർത്തിച്ചതും അതുല്യമായ സാംസ്കാരിക ചരിത്രമായി നിലകൊള്ളുന്നു.

'പ്രാണനാഥനെനിക്കു നൽകിയ പരമാനന്ദരസത്തെ' എന്ന ശൃംഗാരപദം കഥകളിയിലെ ശൃംഗാര പദങ്ങളുടെ ശ്രേണിയിൽ നിന്നും വഴുതിമാറി ലാളിത്യത്തിന്റെയും സാരള്യത്തിന്റെയും തരളിതരഞ്ജനയുടെയും മേഖലയിലേക്ക് സ്വാഭാവികമായി ഒഴുകിയെത്തുന്ന സംഗീതസരണിയായി മാറുന്നു. കാവ്യഭാവനകളിലും പദപ്രൗഢികളിലുടലെടുക്കുന്ന സംസ്കൃത ശ്ലോകങ്ങളിലും മണിപ്രവാളപദങ്ങളിലും കഥകളി രംഗങ്ങൾ കളിയാടുമ്പോൾ ലളിതപദസുധാമയമായ സാധാരണ മലയാള രചനാ ശൈലിയാണ് പല ഗാനങ്ങൾക്കും കവി പ്രയോജനപ്പെടുത്തുന്നത്. രചനാശൈലിയിൽ വന്നിട്ടുള്ള ഈ മാറ്റം താണ്ഡവ പ്രകരണങ്ങളടങ്ങിയ കഥകളിരംഗങ്ങളിൽ പ്രകടമാകുന്ന ഊർജത്തിൽനിന്നും ലാസ്യപ്രകരണങ്ങളുടെ നൃത്തവിലാസങ്ങൾക്കനുയോജ്യമായ സംഗീതമാധുര്യത്തെ ആവാഹിക്കുന്ന മോഹിനിയാട്ട വേദികൾക്കു രൂപം നൽകുന്ന പദസമുച്ചയങ്ങളാണ് സൃഷ്ടിക്കുന്നത്. ലളിതപദസംസ്കാരത്തിൽ ഒഴുകിയെത്തുന്ന ഗാനങ്ങൾ ആട്ടക്കഥാകാവ്യങ്ങളിൽനിന്നു വേറിട്ടു നിൽക്കുന്നു.

*ഓമനത്തിങ്കൾക്കിടാവോ* എന്ന താരാട്ടുപാട്ടും *പ്രാണനാഥനെനിക്കു നൽകിയ പരമാനന്ദ രസത്തെ* എന്ന ശൃംഗാര പദവും പോലെ ശ്രീരാഗത്തിലുള്ള *കരുണ ചെയ്‌വാനെന്തു താമസം,* മുഖാരിയിലുള്ള *അടിമലരിണതന്നെ* എന്നിവയൊക്കെ ഒരിക്കലും ജനകീയത നഷ്ടപ്പെടാത്ത കൃതികളാണ്. ഇപ്പോൾ കണ്ടിടത്തോളം 28 സംസ്കൃത കീർത്തനങ്ങളും അഞ്ചു മലയാള കീർത്തനങ്ങളും അഞ്ചു വർണങ്ങളും 22 പദങ്ങളും ഇരയിമ്മൻ തമ്പിയുടെ രചനകളായി അറിയപ്പെടുന്നു.

74 വയസുവരെ ജീവിച്ചിരുന്ന് തന്റെ കലാപ്രവർത്തനങ്ങളെ രചനകളിലൂടെ ധന്യമാക്കി മലയാളിക്കും മറ്റുള്ളവർക്കും നൽകിയ സുകൃതമാണ് ഇരയിമ്മൻ തമ്പിയുടെ ജീവിതം കൊണ്ടു നിറവേറിയത്. അപൂർവമായ കലാസമ്പത്തുകളുടെ സഞ്ചിത സംസ്കാരത്തിന്റെ ഉടമയാണ് ഇരയിമ്മൻ തമ്പി.

ശ്രീപത്മനാഭസ്വാമി ക്ഷേത്രം, പത്മതീർഥം, നവരാത്രിമണ്ഡപം, കുതിരമാളിക, ഒറ്റക്കൽ മണ്ഡപം, ശ്രീപാദം, പത്മാനഭപുരം കൊട്ടാരം, തിരുവട്ടാർ ആദികേശവ ക്ഷേത്രം, ശംഖുമുഖം എന്നിങ്ങനെയെല്ലാമുള്ള തിരുവിതാംകൂർ രാജഭരണ ചിഹ്നത്തിന്റെ ശ്രീകോവിലുകളിൽ പതിഞ്ഞ തമ്പിയുടെ പാദസ്പർശങ്ങളുടെ മൃദുസ്വനങ്ങളേറ്റ് ഉറങ്ങുന്ന ഓർമകൾപോലെ തന്നെ ജനതയുടെ ഉണർന്നിരിക്കുന്ന ഓർമകളിലും ഇരയിമ്മൻ തമ്പി എന്നെന്നും നിറഞ്ഞു നിൽക്കും. ■



**തിരുവട്ടാർ ആദികേശവ ക്ഷേത്രം,**




















# അന്താരാഷ്ട്ര വ്യാപാരമേളയിലെ കേരളം

കേരളം തിളങ്ങിയ നിമിഷങ്ങളായിരുന്നു നവംബർ 14 മുതൽ 27 വരെ ന്യൂഡെൽഹി പ്രഗതി മൈതാനിയിൽ നടന്ന ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേള ദർശിച്ചത്. മികച്ച രണ്ടാമത്തെ പവലിയനുള്ള വെള്ളിമെഡലും മികച്ച രണ്ടാമത്തെ ഭക്ഷ്യശാലയ്ക്കുള്ള വെള്ളിമെഡലും കേന്ദ്രവാണിജ്യ വ്യവസായ സഹമന്ത്രി ഡി. പുരന്ദേശ്വരിയിൽ നിന്നും കേരളം സ്വീകരിച്ചു. മേളയിലെ കേരളത്തിന്റെ ദൃശ്യങ്ങൾ...



## 12 ാമത് ദേശീയ നാടകോത്സവം



# kvac-W-I-fp-WÀ¯p¶ Ac§n-se ]-IÀ-¶m«§Ä

ജീവിത യാഥാർഥ്യങ്ങളും മിത്തുകളും നാടോടിക്കഥകളും സങ്കല്പകഥകളും ഇടകലർത്തി കണ്ണൂരിലെ ദേശീയ നാടകോത്സവ വേദികളിൽ അരങ്ങേറിയ നാടകങ്ങൾ പ്രേക്ഷകർക്ക് ജീവിതഗന്ധിയായ സത്യങ്ങളായി. പകർന്നാട്ടങ്ങളും നടനവൈഭവവും ലാസ്യച്ചുവടുകളും കണ്ണീരിന്റെ ഉപ്പുനനവും ഇടകലർന്ന നാടകങ്ങൾക്ക് ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്നതായിരുന്നു നാടകോത്സവത്തിന്റെ ഏഴു നാളുകളും നൽകിയ കാഴ്ച.

നാടകത്തിന്റെ ബഹുസ്വരതയെന്നത് ആൾക്കൂട്ടങ്ങളായി അരങ്ങിലെത്തുന്നതു മാത്രമല്ലെന്നും ഏകമായ അരങ്ങുവാഴ്ചയിലൂടെയും അതു സാധ്യമാകുമെന്നും ഈ നാടകാവതരണങ്ങൾ കാണിച്ചുതന്നു. പുരാണ കഥാപാത്രങ്ങൾ സമകാലിക സംഭവങ്ങളുമായി കണ്ണിചേർത്താണ് അരങ്ങിലെത്തിയത്. മൂല്യബോധം നഷ്ടപ്പെട്ട സമൂഹത്തിനെതിരെ, പല സമകാലിക സംഭവങ്ങൾക്കുമെതിരേ കത്തിച്ചുയർത്തിയ ചൂട്ടുകറ്റയുമായിരുന്നു ചില നാടകങ്ങൾ. പ്രേക്ഷക പ്രശംസ ലഭിക്കാത്ത, ശുഷ്ക്കമായ സദസ്സായി ഇവിടുത്തെ ഒരു നാടക വേദിയും മാറിപ്പോയില്ല എന്നത് കേരളീയൻ ഇന്നും നാടകങ്ങളെ സ്നേഹിക്കുന്നുവെന്നതിന്റെ സൂചനയാണ്.

അഭ്രപാളികളിലെ താരപ്പൊലിമ മലയാള നാടകവേദിക്കുൾപ്പെടെ ഇടക്കാലത്ത് മങ്ങലേൽപ്പിച്ചെങ്കിലും സത്യം വിളിച്ചു പറയുകയും ജീവിതത്തിന്റെ പൊള്ളുന്ന യാഥാർഥ്യങ്ങളെ തുറന്നു കാട്ടുകയും ചെയ്യുന്ന നാടകങ്ങളെ ഓരോ പ്രേക്ഷകനും നെഞ്ചേറ്റിയത് സ്വന്തം ജീവിത ഭാവങ്ങളെയും അനുഭവങ്ങളെയും പോലെയായിരുന്നു.

നാടകത്തിനായി ഏഴു നാളുകൾ.രംഗവേദിയിൽ കണ്ടു ശീലമില്ലാത്ത അവതരണ രീതികൾ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വ്യത്യസ്ത ഭാഷ സംസാരിക്കുന്ന നാടകങ്ങൾ.ആവേശത്തോടെ സ്ത്രീകളും കുട്ടികളുമടങ്ങുന്ന നാടക പ്രേമികൾ. വേദി






കളിൽ നിന്നും വേദികളിലേക്കുള്ള ഓട്ടം. നാട്ടിൻപുറത്തെ നാടകങ്ങൾ കണ്ടു ശീലിച്ച പ്രേക്ഷകർക്ക് മുന്നിലാണ് ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച 12 ാം ദേശീയ നാടകോത്സവമെത്തിയത്.

നാടകോത്സവത്തിനു മുന്നൊരുക്കമെന്ന നിലയിൽ പ്രാദേശിക നാടകോത്സവം ജനങ്ങളിൽ, പ്രത്യേകിച്ചു നാടക പ്രേമികളിൽ ദേശീയ നാടകോത്സവത്തെക്കുറിച്ചുള്ള സന്ദേശമെത്തിക്കുന്നതിന് പര്യാപ്തമായി. സജീവമായ കണ്ണൂരിലെ നാടക പ്രവർത്തകരെ ദേശീയ മേളയുടെ ഭാഗമാക്കാൻ പ്രാദേശിക മേളയ്ക്ക് കഴിഞ്ഞു. നവംബർ 25-ന് ആരംഭിച്ച് ഡിസംബർ ഒന്നിന് അവസാനിച്ച ദേശീയ നാടകോത്സവത്തിൽ 20 നാടകങ്ങളാണ് അരങ്ങേറിയത്.

മണിപ്പൂരിൽ നിന്നുള്ള *മിത്തിക്കൽ സറണ്ടർ* തീവ്രവാദത്തിന്റെ ഭീതിയിൽ ജീവിക്കുന്ന ഒരു ജനതയുടെ അതിജീവനത്തിന്റെയും നിലനിൽപ്പിന്റേയും കഥ പറഞ്ഞു. പ്രേക്ഷകർ കൗതുകത്തോടെയും ആവേശത്തോടെയും കണ്ട ഈ നാടകം അരങ്ങിന്റെ പുതിയ സാധ്യതകൾ തുറന്നിടുന്നതായിരുന്നു. ഡാനിഷ് ഹുസൈന്റെ *ക്രാപ്സ് ലാസ്റ്റ് ടേപ്പ്* രംഗഭാഷയിൽ നവീനമായ കാഴ്ചാനുഭവമായി.കാര്യമായ രംഗചലനങ്ങളില്ലാതെ ഒറ്റയാൾ നടനം നടത്തിയ ഈ നാടകത്തെ നിശ്ശബ്ദതയും പതിഞ്ഞ സംഗീതവും മുറിഞ്ഞ സംഭാഷണങ്ങളും സമഗ്രമായ ഒരനുഭവത്തിന്റെ ഭാവതലത്തിലേക്കുയർന്നു. ഡൽഹിയിലെ ഹുഷ്റുബാ റിപ്പർട്ടറി അവതരിപ്പിച്ച ഈ നാടകം സാമുവൽ ബെക്കറ്റിന്റേതായിരുന്നു. ഡൽഹിയിലെ തന്നെ ടീം വർക്ക് നാടക സംഘത്തിന്റെ *പത്നി കാ പത്ര* സ്ത്രീ അവതരണത്തിന്റെ വിസ്മയങ്ങൾ തീർത്തു.ടാഗോറിന്റെ കഥയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ ഈ നാടകം ഏകാഭിനയത്തിന്റെ പുതിയ രംഗഭാഷ്യങ്ങൾ പ്രേക്ഷകന് പരിചയപ്പെടുത്തി. ഗീതാ ഗുഹ സംവിധാനം ചെയ്ത ഈ നാടകത്തിൽ സവിതാ കുന്ദ്രെയെന്ന നടി ശരീര ഭാഷ കൊണ്ട് അരങ്ങിനെ കീഴടക്കുകയായിരുന്നു.

മുംബെയിൽ നിന്നെത്തിയ കമ്പനി തിയേറ്റർ അവതരിപ്പിച്ച *പിയാ ബഹ്റു പിയാ* സംഗീതസാന്ദ്രമായിരുന്നു. പഞ്ചാബ്, മധ്യപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിലെ നാടൻ പാട്ടുകൾ കോർത്തിണക്കി താളബദ്ധതയോടെ നാടകത്തിന്റെ ഇതുവരെ കാണാത്ത അനുഭവ ലോകം തുറന്നിട്ടു. അരങ്ങിന്റെ താളത്തിനൊപ്പം പ്രേക്ഷകരെക്കൂടി പങ്കാളിയാക്കിയ നാടകമായിരുന്നു ഇത്. അതുൽ കുമാർ സംവിധാനം ചെയ്ത ഈ നാടകം വില്യം ഷേക്സ്പീയറിന്റെ ടൾഫ്ത് നൈറ്റ് എന്ന നാടകത്തിന്റെ ഹിന്ദി രൂപമായിരുന്നു.

ബീഹാറിലെ ഫാക്റ്റ് രംഗമണ്ഡൽ അവതരിപ്പിച്ച *സംജോത്ധ* പ്രശസ്ത ഹിന്ദി സാഹിത്യകാരൻ മുക്തിബോധിന്റെ കഥയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. *ദോ കോടി കാ ഖേൽ* സാമുവൽ ബെക്കറ്റിന്റെ ത്രീ പെന്നി ഓപ്പറയാണ്. ജമ്മുവിൽ നിന്നുള്ള അമചർ തിയേറ്റർ ഗ്രൂപ്പാണ് ഈ നാടകം അവതരിപ്പിച്ചത്.

മറ്റു ഭാഷകളിലെ നാടകങ്ങൾ കാണുന്നതിനും അരങ്ങിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആധുനിക പ്രവണതകൾ മനസിലാക്കുന്നതിനും പരീക്ഷണ നാടകങ്ങൾ ആസ്വദിക്കുന്നതിനും ലഭിച്ച ആദ്യാവസരം കണ്ണൂരിലെ നാടക പ്രേമികൾ ആവേശപൂർവ്വം സ്വീകരിച്ചുവെന്നത് തിങ്ങി നിറഞ്ഞ ഓരോ വേദിയും തെളിവാണ്.മറ്റിടങ്ങളിൽ നാടകം തുടങ്ങുന്നതിന് പ്രേക്ഷകരെ കാത്തിരിക്കുമ്പോൾ കണ്ണൂരിലെ സവിശേഷത നാടകം കാത്തിരിക്കുന്ന പ്രേക്ഷകരായിരുന്നു. സ്ത്രീകളും കുട്ടികളുമടങ്ങുന്ന വൻ ജനാവലി രാത്രി വൈകിയും നാടകം കണ്ടിരിക്കുന്ന കാഴ്ച അപൂർവ്വമായ ഒന്നാണ്.



മലയാളത്തിൽ നിന്നും വയലാ വാസുദേവൻപിള്ളയുടെ ആണ്ടു ബലി, അകത്താരോ എന്നീ നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടു.ഷേക്സ്പീയറിന്റെ ഒഥല്ലോയുടെ രംഗാവിഷ്ക്കാരവുമായി അഭിമന്യു വിനയകുമാറും ജി.ശങ്കരപ്പിള്ളയുടെ ഏതോ ചിറകടിയൊച്ചകളുമായി സാം ജോർജ്ജും ആഫ്റ്റർ ദ സൈലൻസുമായി മാർട്ടിൻ ജോണും ഒഴിവു ദിവസത്തെ കളിയുമായി നരിപ്പറ്റ രാജുവും മേളയുടെ ഭാഗമായി.

സൂര്യാ കൃഷ്ണമൂർത്തിയുടെ പരിണയം,രംഗപ്രഭാതിന്റെ രത്തന്റെ ലോകം , ശാസ്ത്ര സാഹിത്യ പരിഷിത്തിന്റെ ഗലീലിയോ, ശശിധരൻ നടുവിലിന്റെ കിഴവനും കടലും കെപിഎസിയുടെ മരമുത്തശ്ശി പറഞ്ഞ മുത്തശ്ശികഥ, ചെറുന്നിയൂർ ജയപ്രകാശിന്റെ ഒരു ശാസ്ത്രജ്ഞന്റെ ഭാരത പര്യടനം കണ്ണൂർ സംഘചേതനയുടെ കാലം സാക്ഷി എന്നിവ മേളയിൽ അവതരിപ്പിച്ചു.

നാടകാവതരണങ്ങൾ കൂടാതെ നാടക ചരിത്രവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ ആറു ദിവസങ്ങളിലും നടന്നു.നാടക രംഗത്തെ പ്രമുഖരായ ഡോ.ടി.എം.അബ്രഹാം, ഡോ.എ. അച്യുതൻ, ഡോ.എ.കെ. നമ്പ്യാർ, ഡോ.എൽ. തോമസുകുട്ടി, ഡോ.രാജാവാര്യർ, ഡോ. മഹേഷ് മംഗലാട്ട്,ഡോ. ലിസി മാത്യു, ഡോ. രാജൻ തിരുവോത്ത്, പ്രൊഫ. നജ്മൽ ഷാഹി, ഡോ. വള്ളിക്കാവ് മോഹൻദാസ് എന്നിവർ സെമിനാറുകളിൽ പങ്കെടുത്തു സംസാരിച്ചു.നാടകത്തിന്റെ ചരിത്രവും വികാസവും മാത്രമല്ല പുതിയ പ്രവണതകളെക്കുറിച്ചും അറിയുന്നതിന് ഈ സെമിനാറുകൾ സഹായകമായി.

നാടകത്തിൽ തൽപരരായവർക്ക് വേണ്ടി ഏഴു ദിനം നീണ്ടു നിന്ന നാടകശിൽപശാലയും നടന്നു.കൂടാതെ നാടകവുമായി ബന്ധപ്പെട്ട സിനിമകളുടെ പ്രദർശനവും എല്ലാ ദിവസവും ഉണ്ടായിരുന്നു.

ഏഴു രാവുകൾ കണ്ണൂരിന് മറക്കാനാവില്ല. നാടകം രക്തത്തിലലിഞ്ഞുചേർന്ന ഒരു ജനത പുതിയ നാടക പ്രവണതകൾ കണ്ടു മനസ്സിലാക്കുന്നതിന് കാണിച്ച ആവേശവും ആകാംക്ഷയും ഏതൊരു നാടക പ്രവർത്തകനും അഭിമാനത്തോടെ ഓർക്കുന്ന മധുര സ്മരണകളാണ്. ■

സിൽവി കുര്യൻ






# മലയാളിയുടെ ദൃശ്യോത്സവം






അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ പതിനേഴാം വസന്തമാണിത് (ഡിസംബർ 7-14). ലോകത്തിന്റെ സാംസ്കാരിക നിലപാടുകളിലേക്ക് മിഴിതുറക്കുന്ന ചലച്ചിത്രോത്സവം മലയാളത്തിന്റെ നവീന ചലച്ചിത്രഭാഷ്യങ്ങളുടെ കാഴ്ചാനുഭവങ്ങൾക്കും വേദിയാവും. ലോകസിനിമാ വിഭാഗത്തിൽ 78 ചലച്ചിത്രങ്ങളുൾപ്പെടെ 197 ചിത്രങ്ങളാണ് ഇത്തവണ ചലച്ചിത്രാസ്വാദകർക്കു മുന്നിലെത്തുക.

മത്സരവിഭാഗത്തിൽ പതിവുപോലെ 14 ചിത്രങ്ങളാണ് പ്രദർശനത്തിനെത്തുക. രിഥാ ബേഹിയുടെ ടുണീഷ്യൻ ചിത്രം *ഓൾവേയ്സ് ബ്രാൻഡോ*, മസായുകി സുവോയുടെ *എ ടെർമിനൽ ട്രസ്റ്റ്* (ജപ്പാൻ), അലൈൻ ഗോമിസിന്റെ *ടുഡേ* (സെനഗൽ), മെർസാക് അലേഷിന്റെ *ദി റിപ്പന്റന്റ്* (അൾജീരിയ), മന്നി പാലോയുടെ *സ്റ്റാ. നിന* (ഫിലിപ്പീൻസ്), ബെൽമിൻ സോളമേസിന്റെ *പ്രസന്റ് ടെൻസ്* (ടർക്കി), റോഡ്രിഗോ പ്ളായുടെ *ദി ഡിലേ* (ഉറുഗ്വേ), അലി മൊസാഫയുടെ *ദി ലാസ്റ്റ് സ്റ്റെപ്* (ഇറാൻ), ലുസിയ കറ്റേസിന്റെ *നോസ്*



ദി ലാസ്റ്റ് സ്റ്റെപ്പ് (ഇറാൻ)



*വെമോസ് പാപാ* (മെക്സിക്കോ), ഫ്രാൻസിസ്കാ സിൽവയുടെ *ഇവാൻസ് വുമൺ* (ചിലി) എന്നീ ചിത്രങ്ങൾക്കുപുറമെ ഇന്ത്യൻ ചിത്രങ്ങളായ കമൽ കെ.എമ്മിന്റെ *ഐഡി*, നിഥിൻ കാക്കറുടെ *ഫിലിമിസ്ഥാൻ*, ടി.വി. ചന്ദ്രന്റെ *ഭൂമിയുടെ അവകാശികൾ*, ജോയ് മാത്യുവിന്റെ *ഷട്ടർ* എന്നീ ചിത്രങ്ങൾ മാറ്റുരയ്ക്കും.

സ്വന്തം രോഗിയോട് വനിതാഡോക്ടർക്കുണ്ടാകുന്ന അടുപ്പം ഡോക്ടറുടെ കൈകൊണ്ട് രോഗിയുടെ ജീവൻ ഹനിക്കുന്ന തരത്തിലുള്ള ഹൃദയബന്ധത്തിലേക്കു വഴിമാറുകയും ഡോക്ടർ വിചാരണയ്ക്കു പാത്രമാവുകയും ചെയ്യുന്ന *എടെർമിനൽ ട്രസ്റ്റ്* തത്സുകി സാകു എന്ന നോവലിസ്റ്റിന്റെ കൃതിയെ ആസ്പദമാക്കിയുള്ളതാണ്.

സാഷെയുടെ ജീവിതത്തിന്റെ അന്ത്യദിനത്തിലെ ചിന്തകളിലൂടെയാണ് *ടുഡേ* എന്ന സെനഗൽ ചിത്രം പുരോഗമിക്കുന്നത്. സെനഗൽ ചിത്രങ്ങളുടെ പൊതു ഇതിവൃത്തമായ പ്രവാസജീവിതവും അധിനിവേശത്തെ തുടർന്നുള്ള പ്രതിസന്ധികളും ഈ ചിത്രത്തിലും നിഴലിക്കുന്നുണ്ട്. പ്രണയവും മനുഷ്യബന്ധങ്ങളും പൊള്ളയായ സങ്കൽപങ്ങൾ മാത്രമാണെന്ന് തിരിച്ചറിവിലേക്കു നീങ്ങുന്ന സാഷെക്ക് മരണമാണ് സമാധാനത്തിന്റെ വഴിയായി മാറുന്നത്. ഈ രണ്ടു ചിത്രങ്ങളും ഫ്ളാഷ്ബാക്കിലൂടെയാണ് പുരോഗമിക്കുന്നത്.

അൾജീരിയയിൽ പരസ്പരം പോരടിക്കുന്ന ജിഹാദി ഗ്രൂപ്പുകളിലൊന്നിലെ അംഗമായ റഷീദിനുണ്ടാകുന്ന മാനസാന്തരവും തുടർന്ന് അയാൾ നേരിടേണ്ടിവരുന്ന നിയമപരമായ കുരുക്കുകളും വ്യാഖ്യാനിക്കുന്ന ചിത്രമാണ് മെർസാക് അലോഷിന്റെ *ദി റിപ്പന്റന്റ്*. നിയമത്തിനു വിധേയനായി ജീവിക്കാനാഗ്രഹിക്കുന്ന ഒരു തീവ്രവാദി തന്റെ പശ്ചാത്താപത്തിനു വിലനൽകേണ്ടിവരുന്നത് നിയമക്കുരുക്കുകളിലൂടെ ഇഴഞ്ഞുനീങ്ങിക്കൊണ്ടാണെന്ന് ഈ ചിത്രം സാക്ഷ്യപ്പെടുത്തുന്നു.

വിഖ്യാത ഓസ്ട്രേലിയൻ ചലച്ചിത്രകാരനായ പോൾ കോക്സാണ് ഇത്തവണ ജൂറി ചെയർമാൻ. ഇദ്ദേഹത്തിന്റെ അഞ്ചു ചിത്രങ്ങൾ റെസ്ട്രോസ്പെക്ടീവ് വിഭാഗത്തിൽ മേളയിൽ പ്രദർശനത്തിനുണ്ട്.

ഇന്ത്യൻ സിനിമാവിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന ചിത്രങ്ങളിൽ ബംഗാളി ചിത്രങ്ങൾക്കാണ് മേൽക്കൈ. ഋതുപർണ ഘോഷിന്റെ *ചിത്രാംഗദ* ഉൾപ്പെടെ മൂന്നു ബംഗാളി ചിത്രങ്ങൾ ഈ വിഭാഗത്തിലുണ്ട്. കൂടാതെ ഫോക്കസ് വിഭാഗത്തിൽ ടോപ് ആംഗിൾ ഇന്ത്യൻ സിനിമ എന്നൊരു പുതുമയും ഇത്തവണയുണ്ട്. രഘു ജഗന്നാഥന്റെ തമിഴ് ചിത്രം *500X5*, ഉമേഷ് വിനായക് കുൽക്കർണിയുടെ മറാത്തി ചിത്രം *ധൂൽ*, അരവിന്ദ് അയ്യരുടെ *ഡ്രാപ്ചി* (ഇംഗ്ലീഷ്), ഗിരീഷ് കാസറവള്ളിയുടെ *കൂർമാവതാര* (കന്നട), അജിത സുചിത്രവീരയുടെ *ദി ബാലഡ് ഓഫ് രുസ്തം* (ഹിന്ദി), ഗജേന്ദ്ര ആഹിരേയുടെ *ടൂറിങ് ടാക്കീസ്* (മറാത്തി) എന്നിവയാണ് ഈ വിഭാഗത്തിലുള്ളത്.

മലയാള ചിത്രങ്ങൾക്ക് പതിവിലേറെ പ്രാതിനിധ്യം ലഭിക്കുന്ന ഇത്തവണത്തെ മേളയിൽ വിവിധവിഭാഗങ്ങളിലായി പതിനഞ്ചോളം മലയാള സിനിമകൾ പ്രദർശനത്തിനെത്തും. ഈ വർഷം മൺമറഞ്ഞ ചലച്ചിത്ര പ്രതിഭകളായ തിലകൻ, നവോ



ദി റിപ്പന്റന്റ് (അൾജീരിയ)



ഐ.ഡി.

ദയ അപ്പച്ചൻ തുടങ്ങിയവരെ ആദരിക്കാൻ അവരുടെ ചിത്രങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്.

പ്രസിദ്ധമായ നാടകങ്ങളുടെ ചലച്ചിത്രാവിഷ്കാരം ഇത്തവണത്തെ മറ്റൊരു പ്രത്യേകതയാണ്. തിയേറ്റർ ഫിലിം വിഭാഗത്തിലുമുണ്ട് രണ്ടു മലയാള ചിത്രങ്ങൾ. അരവിന്ദന്റെ *കാഞ്ചനസീത*യും (1977), ജയരാജിന്റെ *കളിയാട്ട*വും (1997). ഇംഗ്ലീഷ് ചിത്രങ്ങളായ *ഹാംലറ്റ്* (കെന്നത് ബ്രണ), *സ്ട്രീറ്റ് കാർ നെയിംഡ് ഡിസയർ* (എലിയ കസാൻ), *ഇക്വിസ്* (സിഡ്നി ലൂമെ), *റോമിയോ ആൻഡ് ജൂലിയറ്റ്* (ഫ്രാങ്കോ സെഫീറെലി) എന്നിവയാണ് ഈ വിഭാഗത്തിലെ മറ്റു ചിത്രങ്ങൾ. വിയറ്റ്നാമിൽ നിന്നുള്ള നാലു ചിത്രങ്ങൾ കൺട്രി ഫോക്കസ് വിഭാഗത്തിൽ മേളയിലെത്തും.

ഓസ്ട്രേലിയൻ തദ്ദേശീയ ചിത്രങ്ങളുടെ വിഭാഗത്തിൽ ഈ നാട്ടിൽ നിന്നുള്ള എട്ടു ചിത്രങ്ങൾ മേളയിലുണ്ട്. ഇതിൽ എക്കാലത്തേയും മികച്ച ഓസ്ട്രേലിയൻ ചിത്രമായ വാർവിക് തോണ്ടിന്റെ *സാംസൻ ആൻഡ് ദലീല* രണ്ടാം തവണയാണ് മേളയിലെത്തുന്നത്. അതിജീവനവും പ്രമേയവും ഒന്നിക്കുന്ന, വാക്കുകൾക്കതീതമായ ഈ ചിത്രം പതിനഞ്ചാം ചലച്ചിത്രമേളയിൽ കാണാൻ കഴിയാത്തവർക്ക് രണ്ടാംവരവ് ഒരു സുവർണാവസരമാകും.

കൗമാരക്കാരുടെ ചിത്രങ്ങളുടെ വിഭാഗമായ ഫിലിം ഓൺ അഡോളസെൻസിൽ ഫ്രാൻസിൽ നിന്നുള്ള അഞ്ചു ചിത്രങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.


റെട്രോസ്പെക്റ്റീവ് വിഭാഗത്തിൽ പശ്ചിമ ആഫ്രിക്കയിലെ ബുർക്കിനാ ഫാസോ സംവിധായകനായ എസ്. പിയറി യമാഗോയുടെ ആറു ചിത്രങ്ങളും വിശ്രുത ചലച്ചിത്രകാരന്മാരായ അലൻ റെനെയുടെ 1950 മുതൽ 1997 വരെയുള്ള പതിനൊന്നു ചിത്രങ്ങളും അകിര കുറോസാവയുടെ ഒൻപതു ചിത്രങ്ങളും ബ്രസീലിയൻ നടിയും തിരക്കഥാകൃത്തും സംവിധായികയുമായ ഹെലേന ഇഗ്നേസിന്റെ ഏഴു ചിത്രങ്ങളും പ്രദർശനത്തിനുണ്ട്.

സസ്പെൻസിന്റെ ചലച്ചിത്ര സാധ്യതകൾ അങ്ങേയറ്റം ഉപയോഗിച്ച ആൽഫ്രഡ് ഹിച്ച്കോക്കിന്റെ ഒൻപതു ക്ലാസിക് ചിത്രങ്ങൾ ഫോക്കസ് വിഭാഗത്തിൽ മേളയിലെത്തും. മലയാളത്തിന്റെ കരുത്തുറ്റ നടൻ സത്യന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ മികച്ച ചിത്രങ്ങളുടെ പ്രദർശനവും ഇത്തവണയുണ്ടാകും.

ഇറ്റാലിയൻ ചലച്ചിത്രപ്രതിഭകളും സഹോദരന്മാരുമായ പൗലോ തവിയാനി, വിറ്റോറിയോ തവിയാനി എന്നിവരെ സമഗ്രസംഭാവനയ്ക്കുള്ള അവാർഡുനൽകി മേളയിൽ ആദരിക്കുന്നുണ്ട്. ഇത്തവണ ബർളിൻ അന്തർദേശീയ ചലച്ചിത്രമേളയിൽ ഗോൾഡൻ ബെയർ അവാർഡുനേടിയ ഇവരുടെ *സീസർ മസ്റ്റ് ഡൈ* മേളയിൽ ലോക സിനിമാ വിഭാഗത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

ഒരിടവേളയ്ക്കുശേഷം കിം കി ദുക്ക് രണ്ടു ചിത്രങ്ങളുമായി എത്തുന്നു. അദ്ദേഹത്തിന്റെ പതിനാറാം ചിത്രം *അരിരംഗ്* ആത്മാവിഷ്കാരമാണ്. എന്തുകൊണ്ടാണ് കിം സിനിമയിൽ ഒരിടവേളയുടെ മൗനം പാലിച്ചതെന്നതിനുള്ള മറുപടിപോലെയാണ് ഈ ചിത്രം. തന്റെ വിമർശകർക്കുള്ള ഉത്തരം കൂടിയാണിതെന്ന് കിം അവകാശപ്പെടുന്നു. *അരിരംഗി*ൽ കിം കി ദുക്കും ഒരു പൂച്ചയും മാത്രമാണുള്ളത്. ചിത്രം പ്രേക്ഷകരെ ബോറടിപ്പിക്കുന്നുവെങ്കിൽ അത് താൻ കാര്യമാക്കുന്നില്ലെന്നും തന്റെ ആശയപ്രകാശനം മാത്രമാണിതെന്നുമാണ് ഇതേക്കുറിച്ച് സംവിധായകന്റെ വിശദീകരണം. കിമ്മിന്റെ പതിനെട്ടാം ചിത്രമായ *പിയത്ത*യാണ് മേളയിലെ മറ്റൊരു ചിത്രം. ബർലിൻ, കാൻ, വെനീസ് ചലച്ചിത്രമേളകളിൽ മികവിന്റെ പുരസ്കാരം നേടിയശേഷമാണ് *പിയത്ത* മലയാളി പ്രേക്ഷകർക്കു മുന്നിലെത്തുന്നത്. ഷൈലോക്കിന്റെ മനോഭാവമുള്ള പണപ്പിരിവുകാരൻ കാംഡോയുടെ ജീവിതത്തിലേക്ക് അമ്മയായെത്തുന്ന ഒരു മധ്യവയസ്കയും തുടർ സംഭവങ്ങളുമാണ് ഇതിവൃത്തം. പിയത്ത എന്ന ഇറ്റാലിയൻ വാക്കിന് സഹതാപം എന്നാണ് അർഥം.

കഥയിലും അവതരണത്തിലും അണിയറപ്രവർത്തകരുടെ കാര്യത്തിലും പുതുമയുടെ പാതയിലാണ് സമകാലിക മലയാള സിനിമാരംഗം. ഇതിന്റെ പ്രതിഫലനം ഇത്തവണ മേളയിലും ദർശിക്കാം. സമകാലിക



ലൈക്ക് സംവൺ ഇൻ ലൗ (ഫ്രാൻസ്),

മലയാളസിനിമാവിഭാഗം ഇത്തരം മാറ്റങ്ങളുടെ കാഴ്ചാനുഭവമൊരുക്കും. ഈ വിഭാഗത്തിൽ ഇരുകാലഘട്ടത്തിന്റെയും പ്രതിനിധിയായ രഞ്ജിത്തിന്റെ *ഇന്ത്യൻ റുപ്പി,* മധുപാലിന്റെ *ഒഴിമുറി,* ഡോ. ബാബുവിന്റെ *ആകാശത്തിന്റെ നിറം,* കെ. ഗോപിനാഥിന്റെ *ഇത്രമാത്രം,* ലിജിൻ ജോസിന്റെ *ഫ്രൈഡേ,* അരുൺകുമാർ അരവിന്ദിന്റെ *ഈ അടുത്ത കാലത്ത്,* മനോജ് കണ്ണന്റെ *ചായില്യം* എന്നീ വ്യത്യസ്ത വ്യക്തിത്വങ്ങളുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

*സംതിങ് ഇൻ ദി എയർ* (ഫ്രാൻസ്, ഒലീവിയർ അസയാസ്), *ദി ഗാർഡനർ* (ഇറാൻ, മൊഹ്സെൻ മക്മൽബഫ്), *ക്യാപ്ടിവ്* (ഫ്രാൻസ്), ബ്രില്യന്റ് മെൻഡോസ), *ആമർ* (ഓസ്ട്രിയ, മൈക്കിൾ ഹാനക്), *ഇൻ അനദർ കൺട്രി* (ദക്ഷിണ കൊറിയ, സാങ് സൂ ഹോങ്), *ലൈക്ക് സംവൺ ഇൻ ലൗ* (ഫ്രാൻസ്), അബ്ബാസ് കിരോസ്താമി), *മിഡ്നൈറ്റ്സ് ചിൽഡ്രൻ* (കാനഡ, ദീപാ മേത്ത), *മൈ ട്രൈബ്* (ഇറാൻ, ബൊഹ്മാൻ ഗൊബാദി) എന്നിവ ലോകസിനിമാവിഭാഗത്തിൽ പ്രേക്ഷകശ്രദ്ധ നേടാവുന്ന ചിത്രങ്ങളാണ്.




## പീപ്പിൾ മൗണ്ടൻ പീപ്പിൾ സി (ചൈന, ഷാങ് ജുൻ കോയ്)

ഷാങ് ജുനിന്റെ ആദ്യ ചിത്രം *റെഡ് ഓൺ* പുസാൻ മേളയിൽ ഫിപ്രസി അവാർഡ് നേടിയിരുന്നു. *പീപ്പിൾ മൗണ്ടൻ പീപ്പിൾ സീ* വെനീസ് മേളയിൽ മികച്ച സംവിധായകനുള്ള അവാർഡിന് അദ്ദേഹത്തെ അർഹനാക്കി. തെക്കൻ ചൈനയുടെ വ്യാവസായിക വിപ്ലവത്തിന്റെ കെടുതികളാണ് ഇതിവൃത്തം. ഒരു കൊലപാതകത്തിന്റെ ചുരുളഴിക്കുന്ന അന്വേഷണത്തിലൂടെയാണ് കഥ നീങ്ങുന്നത്. ഷോട്ടുകളുടെ നീളക്കൂടുതലും ഞെട്ടിക്കുന്ന രംഗങ്ങളും ഈ ചിത്രത്തിന്റെ പ്രത്യേകതയാണ്.

## ഫോർ സൺസ് (ജർമനി, ബൊഹ്ദാൻ സ്ളാമ)

ജീവിത പ്രാരാബ്ധങ്ങളിൽ നട്ടംതിരിയുന്ന ജര, ജന ദമ്പതികളുടെ കഥപറയുന്ന ഈ ചിത്രം, മക്കൾക്കുവേണ്ടി ജീവിതം ഹോമിച്ച് സ്വന്തം ജീവിതം കൈവിട്ടുകളയുന്ന കേരളീയസമൂഹത്തിലെ ഒരുവിഭാഗം മാതാപിതാക്കളുടെ പ്രതീകമായും വായിക്കാം.

## കുമ (ഓസ്ട്രിയ, ഉമുത് ഭാഗ്)

രണ്ടാം ഭാര്യ എന്നാണ് കുമ എന്നതിനർഥം. ബർലിനാലെ പനോരമ വിഭാഗത്തില ഉദ്ഘാടന ചിത്രമായ *കുമ* പഴയതും പുതിയതുമായ സംസ്കാരത്തിന്റെ വ്യത്യസ്തമുഖങ്ങൾ, വിധേയത്വത്തിന്റെയും സൗഹൃദത്തിന്റെയും ഭാവങ്ങൾ, വൈകാരിക രംഗങ്ങൾ എന്നിവ ഈ ചിത്രത്തിലുണ്ട്. സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ സ്ത്രീകൾക്കുള്ള പങ്ക് ഈ ചിത്രം ചർച്ചചെയ്യുന്നു. സംവിധായകന്റെ ആദ്യ ചിത്രമാണിത്. വിവാഹശേഷം വരന്റെ അച്ഛന്റെ ഭാര്യയാകേണ്ടിവന്ന ഐസേ എന്ന യുവതിയുടെ അനുഭവവഴികളിലൂടെയാണ് ഈ ചിത്രം നീങ്ങുന്നത്.



മിഡ്നൈറ്റ്സ് ചിൽഡ്രൻ

## വിത് യു വിതൗട്ട് യു (ശ്രീലങ്ക, പ്രസന്ന വിത്തനാഗേ)

ദസ്തയേവ്സ്കിയുടെ *ദി മീക്ക് വൺ* എന്ന ചെറുകഥയെ ആസ്പദമാക്കി നിർമിച്ച ഈ ചിത്രത്തിന്റെ കഥാഗതി ഇഴഞ്ഞമട്ടിലാണെങ്കിലും ഹൃദയസ്പർശിയായ ഇതിവൃത്തമാണ് ഇതിന്റേത്. സാംസ്കാരിക വൈചിത്ര്യം കാരണം ദാമ്പത്യബന്ധത്തിലെ തകർച്ച മനോഹരമായി ഈ ചിത്രത്തിൽ ഇഴചേർത്തിരിക്കുന്നു.

## ദി സഫയിർസ് (ഓസ്ട്രേലിയ, വെയ്നി ബ്ലെയർ)

മികച്ച ചിത്രം, മികച്ച തിരക്കഥ എന്നിവയ്ക്കുള്ള എ.ഡബ്ല്യു.ജിഐ. പുരസ്കാരം നേടിയ *ദി സഫയിർസ്* 1968 ലെ വിയറ്റ്നാം യുദ്ധകാലത്ത് അവിടെ സൈന്യത്തിന്റെ പാട്ടുകാരായി എത്തുന്ന നാലു സ്ത്രീകളുടെ കഥ പറയുന്നു. ട്രൂപ്പിന്റെ പേരാണ് *സഫയിർസ്.* ■

ഹൃദ്യ മേനോൻ എം. കെ. / ദിവ്യ എസ്.

# സർഗവഴിയിൽ അരനൂറ്റാണ്ട്



**അഞ്ചു പതിറ്റാണ്ടായി മലയാളസിനിമയിൽ നിറഞ്ഞു നിൽക്കുന്ന അഭിനയക്കരുത്തിന്റെ പ്രതീകമാണ് മധു. സമ്പന്നമായ ചലച്ചിത്രകാലത്തിന്റെ സ്മരണകളിലൂടെ അദ്ദേഹം കടന്നു പോവുന്നു.**

അഭ്രപാളിയിലെ അരനൂറ്റാണ്ട് കാലത്തെ ജീവിതം മാധവൻ നായരെന്ന ഹിന്ദി ലക്ചററെ മധു എന്ന അഭിനയ പ്രതിഭയാക്കി മാറ്റി. വെള്ളിത്തിരയിൽ നടനായും പിന്നണിയിൽ സംവിധായകനായും നിർമാതാവായും വേഷമിട്ട മധുവിൻെറ അറുപത്- എഴുപതുകളിലെ ശക്തമായ കഥാപാത്രങ്ങൾ ഇന്നും പ്രേക്ഷകമനസ്സിൽ തങ്ങിനിൽക്കുന്നു. ബ്ലാക്ക് ആന്റ് വൈറ്റിൽ നിന്നും കളറിലേക്കും ഇൻഡോർ ഷൂട്ടിൽ നിന്നും ഔട്ട്ഡോറിലേക്കും 16 എം. എം. ൽ നിന്നും 3ഡി യിലേക്കും തുടങ്ങി സിനിമയുടെ മുന്നോട്ടുള്ള പ്രയാണത്തിൻെറ സാങ്കേതിക വികാസത്തിന് സാക്ഷ്യം വഹിക്കുന്നതിനും അതിൽ ഭാഗഭാക്കാകുന്നതിനും ഭാഗ്യം സിദ്ധിച്ച പ്രതീകമാണ് മധു. *നിണമണിഞ്ഞ കാൽപ്പാടുകളിൽ* നിന്നും *പ്രഭുവിൻെറ മക്കൾ* വരെ എത്തി നിൽക്കുന്ന 300-ലേറെ സിനിമകളിലെ വേറിട്ട അഭിനയസമ്പത്തിൽ നിന്നും മധു മനസ്സു തുറക്കുന്നു;

"അഭിനയ ജീവിത്തിൽ ഞാനൊരു യോദ്ധാവാണ്. ലക്ഷ്യം മുന്നിൽ വയ്ക്കാതെ വഴിതെളിച്ചു മുന്നേറുന്ന യോദ്ധാവ്"

കുട്ടിക്കാലം മുതൽക്കേ നാടകവും സിനിമയും ആസ്വദിച്ചിരുന്ന എനിക്ക് അഭിനയത്തോട് അഭിനിവേശമുണ്ടായിരുന്നു. നാഗർകോവിൽ സ്കോട്ട് ക്രിസ്ത്യൻ കോളേജിൽ ഹിന്ദി അദ്ധ്യാപകനായി പ്രവർത്തിച്ചിരുന്ന സമയത്താണ് ഡൽഹി സ്കൂൾ ഓഫ് ഡ്രാമയെ കുറിച്ചറിയുന്നതും അപേക്ഷിക്കുന്നതും.അവിടെ പഠിക്കുന്ന കാലത്താണ് രാമുകാര്യാട്ടിനെ പരിചയപ്പെട്ടത്. അങ്ങനെ സിനിമയിലേക്കെത്തുകയായിരുന്നു. 1963 ലെ *നിണമണിഞ്ഞ കാൽപാടുകൾ* ആണ് എൻെറ ആദ്യ സിനിമ. രണ്ടാമത്തെ സിനിമയായ *മൂടുപട*ത്തിലെ കൊച്ചുകുഞ്ഞിന്റെ വേഷത്തിലൂടെയാണ് സിനിമയിൽ സജീവമായത്. അഭിനയിച്ച സിനിമകളിൽ ഹൃദയത്തോട് അടുത്തു നിൽക്കുന്ന ധാരാളം കഥാപാത്രങ്ങളുണ്ട്. *കുടുംബസമേത*ത്തിലെ കഥാപാത്രം അതിലൊന്നാണ്. *ഉമ്മാച്ചു, ചെമ്മീൻ, ഭാർഗവീ നിലയം, ഓളവും തീരവും* എന്നിവയിലെ വേഷവും ഞാൻ ഏറെ ഇഷ്ടപ്പെടുന്നു.

മാധവൻ നായരിൽനിന്നും മധുവിലേക്കുള്ള പേരുമാറ്റം സ്ക്രീനിൽ എഴുതിക്കാണിച്ചപ്പോഴാണ്

ഞാൻ ശ്രദ്ധിച്ചത്. ഇതിനുപിന്നിൽ രാമു കാര്യാട്ടും ശോഭനാ പരമേശ്വരൻ നായരും അടങ്ങുന്ന അണിയറപ്രവർത്തകരായിരുന്നു.

നടൻ എന്നതിലുപരി പ്രൊഡ്യൂസർ എന്ന സ്ഥാനത്തെ ഞാൻ ഏറെ ഇഷ്ടപ്പെടുന്നു. സിനിമയുടെ ആദ്യന്തം വരെയും യത്നിക്കുന്ന ഒരു സംഘാടകൻ; അല്ലാതെ പണം മാത്രം മുടക്കുന്ന വ്യക്തി എന്ന അർഥത്തില്ല. വിൻസന്റ് മാസ്റ്ററെയാണ് യഥാർഥ സംവിധായകനായി ഞാൻ കാണുന്നത്. സിനിമയുടെ എല്ലാ മേഖലകളെക്കുറിച്ചും നല്ല ധാരണയുള്ള സംവിധായകനാണ് അദ്ദേഹം. സിനിമ എന്ന മാധ്യമത്തെക്കുറിച്ച് അവഗാഹമുള്ള വ്യക്തിയാണ് രാമു കാര്യാട്ട്, അതുപോലെ ഷൂട്ടിങ്ങിനു മുമ്പുതന്നെ സിനിമ മനസ്സിൽ ചിത്രീകരിക്കാനുള്ള സവിശേഷ പാടവം പി.എൻ. മേനോനുണ്ട്. ഇന്ന് സിനിമ താരങ്ങളുടെ പേരിലാണ് അറിയപ്പെടുന്നത്. സംവിധായകന് രണ്ടാം സ്ഥാനം മാത്രം. അത് സിനിമയുടെ ഗുണത്തെ സാരമായി ബാധിക്കുന്നു. അണിയറ പ്രവർത്തകർക്കിടയിലെ മനുഷ്യബന്ധങ്ങൾ നഷ്ടപ്പെടുകയും സിനിമ വെറും അബ്കാരി ബിസിനസായി പരിണമിച്ചുപോകുകയും ചെയ്തിരിക്കുന്നു.

ചിത്രലേഖ ഫിലിം സൊസൈറ്റിയുടെ പ്രവർത്തനത്തിലൂടെയാണ് ഞാൻ അടൂരുമായി അടുക്കുന്നത്. അങ്ങനെ അദ്ദേഹത്തിന്റെ *സ്വയംവരത്തിൽ* അഭിനയിച്ചു. പി. എൻ. മേനോന്റെ *ഓളവും തീരത്തി*ലും ഞാൻ അഭിനയിച്ചിട്ടുണ്ട്. സിനിമകളിൽ കൊമേഷ്യൽ, പാരലൽ എന്നിങ്ങനെ ഒരു വേർതിരിവ് സംവിധായകനുണ്ടാകാം. ഒരു നടനെ സംബന്ധിച്ച് അത്തരമൊരു വേർതിരിവില്ല. അഭിനയം എന്ന കലയുടെ അവതരണം മാത്രമാണ് അഭിനേതാവിനു മുന്നിലുള്ളത്. എന്നെ ഏറെ പ്രോത്സാഹിപ്പിച്ചിരുന്ന സത്യൻ എനിക്ക് ജ്യേഷ്ഠനെപ്പോലെയായിരുന്നു; നസീർ നല്ലൊരു സുഹൃത്തും. സോമൻ, ജയൻ, സുകുമാരൻ തുടങ്ങിയ സമകാലീനർ അനുജന്മാരെപ്പോലെയും. തൊഴിൽപരമായി ആർക്കും പരസ്പരം അസൂയ ഇല്ലാതിരുന്ന ഒരു കാലഘട്ടം. സംഗീതം, നൃത്തം, അഭിനയം എന്നിവയോട് തികഞ്ഞ പ്രതിബദ്ധതയുള്ള പ്രതിഭാശാലിയായിരുന്നു ശ്രീവിദ്യ. ഏതു ഭാഷയും വളരെ പെട്ടെന്നുതന്നെ സ്വായത്തമാക്കുന്ന പ്രകൃതമായിരുന്നു അവരുടേത്. കഥാപാത്രങ്ങൾക്ക് സ്വന്തം ശബ്ദം നൽകാൻ മടിച്ചിരുന്ന കാലത്ത് ശ്രീവിദ്യ അത് നിറവേറ്റിയിരുന്നു. അന്നത്തെ നായികമാരായിരുന്ന ശാരദ, ഷീല, ജയഭാരതി തുടങ്ങിയവർ വേറിട്ട അഭിനയശൈലിയുടെ ഉടമകളായിരുന്നു. ഇക്കാലത്ത് നായികമാർ അഭിനയിച്ച് കാശുണ്ടാക്കി വിവാഹത്തോടെ വെള്ളിത്തിരയിൽനിന്നും അകന്നുപോകുന്ന പ്രവണത കണ്ടുവരുന്നു.

ദൈവം കൈക്കൂലിക്കാരനാണെന്ന് ഒരു നിമിഷവും തോന്നിയിട്ടില്ല. പ്രാർഥനയ്ക്ക് ഏകാഗ്രത ലഭിക്കുവാൻ അമ്പലത്തിൽ പോകാറുണ്ട്, അതാണ് എന്റെ ഭക്തി. ഞാൻ ഓരോ നിമിഷവും സന്തുഷ്ടനാണ്. കാരണം കണ്ണു തുറന്നു നോക്കുമ്പോൾ എന്റെ മുകളിലുള്ളതിനേക്കാൾ അധികം പേർ താഴെയാണ്. അക്കൂട്ടരാണ് എന്നേക്കാൾ യാതന അനുഭവിക്കുന്നവർ.

ഞാൻ ഉമ സ്റ്റുഡിയോ തുടങ്ങിയ കാലത്ത് അനേകം പേർക്ക് അവിടെ ജോലി നൽകിയിരുന്നു. മന്ത്രിമാരുമായി സംസാരിച്ച് അവിടേക്ക് ഗതാഗത സൗകര്യവുമുണ്ടാക്കി. എന്നിട്ടും എന്റെ വീട്ടിൽ സഹായിയായി നിന്ന ചെറുപ്പക്കാരനെ കാണാനില്ലെന്ന പേരിൽ ഇവരിൽ പലരും എനിക്കെതിരെ തിരിഞ്ഞു, ബസ്സിനു പുറകിൽ പോസ്റ്റർവരെ ഒട്ടിച്ചു. പിന്നീട് ആരോപണം തെറ്റായിരുന്നുവെന്ന് ഞാൻതന്നെ തെളിയിച്ചു. മറ്റുള്ളവർക്ക് നന്മ ചെയ്യുന്ന ശീലത്തെപ്പോലും മരവിപ്പിച്ച ഒരു സംഭവമായിരുന്നു അത്. ഇന്നും എന്നെ വേദനിപ്പിക്കുന്ന ഒന്ന്.


> ഇന്ന് സിനിമ താരങ്ങളുടെ പേരിലാണ് അറിയപ്പെടുന്നത്. സംവിധായകന് രണ്ടാം സ്ഥാനം മാത്രം. അത് സിനിമയുടെ ഗുണത്തെ സാരമായി ബാധിക്കുന്നു.

അമിതാഭ് ബച്ചന്റെ ആദ്യ സിനിമയായ *സാത് ഹിന്ദുസ്ഥാനി*യിൽ മാത്രമേ ഞാൻ അഭിനയിച്ചിട്ടുള്ളുവെങ്കിലും ബോളിവുഡിലുള്ളവരുമായി ഇപ്പോഴും ബന്ധമുണ്ട്. അവർ എല്ലാവരും ഇന്നും എന്റെ മനസ്സിലുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക കഥാപാത്രം ചെയ്യണമെന്ന് ആഗ്രഹിച്ചിട്ടില്ല. ഒരു നടൻ ഏതു കഥാപാത്രവും ചെയ്യാൻ തയാറായിരിക്കണം. എന്നെ സംബന്ധിച്ച് ഞാൻ ആഗ്രഹിച്ചതിലും കൂടുതൽ അവസരങ്ങൾ ലഭിച്ചുകഴിഞ്ഞുവെന്നാണ് തോന്നുന്നത്.

പഴങ്കഞ്ഞി കുടിച്ചു നടന്നവന് ഉപ്പിട്ട ചൂടുകഞ്ഞിവെള്ളം കിട്ടുമ്പോഴുള്ള ആശ്വാസമാണ് പുതുതലമുറ സിനിമകൾ കാണുന്ന പ്രേക്ഷകർക്ക് ലഭിക്കുന്നത്. അവർക്ക് സദ്യ നൽകുവാൻ ആർക്കും കഴിയുന്നില്ല. ഭാവിയിൽ അത്തരമൊരു മാറ്റം വരുമെന്ന് പ്രതീക്ഷിക്കാം. പഴയ സിനിമകൾ ഗംഭീരവും ഇപ്പോഴത്തേത് മോശവുമാണെന്ന അഭിപ്രായമെനിക്കില്ല. സമൂഹത്തിൽ നടക്കുന്നത് സിനിമയിലൂടെ പ്രതിഫലിക്കുന്നുവെന്നു മാത്രം. മാറ്റം അനിവാര്യമാണ്. അത് ഉൾക്കൊള്ളാൻ കഴിയണം. അല്ലാതെ കഴിഞ്ഞുപോയതും നിലവിലുള്ളതും തമ്മിൽ താരതമ്യം ചെയ്യുന്നത് നന്നല്ല. പുതുതലമുറ സംവിധായകരോടൊപ്പം അധികം പ്രവർത്തിച്ചിട്ടില്ലെങ്കിലും ചിലരിൽ എനിക്ക് പ്രതീക്ഷയുണ്ട്. വ്യാമോഹങ്ങളില്ലാതെ പരാജയവും വിജയവും ജീവിത യാഥാർഥ്യമാണെന്നു മനസ്സിലാക്കി കഠിനാധ്വാനത്തോടെ പുതുതലമുറ മുന്നേറണം. ■









■ സുരേഷ് മുതുകുളം

# ജീവശാക്തീകരണം കരുത്തേകുന്ന വിളകൾ



മൂന്നര പതിറ്റാണ്ടു മുൻപു നടന്ന സംഭവമാണ്; ബംഗ്ലാദേശിലെ കുട്ടികളിൽ നല്ലൊരു ശതമാനം അപ്രതീക്ഷിതമായ ഒരു രോഗത്തിന്റെ പിടിയിലമർന്നു. കാലുകൾ ബലം കുറഞ്ഞ് പിന്നിലേക്ക് വളയുന്ന ഒരപൂർവ രോഗം; ഒരു തലമുറയുടെ തന്നെ സ്വതന്ത്ര സഞ്ചാരശേഷിക്ക് വിഘാതമാകുന്ന ഈ രോഗം മനുഷ്യമനസ്സാക്ഷിയെ ഞെട്ടിച്ചു. ലോകത്ത് അന്ന് അത്തരമൊരു രോഗത്തെക്കുറിച്ച് അധികമൊന്നും കേട്ടറിവുണ്ടായിരുന്നില്ല. കളിച്ചുനടക്കേണ്ട ചുറുചുറുക്കുള്ള പ്രായത്തിൽ കുട്ടികൾക്കു നേരിടേണ്ടിവരുന്ന ഈ ദുരവസ്ഥയെക്കുറിച്ചോർത്ത് അധികൃതരും ആരോഗ്യപ്രവർത്തകരും ആശങ്കാകുലരായി. അന്നോളം പലർക്കും അപരിചിതമായിരുന്ന ഈ രോഗമാണ് 'കണ' അഥവാ 'rickets'. കാലുകൾ ബലംകുറഞ്ഞ് തൂങ്ങി പിന്നിലേക്ക് വളയുന്ന അവസ്ഥ. അസ്ഥികൾക്ക് ബലം നഷ്ടപ്പെട്ട് മൃദുവായിപ്പോകുന്ന അവസ്ഥയാണിത്. വളർച്ചാഘട്ടത്തിൽ വേണ്ടത്ര സൂര്യപ്രകാശം ലഭിക്കാത്ത സാഹചര്യത്തിലും അതെത്തുടർന്ന് ശാരീരികാവശ്യത്തിനു വേണ്ട ജീവകം ഡിയുടെ അഭാവം നിമിത്തവുമാണ് കണ രോഗമുണ്ടാകുന്നത്. ഒരു ജീവകത്തിന്റെ അഭാവം കൊച്ചുകുരുന്നുകളെ തള്ളിവിട്ടതിന് ഉത്തമദൃഷ്ടാന്തമായി ഈ സംഭവത്തെ ലോകാരോഗ്യസംഘടന തന്നെ എടുത്തുകാട്ടാറുണ്ട്.

ബംഗ്ലാദേശിൽ മാത്രമല്ല ആഗോളതലത്തിൽ തന്നെ കൊച്ചുകുട്ടികളും പാലൂട്ടുന്ന അമ്മമാരും നിർധനരായ സാധാരണ മനുഷ്യരും നേരിടുന്ന ഈ ദുരവസ്ഥയ്ക്ക് പരിഹാരമായി കുട്ടികൾക്ക് പോഷകപ്രദമായ ആഹാരം നൽകിയാൽ പോരെ എന്ന ചോദ്യമുയരാം; എന്നാൽ ഇത്തരത്തിൽ പോഷകപൂർണവും സംസ്കരിച്ചെടുത്തതും ആയ ഭക്ഷ്യപദാർഥങ്ങൾ പലപ്പോഴും വൻവിലകൊടുത്ത് വാങ്ങി ഉപയോഗിക്കുകയെന്നത് നിർധനജനതയെ സംബന്ധിച്ച് അന്നും ഇന്നും സാധ്യമല്ലല്ലോ. സാമ്പത്തികപരാധീനതയാണ് കാര്യമായ പോഷകമേന്മ ഒന്നുമില്ല എന്നറിഞ്ഞിട്ടും ഒരേ ആഹാരക്രമം തന്നെ തുടരാൻ അവരെ നിർബന്ധിക്കുന്നതും. ഇവിടെയാണ് മനുഷ്യന് വേണ്ടത്രയളവിൽ പോഷക ഘടകങ്ങളും മൂലകങ്ങളും നൽകുവാൻ കഴിവുള്ള ശക്തി നൽകി ഭക്ഷ്യവിളകളെ വളർത്തിയെടുക്കുന്ന പ്രക്രിയയായ ജൈവവിളശാക്തീകരണത്തിന് (bio fortification) പ്രസക്തിയേറുന്നത്. ഇത്തരം വിളകൾ ജീവകം എ, സിങ്ക്, ഇരുമ്പ് തുടങ്ങിയ പോഷകമൂലകങ്ങളാൽ സമൃദ്ധമായിരിക്കും. വളർച്ചാഘട്ടത്തിൽ തന്നെ അവയുടെ വിത്തുകളിലും വേരുകളിലും ഉയർന്ന അളവിൽ ധാതുലവണങ്ങളും ജീവകങ്ങളും സന്നിവേശിപ്പിച്ചാണ് ഇത് സാധ്യമാക്കുന്നത്. ശാരീരികാരോഗ്യത്തിന് അവശ്യം വേണ്ടുന്ന സൂക്ഷ്മ മൂലകങ്ങൾ (essential micro nutrients) ലഭ്യമാക്കി ആഗോളതലത്തിൽ ഇന്ന് മാനവരാശി



അഭിമുഖീകരിക്കുന്ന പോഷണക്കുറവ് സംബന്ധിയായ ന്യൂനതകളും രോഗങ്ങളും പോരായ്മകളും വൈകല്യങ്ങളും അക റ്റാനും ശിശുക്കളിലെ വിളർച്ച ഒഴിവാ ക്കാനും ബൗദ്ധിക വികാസത്തിന് അനു ഗുണമായ സാഹചര്യം ലഭ്യമാക്കാനുമാണ് ഈ സവിശേഷ സസ്യപ്രജനനതന്ത്രം ലക്ഷ്യമിടുന്നത്.

ജൈവവിള ശാക്തീകരണം രണ്ടുവിധ ത്തിൽ പ്രാവർത്തികമാക്കാം. പരമ്പരാഗത പ്രജനനരീതികൾ വഴിയും ആധുനിക ജനി തക എൻജിനീയറിങ് മാർഗങ്ങൾ മുഖേ നയും. പരമ്പരാഗത രീതിയിൽ പ്രജനനം നടത്തിയെടുക്കുന്ന ചെടികളിൽ പ്രകൃതി ദത്തമായിത്തന്നെ അതിലുള്ള പോഷകഘ ടകങ്ങൾ ഉണ്ടാവും. എന്നാൽ ജൈവശാ ക്തീകരണം വഴി പ്രജനനം നടത്തിക്കി ട്ടുന്ന വിളകൾ പോഷകസമൃദ്ധവും സമ്പ ന്നവുമായിരിക്കും.

### പരമ്പരാഗത പ്രജനനം

പരമ്പരാഗത പ്രജനനതന്ത്രത്തിൽ (Traditional Breeding) വംശവർധനയുടെ കാതൽ എന്നനിലയ്ക്ക് ആദ്യം വിത്തുക ളാണ് തെരഞ്ഞെടുക്കുക. ഉയർന്ന ഉത്പാ ദനശേഷിയുള്ള വിത്തുകൾക്കാണ് മുൻഗ ണന. ഫലത്തിൽ ഇവയിൽ നിന്ന് മികച്ച പോഷകഘടനയുള്ള അധിക വിളവ് നമുക്കു ലഭിക്കും.

> ജൈവവിള ശാക്തീകരണം രണ്ടുവിധത്തിൽ പ്രാവർത്തികമാക്കാം. പരമ്പരാഗത പ്രജനനരീതികൾ വഴിയും ആധുനിക ജനിതക എൻജിനീയറിങ് മാർഗങ്ങൾ മുഖേനയും.

### ജനിതക എൻജിനീയറിങ്

ആധുനിക പ്രജനനതന്ത്രം എന്നു വിശേഷിപ്പിക്കാവുന്ന ജനിതക എൻജിനീ യറിങ് രീതിയിൽ ജീനിനാണ് പ്രാമുഖ്യം. നമുക്കാവശ്യമുള്ള അത്രയും പോഷകഘ ടകങ്ങളടങ്ങിയ ജീനാണ് ഇവിടെ നിർദിഷ്ട വിത്തിലേക്ക് കടത്തുന്നത്. ഈ വിത്ത് വംശവർധനവ് നടക്കുമ്പോൾ മേൽത്തരം വിളവ് കിട്ടുന്നു; പ്രത്യേകിച്ച് വേണ്ടത്ര സൂക്ഷ്മമൂലകങ്ങളടങ്ങിയ വിളവിന്റെ ലഭ്യത ഇവിടെ ഉറപ്പാക്കാനും കഴിയുന്നു. ഈ രീതിയിലാണ് നേരത്തെ പോഷകസ മൃദ്ധമായ സുവർണ അരി (ഗോൾഡൻ റൈസ്) ഉത്പാദിപ്പിച്ചത്. 'ബീറ്റാ-കരോട്ടിൻ' എന്ന ഘടകം ധാരാളമടങ്ങിയിട്ടുള്ള സുവർണ അരി യഥാർഥത്തിൽ കുഞ്ഞു ങ്ങൾക്കു വേണ്ടത്ര തോതിൽ അവശ്യ പോഷകഘടകങ്ങൾ നൽകാൻ പര്യാപ്ത മായിരുന്നു. അരിയിൽ വേണ്ടത്ര ജീവകം എ ചേർത്ത് കുട്ടികൾക്ക് - പ്രത്യേകിച്ച് കാഴ്ചക്കുറവോ ഭാഗികമായ അന്ധതയോ ബാധിച്ചവർക്ക്-സാധാരണ ഭക്ഷ്യ ക്രമ ത്തിൽ ജീവകം എ യുടെ കുറവു പരിഹ രിക്കാൻ ഈ അരി ഉപയോഗിക്കാവുന്ന താണ്. ഇത് പട്ടിണിമരണവും അപര്യാപ്ത പോഷണ പ്രശ്നങ്ങളും ഏറെയുള്ള ആഫ്രിക്കൻ നാടുകളിലേക്ക് ധാരാളം കയറ്റി അയക്കുകയും ചെയ്തു.

മറ്റൊരു ധാന്യവിളയായ ചോളത്തിലും ഇത്തരത്തിൽ ജൈവവിളശാക്തീകരണം നടത്തുകയുണ്ടായി. ശരീരസംരക്ഷണത്തി നവശ്യം വേണ്ട പോഷകങ്ങൾ നൽകുന്ന തിൽ നിലവിൽ വളരെ പിന്നാക്കം നൽക്കുന്ന ചോളത്തെ അത്തരത്തിൽ ഉയർത്തുക എന്നതായിരുന്നു ലക്ഷ്യം. പര മ്പരാഗത പ്രജനനരീതികൾ വഴി ഇതു ചെയ്താൽ ചോളത്തിന് വേണ്ടത്ര പോഷ കഘടകങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയി ല്ലെന്നു കണ്ടെത്തിയതിനെത്തുടർന്നാണ് ശാസ്ത്രജ്ഞർ ജനിതക എൻജിനീയറിങ് തന്ത്രം ഇവിടെ പ്രയോഗിച്ചത്. ലൈസീൻ ശാക്തീകരണം എന്ന സങ്കേതമാണ് ചോള ത്തിൽ പ്രയോഗിച്ചത്. ഇങ്ങനെ കിട്ടിയ വിളവ് പോഷകപ്രദവും ആദായകരവുമായി മാറി.

### ശക്തരാകുന്ന വിളകൾ

അരി, ഗോതമ്പ്, ചോളം, മരച്ചീനി, ബീൻസ് തുടങ്ങി അഞ്ചു വിളകളിലാണ് ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് ഇപ്പോൾ മുൻതൂക്കം നൽകിയിരിക്കുന്നത്. ഇരുമ്പ്, സിങ്ക്, ബീറ്റാ കരോട്ടിൻ എന്നീ പോഷകങ്ങൾ വിളകളിൽ കേന്ദ്രീകരിക്കാ നുള്ള ശ്രമങ്ങൾ നടക്കുന്നു; പുറമേ മറ്റു കരോട്ടിനോയിഡുകൾ, സൂക്ഷ്മ മൂലക ങ്ങൾ എന്നിവ വേറെയും. ജെംപ്ലാസം ബാങ്കുകളിൽ മേൽപ്പറഞ്ഞ വിളകളുടെ പരീ ക്ഷണത്തിന് അനുയോജ്യമായ ഇനങ്ങൾ ഇന്നു ലഭ്യമാണ്. CGIRA (Consultative Group on International Agricultural Re-assert) പോലെ സുസ്ഥിരവികസനം ലക്ഷ്യമാക്കിയുള്ള കാർഷിക ഗവേഷണ ങ്ങൾ ഏകോപിപ്പിക്കുന്ന നയതന്ത്രപ്രസ്ഥാ നത്തിന്റെ പ്രധാനപ്പെട്ട നാലു പ്രവർത്ത നങ്ങളാണ് ഗ്രാമീണ ദാരിദ്ര്യനിർമാർജനം, ഭക്ഷ്യസുരക്ഷ മെച്ചപ്പെടുത്തൽ, ആരോ ഗ്യവും പോഷണവും മെച്ചപ്പെടുത്തൽ, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര പരിപാ ലനം എന്നിവ. ഈ ഏജൻസിയുടെ ഒരു ദശകത്തിലെ ഗവേഷണ പദ്ധതിയുടെ ഭാഗ മായി മേൽപ്പറഞ്ഞ വിളകളിലെ സൂക്ഷ്മ പോഷകഘടന ഇനിയും ഉയർത്തുന്നതി നുള്ള പരമ്പരാഗത സസ്യപ്രജനനരീതി കൾക്ക് മുൻതൂക്കം നൽകിയുള്ള പ്രവർത്ത നങ്ങൾ ഇപ്പോൾ നടക്കുന്നു. ജീവശാക്തീ കരണത്തിന് ജനിതക എൻജിനീയറിങ് തന്ത്രങ്ങൾ കൂടുതൽ പഠനവിധേയമാകു മ്പോൾ പരമ്പരാഗത കൃഷി വിജ്ഞാനീയ ത്തിലെ ഉയർന്ന വിളവിന്റെ കരുത്ത് ഉള്ളി ലൊതുക്കിയ വിത്തുകൾ കൂടുതൽ കൃഷി യിറക്കി മേന്മയുള്ള വിള കൊയ്തും നമുക്ക് ജീവശാക്തീകരണത്തിന്റെ തലം പ്രാവർ ത്തികമാക്കാം. പരമ്പരാഗതമായി കൈമാ റിക്കിട്ടിയ വർധിതവീര്യം ഉള്ളിലൊതുക്കിയ വിത്തുകൾ സംരക്ഷിക്കാനും പ്രചരിപ്പി ക്കാനും ശ്രമിക്കുക എന്നൊരുവശം കൂടെ വിളകളുടെ ജീവശാക്തീകരണത്തി നുണ്ട്. ■

■ അശോകൻ പുതുപ്പാടി

2012 രാജ്യാന്തര കാണ്ടാമൃഗവർഷം

# കാണ്ടാമൃഗം: കാടിന്റെ കാവൽക്കാരൻ

കാട്ടിലെവിടെയെങ്കിലും തീ കണ്ടാൽ ഓടിച്ചെന്ന് തീ കെടുത്തുന്ന ഒരു മൃഗമുണ്ട്. അത് മറ്റാരുമല്ല, ശല്ക്കങ്ങൾ പോലെ കട്ടിയുള്ള തൊലിയോടും അത്ഭുതരൂപത്തോടും കൂടിയ കാണ്ടാമൃഗമാണു കക്ഷി. ശാസ്ത്രീയമായ തെളിവൊന്നുമില്ലെങ്കിലും ഇന്ത്യക്കാർക്കിതിൽ വലിയ വിശ്വാസമാണ്. ഇന്ത്യയെപ്പോലെ മ്യാൻമറിലും മലേഷ്യയിലുമെല്ലാം ഈ വിശ്വാസം ശക്തമാണ്. കാടിന്റെ കാവൽക്കാരൻ എന്ന ലേബലാണ് ഇതിലൂടെ കാണ്ടാമൃഗങ്ങൾക്ക് ലഭിച്ചത്.

### ഒരു തൊലിക്കട്ടികഥ

മറ്റെന്തിനുമെന്നപോലെ ഒന്നരയിഞ്ചുള്ള കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയെക്കുറിച്ചും ഉത്തരേന്ത്യയിലൊരു കഥയുണ്ട്. സംഭവം മഹാഭാരതയുദ്ധത്തിലാണ്. സന്നാഹങ്ങളെല്ലാം ഒരുങ്ങി. കാലാൾപ്പടയുടെ മുന്നിൽ ആനയേയും ക്രമീകരിച്ചു. അപ്പോഴൊരാശങ്ക. ആനപ്പുറത്തിരിക്കുന്നവർ വേഗം തന്നെ അമ്പിനിരയായാലോ? പടയാളികൾ ചിന്തയിൽ മുഴുകി. ആനയ്ക്കു പകരം കാണ്ടാമൃഗത്തെ കൊണ്ടുവരാനായിരുന്നു തീരുമാനം. കാണ്ടാമൃഗക്കൂട്ടമെത്തി. ശരീരത്തിൽ പടച്ചട്ടയണിയിച്ചു. അപ്പോഴാണ് ശ്രീകൃഷ്ണന്റെ വരവ്. കാണ്ടാമൃഗക്കൂട്ടം കൃഷ്ണന്റ മുമ്പിലെത്തി. ഇവയെക്കണ്ട് കൃഷ്ണൻ കുപിതനായി.

"ശ്ശൊ, ഈ അനുസരണകെട്ട മരമണ്ടൂസുകളെയാണോ കൊണ്ടു വന്നത്?

ഇവരെയുടൻ കാട്ടിലേക്കു വിടൂ ..."

കൃഷ്ണന്റെ ആജ്ഞ കേട്ടപാടെ കവചമൊന്നും മാറ്റാതെ അവരെ തിരികെ കാട്ടിലേക്കയച്ചു. കാലമേറെ ചെന്നിട്ടും ആ കവചത്തിന്റെ ഭംഗിയോടെ കാണ്ടാമൃഗങ്ങൾ ജീവിക്കുന്നു.

### കാണ്ടാമൃഗങ്ങളുടെ വർഷം

2012 രാജ്യാന്തര കാണ്ടാമൃഗങ്ങളുടെ വർഷമാണ്. വിവിധ പരിസ്ഥിതി സംഘടനകളുടെ അഭ്യർത്ഥന മാനിച്ച് ഇക്കഴിഞ്ഞ ജൂൺ അഞ്ചിനാണ് പ്രഖ്യാപനമുണ്ടായത്. ലോകത്തിൽ ഏറ്റവും ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന കാണ്ടാമൃഗയിനങ്ങളിൽ രണ്ടെണ്ണം ഇന്തോനേഷ്യയിലാണ്. ഇക്കാരണത്താലാണ് ഇന്തോനേഷ്യൻ പ്രസിഡന്റ് സുസിലോ ബാംബാങ് യുധോയോനോ തന്നെ ഈ പ്രഖ്യാപനം നടത്തിയത്. ദശലക്ഷക്കണക്കിന് വർഷം പരിണാമ ചരിത്രമുള്ള കാണ്ടാമൃഗങ്ങളെ ജീവിക്കുന്ന ഫോസിൽ എന്നാണ് വിശേഷിപ്പിക്കുന്നത്.

### കുടുംബ വിശേഷം

വിവിധ ദേശങ്ങളിലെ വ്യത്യാസമനുസരിച്ച് കാണ്ടാമൃഗങ്ങൾക്ക് വേർതിരിവുകളുണ്ട്. ഇരട്ടക്കൊമ്പുകളുള്ളതും ഒറ്റക്കൊമ്പുള്ളതുമായ കാണ്ടാമൃഗങ്ങളുണ്ട്. ആഫ്രിക്കയിലും സുമാത്രയിലുമുള്ള കാണ്ടാമൃഗങ്ങൾക്ക് രണ്ടു കൊമ്പുകളുള്ളപ്പോൾ ഇന്ത്യയിലും ഇന്തോനേഷ്യയിലുമുള്ളവയ്ക്ക് ഒരു കൊമ്പു മാത്രമാണുള്ളത്. ലോകത്തിലെ ഏറ്റവും ചെറിയ കാണ്ടാമൃഗങ്ങളുള്ളത് സുമാത്രയിലാണ്. ഇവയ്ക്ക് പരമാവധി 1000 കിലോഗ്രാം മാത്രമേ തൂക്കമുള്ളൂ. ഇവിടെയുള്ള കാണ്ടാമൃഗങ്ങൾക്ക് ചെറിയ കൊമ്പുകളാണുള്ളത്. പെൺകാണ്ടാമൃഗങ്ങൾക്ക് കൊമ്പിന്റെ സ്ഥാനത്ത് വലിയ മുഴകളാണുള്ളത്. ചുവന്ന ബ്രൗൺ വർണത്തിൽ കാണപ്പെടുന്ന സുമാത്രൻ കാണ്ടാമൃഗങ്ങൾ കമ്പിളി കാണ്ടാമൃഗങ്ങൾ എന്നറിയപ്പെടുന്നു.

സുമാത്രൻ റൈനോസൊറസ് ഉൾപ്പെടെ ലോകത്തിന് ജീവിച്ചിരിക്കുന്നത് അഞ്ച് സ്പീഷീസുകളിൽപ്പെടുന്ന കാണ്ടാമൃഗങ്ങളാണ്. ആഫ്രിക്കൻ വൈറ്റ് റൈനോസൊറസ്, ആഫ്രിക്കൻ ബ്ലാക്ക് റൈനോസൊറസ്, ഇന്ത്യൻ റൈനോസൊറസ്, എന്നിവയാണ് അവ.



വൈറ്റ് റൈനോസൊറസ് എന്നു കേൾക്കുമ്പോൾ അത് വെള്ള കാണ്ടാമൃഗമാണെന്ന് ചിലരെങ്കിലും ധരിക്കാനിടയുണ്ട്. പേരിലെ വെള്ളയ്ക്ക് നിറവുമായി ഒരു ബന്ധവുമില്ലായെന്നതാണ് സത്യം. ആഫ്രിക്കക്കാരായ ഇവർ നോർതേൺ, സതേൺ എന്നീ രണ്ടു വിഭാഗങ്ങളിൽപ്പെടുന്നു. ലോകത്ത് 15,000 സതേൺ വൈറ്റ് റൈനോസൊറസ് ഉണ്ടെന്നാണ് കണക്ക്. ഏറ്റവും കുറച്ച് എണ്ണമുള്ള കാണ്ടാമൃഗ കുടുംബവും ആഫ്രിക്കയിലാണ്. വെറും നാലെണ്ണം മാത്രമുള്ള നോർതേൺ റൈനോസൊറസാണ് അത്.

വൈറ്റ് ഇനത്തിൽപ്പെടാത്തവയെയാണ് ബ്ലാക്ക് റൈനോസൊറസ് എന്നു വിളിക്കുന്നത്. ആഫ്രിക്കക്കാരായ ഈ കാണ്ടാമൃഗങ്ങൾക്ക് സൗത്ത് സെൻട്രൽ, സൗത്ത് വെസ്റ്റേൺ, ഈസ്റ്റ് ആഫ്രിക്കൻ, വെസ്റ്റ് ആഫിക്കൻ എന്നീ ഉപവിഭാഗങ്ങളുണ്ട്. വൈറ്റിനെ അപേക്ഷിച്ച് അല്പം വലിപ്പക്കുറവുള്ള ഇവർക്ക് രണ്ടു കൊമ്പും വീതികുറഞ്ഞ കൂർത്ത ചുണ്ടുകളുമാണുള്ളത്.

## ഇന്ത്യൻ കുടുംബം

ഇന്ത്യ, നേപ്പാൾ, പാക്കിസ്ഥാൻ, മ്യാൻമർ, ചൈന എന്നിവിടങ്ങളിലുള്ള കാണ്ടാമൃഗങ്ങളാണ് ഇന്ത്യൻ കുടുംബത്തിൽ ഉൾപ്പെടുന്നത്. "റൈനോസൊറസ് യൂണികോർണിസ് ലിന്നേയസ്" എന്നാണ് ഇന്ത്യൻ കാണ്ടാമൃഗത്തിന്റെ ശാസ്ത്രനാമം. ഇന്ത്യയിൽ ഗുജറാത്ത്, ബംഗാൾ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ കാണ്ടാമൃഗങ്ങളുണ്ടെങ്കിലും ഏറ്റവും കൂടുതലുള്ളത് ആസാമിലാണ്. ആസാമിന്റെ സംസ്ഥാന മൃഗം കൂടിയാണിത്.

നോർതേൺ റൈനോസൊറസിനെപ്പോലെ വംശനാശഭീഷണി നേരിടുന്ന കാണ്ടാമൃഗമാണ് ജീവൻ റൈനോസൊറസ്. ഇടതൂർന്ന മഴക്കാടുകളിൽ കഴിയുന്ന അപകടകാരികളായ ഇവർ വെറും 60 എണ്ണം മാത്രമാണ് ജീവിച്ചിരിക്കുന്നത്. ഇപ്പോൾ ഇന്തോനേഷ്യയിൽ മാത്രമാണ് ഇവയുള്ളത്. മുൻപ് ജീവൻ വർഗം വിയറ്റ്നാമിലും കാണപ്പെട്ടിരുന്നു.

## കാണ്ടാമൃഗക്കാഴ്ച

ഒറ്റനോട്ടത്തിൽ സൃഷ്ടികർത്താവിന്റെ കൈപ്പിഴയാണോ എന്ന് തോന്നിപ്പിക്കുന്ന അത്ഭുതമായ കാഴ്ചയാണ് കാണ്ടാമൃഗങ്ങളുടേത്. തടിച്ചു കുറുകിയ കാലുകൾ. മൂന്നു വിരലുകൾ, മടങ്ങിയും ചുളുങ്ങിയും കാണപ്പെടുന്ന കാഠിന്യമാർന്ന ചർമം. കൊമ്പിൽ നിന്നുമിറങ്ങി വന്ന കുന്നാണോ എന്നു തോന്നിപ്പിക്കുന്ന നാസിക. ശരീരത്തിന്റെ തന്നെ ഒരു കൂർത്ത ഭാഗമായ കൊമ്പിൽ അസ്ഥിയില്ലായെന്നത് കൗതുകമാകാം. ത്വക്കിൽ നിന്നും വരുന്ന നാരുകൾ കൂടിച്ചേരുന്നതാണ് കൊമ്പ്. തുടർവളർച്ചയുള്ള കൊമ്പ് ഒരിക്കൽ നഷ്ടപ്പെട്ടാലും വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കും.

പൂർണ വളർച്ചയെത്തിയ ആൺകാണ്ടാമൃഗത്തിന്റെ തൂക്കം ഏകദേശം 1700 കിലോഗ്രാമാണ്. പെണ്ണിന് 1600 കിലോഗ്രാം തൂക്കമുണ്ട്. ശരാശരി നാലുമീറ്റർ നീളവും രണ്ടു മീറ്റർ ഉയരവും കാണ്ടാമൃഗങ്ങൾക്കുണ്ട്. കൊമ്പിനുതന്നെ അരമീറ്ററിലധികം ഉയരമുണ്ട്. കറുപ്പു നിറഞ്ഞ ചാരനിറം, ചെവിയിലും വാലിലും രോമങ്ങൾ, ശരീര പാർശ്വങ്ങളിൽ ചെറിയ മുഴകൾ എന്നിവയുണ്ട്. പുല്ലാണ് മുഖ്യഭക്ഷണം. ചാണകമിടാൻ പിന്നോട്ടു നടക്കുന്ന ഒരു ശീലം കാണ്ടാമൃഗങ്ങൾക്കുണ്ട്. ഒന്നര വർഷമാണ് ഗർഭകാലം. ആയുർദൈർഘ്യം 70 വർഷം.

## കപടവിശ്വാസങ്ങൾ

ഭൂമിയിലെ ഓരോ ജീവികളെക്കുറിച്ചും കപട വിശ്വാസങ്ങൾ നിരവധിയാണ്. എന്നാൽ ഈ കപട വിശ്വാസങ്ങളാൽ വംശനാശത്തിലെത്തപ്പെട്ട ജീവിയാണ് കാണ്ടാമൃഗം. കാണ്ടാമൃഗത്തിന്റെ മാംസം കഴിച്ചാൽ അമാനുഷികരാകാം എന്നാണ് ചിലർ വിശ്വസിക്കുന്നത്. ലൈംഗികാസക്തി വർധിപ്പിക്കാം, നിത്യയൗവ്വനം പുലർത്താം, മരണത്തെ അകറ്റാം, മരിച്ചാൽ തന്നെ നേരേ സ്വർഗത്തിലെത്താം എന്നു തുടങ്ങി ഒരു ജീവിയെ കൊന്നു കൊലവിളിക്കാൻ എന്തൊക്കെ വേണമോ അതെല്ലാം കാണ്ടാമൃഗത്തെ ചുറ്റിപ്പറ്റി പ്രചാരത്തിലുണ്ട്.


കാണ്ടാമൃഗത്തിന്റെ കൊമ്പിനെ കുറിച്ചും ഒരുപാട് കഥകളുണ്ട്. ഇതിന്റെ കൊമ്പുകൊണ്ടുണ്ടാക്കിയ കപ്പിൽ വിഷദ്രാവകമൊഴിച്ചാൽ പതഞ്ഞു പൊങ്ങുമത്രേ. കൊമ്പിന്റെ ഭാഗം കൈയിലുണ്ടെങ്കിൽ ഏതു വിഷബാധയും പമ്പ കടക്കുമെന്നാണ് ഒരുപക്ഷം വിശ്വസിക്കുന്നത്. ഗർഭിണിയുടെ കിടക്കയ്ക്കരികിൽ കൊമ്പ് സൂക്ഷിച്ചാൽ പ്രസവം എളുപ്പമാകുമെന്നാണ് ഒരു വിശ്വാസം. കൊമ്പ് പൊടിച്ചു കലക്കിക്കുടിച്ചാൽ ലൈംഗികശേഷി പതിൻമടങ്ങാകുമെന്നുവരെ അന്ധവിശ്വാസം നീളുന്നു.

ദേവാലയങ്ങളിലും ചടങ്ങുകളിലും മാത്രം "ലോകസമസ്താ സുഖിനോ ഭവന്തു" പാടുന്ന മനുഷ്യർ തന്നെയാണ് സൗമ്യരായി ജീവിക്കുന്ന കാണ്ടാമൃഗങ്ങളെ അന്ധവിശ്വാസത്തിന്റെ പേരിൽ നിരന്തരമായി കൊന്നൊടുക്കുന്നത്. അതുകൊണ്ടു തന്നെയാകാം (ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേചർ) എന്ന സംഘടന വംശനാശ ഭീഷണി നേരിടുന്നവയുടെ ചെമ്പട്ടികയിൽ കാണ്ടാമൃഗങ്ങളേയും ഉൾപ്പെടുത്തിയിരിക്കുന്നത്. ദിനാചരണങ്ങളും വർഷാചരണങ്ങളും ജീവന് സുരക്ഷിതത്വമേകുമെന്ന് ഒരിക്കലും പറയാനൊക്കില്ല. വംശനാശ ഭീഷണി നേരിടുന്ന ഈ സൗമ്യജീവിയുടെ സുരക്ഷിതത്വത്തിലേക്കുള്ള വാതായനം തുറക്കാൻ അന്താരാഷ്ട്ര കാണ്ടാമൃഗ വർഷത്തിന് കഴിയുമെന്ന് പ്രത്യാശിക്കാം. ■



■ രാജ്മോഹൻ കൂവളശ്ശേരി

# തലമുറകളിലൂടെ ഒഴുകിയ രാഘവസംഗീതം




ഒരുകാലത്ത് ആകാശവാണിയിലൊഴുകി വരുന്ന ഗാനകല്ലോലിനികളിലെ രാഗാമൃതം ആവോളം നുകർന്ന് ആജന്മസംതൃപ്തിനേടിയവരാണ് കേരളത്തിലെ ആസ്വാദകലക്ഷങ്ങൾ. അക്കാലത്ത് കോഴിക്കോട് റേഡിയോനിലയത്തിൽ ജോലിചെയ്തിരുന്ന കെ. രാഘവൻ റേഡിയോ ശ്രോതാക്കൾക്കുവേണ്ടി ഒരുക്കിയ അനേകം ഗാനമലരുകൾ പ്രസരിപ്പിച്ച സൗരഭ്യം സംഗീതചരിത്രത്തിൽ ഒരിക്കലും മായ്ക്കാനാവാത്ത അധ്യായം എഴുതിച്ചേർത്തിട്ടുണ്ട്. മലയാളചലച്ചിത്രലോകത്തിന് ദേശീയാംഗീകാരവുമായി ഒരു നീലക്കുയിൽ പാറിവന്നതും ആ കാലയളവിലാണ്. മണ്ണിന്റെ മണമുള്ള നീലക്കുയിലിലെ ഗാനങ്ങൾ അന്നൊരു തലമുറയുടെ സംഗീതസ്വപ്നങ്ങളിൽ താലോലിക്കപ്പെട്ടത് എത്രമാത്രമെന്ന് കേരളീയ സഹൃദയർക്കറിയാം.

മലയാള നാടോടിസംഗീതപാരമ്പര്യത്തിന്റെ ഉള്ളറിഞ്ഞ രാഘവൻമാഷ് ആ പൈതൃകത്തെ തന്റെ ഗാനങ്ങളിലേക്കു സമർഥമായി സന്നിവേശിപ്പിച്ചു. മലയാളചലച്ചിത്രത്തിലെ ആദ്യത്തെ മാപ്പിളപ്പാട്ടെന്നു ഖ്യാതി നേടിയ *കായലരികത്ത് വലയെറിഞ്ഞപ്പം വളകിലുക്കിയ സുന്ദരി*യും *കുയിലിനെത്തേടി കുതിച്ചുപായും മാര*നും *എങ്ങനെ നീ മറക്കും കുയിലേ*യും നമുക്കു നൽകിയത് മലയാളിക്ക് ഒരിക്കലും മറക്കാനാവാത്ത ആ സംഗീതസംവിധായകനാണ്. തന്റെ സംഗീതത്തിലൂടെ തലമുറകളെ ആനന്ദിപ്പിച്ച കെ. രാഘവന്റെ സംഗീതജീവിതത്തെയും ഒട്ടൊക്കെ വ്യക്തിജീവിതത്തെയും അനാവരണം ചെയ്യുന്ന പുസ്തകമാണ് *കെ. രാഘവൻ ഒരു സംഗീത വിചാരം.* രാഘവൻമാഷിന്റെ സഹപ്രവർത്തകരും ഓർമകൾ പങ്കുവയ്ക്കുകയാണിതിൽ. ഒപ്പം പ്രമുഖരുടെ പഠനങ്ങളും. പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിലെ ലേഖനങ്ങൾ സമാഹരിച്ചിട്ടുള്ളത് ഗായകനായ വി.ടി. മുരളിയാണ്.

അന്യഭാഷാഗാനങ്ങളുടെ ഈണങ്ങൾ കടംകൊണ്ടാണ് മലയാളചലച്ചിത്രഗാനങ്ങളും ആദ്യകാല നാടകഗാനങ്ങളും ചിട്ടപ്പെടുത്തിയിരിക്കുന്നത്. പ്രാദേശികസംസ്കൃതിയുടെ അംശങ്ങൾ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ ഒട്ടൊക്കെ ഉണ്ടായിരുന്നുവെങ്കിലും തമിഴകത്തെ സംഗീതത്തിന്റെ പൊതുഘടനയിൽനിന്ന് തീർത്തും മുക്തമായിരുന്നില്ല അവയും. മലയാളനാടക-ചലച്ചിത്ര സംഗീതത്തിന്റെ ആ പരിതോവസ്ഥയിലാണ് രാഘവൻമാഷ് രംഗപ്രവേശം ചെയ്തത്. ഗ്രാമീണജീവിതത്തിന്റെ സൗന്ദര്യവും സാരള്യവും ഉർവരതയും അതേപടി പകർത്താൻ ശ്രമിച്ച സംവിധായകർക്ക് അതിന് അനുഗുണമായ നാടൻ സംഗീതവും ആവശ്യമായി. അത്തരം സംഗീതത്തിനായുള്ള സോദ്ദേശ്യമായ അന്വേഷണം വിജയത്തിലെത്തുന്നത് രാഘവൻമാഷിന്റെ വരവോടെയാണ്.

പി. ഭാസ്കരൻ-കെ. രാഘവൻ കൂട്ടുകെട്ടിൽ പിറന്ന നീലക്കുയിലിലെ ഗാനങ്ങൾ ഇന്നും നെഞ്ചേറ്റി ലാളിക്കപ്പെടുമ്പോൾ, ആസുരതാളങ്ങളിൽ ഉന്മാദനൃത്തമാടുന്ന പുതുതലമുറയ്ക്ക് അത് വിശ്വസിക്കാൻ കഴിയില്ല. ആപാദമധുരം വഴിയുന്ന എത്രയെത്ര ഗാനങ്ങളാണ് കെ. രാഘവൻ എന്ന സംഗീതമാന്ത്രികൻ നമുക്കു നൽകിയത്. താരമൂല്യമുള്ള ഗായകരെക്കൊണ്ടു മാത്രം പാടിക്കാൻ സംഗീതസംവിധായകർ ശ്രദ്ധിക്കുന്നകാലത്താണ് അപ്രശസ്തരായ ഗായകരുടെ ശബ്ദം തന്റെ ഗാനങ്ങളിലൂടെ അദ്ദേഹം പരീക്ഷിച്ച് വിജയം കണ്ടത്. കോഴിക്കോട് പുഷ്പ മുതൽ കുഞ്ഞിമൂസ വരെയുണ്ട് അക്കൂട്ടത്തിൽ. രാഘവനിൽ നിറഞ്ഞിരുന്ന മനുഷ്യസ്നേഹവും ഇന്നത്തെ കലാകാരന്മാർ പാഠമാക്കേണ്ടതാണ്.

ജി. ദേവരാജൻ, വയലാർ, പി. ഭാസ്കരൻ, ചിദംബരനാഥ്, കുഞ്ചാക്കോ, മെഹബൂബ്, വൈക്കം മുഹമ്മദ് ബഷീർ, സുകുമാർ അഴീക്കോട് തുടങ്ങി മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ പ്രമുഖ വ്യക്തികളെ ഈ പുസ്തകത്തിൽ നമുക്ക് കാണാം. രാഘവൻമാഷിന്റെ സംഗീതസൗഹൃദങ്ങളെ സരസമായ ഭാഷയിൽ മനസ്സിലേക്കുകൊണ്ടുവരികയാണ് ലേഖനമോരോന്നും. പാതിവഴിയിൽ പഠിത്തമുപേക്ഷിച്ചെങ്കിലും സംഗീതത്തെ ജീവവായുവായിക്കണ്ട മാഷ് സംഗീതവഴിയിലെ യാത്രയ്ക്കിടെ വന്ന പ്രതിബന്ധങ്ങളെ ഓരോന്നായിത്തട്ടിമാറ്റി.

രാത്രികാലങ്ങളിൽ ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ വയലുകളിലും വെളിമ്പറമ്പുകളിലും നാടകം തേടിയുള്ളയാത്ര, സംഗീതനാടകത്തിലെ അരങ്ങേറ്റം, നാടക സംഘങ്ങളോടൊപ്പമുള്ള അലച്ചിൽ, ഇങ്ങനെ ജനകീയനാടകവേദിയുമായുള്ള ദീർഘകാലബന്ധമാണ് രാഘവനിലെ സംഗീത സങ്കല്പങ്ങളെ രൂപപ്പെടുത്തിയത്. പിന്നെ, നാടൻ സംസ്കൃതിയോടുള്ള അതിരറ്റ പ്രണയവും. അദ്ദേഹം ഈണംനൽകിയ അനവധി നാടകഗാനങ്ങൾ ഇത് അടയാളപ്പെടുത്തുന്നുമുണ്ട്.

കേരളം എന്ന സാംസ്കാരികാനുഭവത്തെ നിർവചിച്ചതും നിർണയിച്ചതും കെ. രാഘവനും പി. ഭാസ്കരനും ചേർന്നു സൃഷ്ടിച്ച ചലച്ചിത്രഗാനങ്ങൾകൂടിയാണ് എന്ന സുചിന്തിതമായ അഭിപ്രായം ഈ പുസ്തകം നമ്മോടു പങ്കുവയ്ക്കുന്നു. നവതി പിന്നിട്ട ഈ സംഗീത ഗുരുവിന്റെ ലഘുജീവചരിത്രവും അദ്ദേഹം ചിട്ടപ്പെടുത്തിയ ചലച്ചിത്രഗാനങ്ങളുടെ പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്. ■

# പി. ഗോവിന്ദപ്പിള്ള
## (1926 മാർച്ച് 26 - 2012 നവംബർ 22)



വൈജ്ഞാനികമായ പഠന മനനങ്ങളുടെയും ആഴവും പരപ്പുമുള്ള വായനയുടെയും എഴുത്തിന്റെയും ഒരു മാനവിക പ്രപഞ്ചമാണ് പി.ജി. എന്ന രണ്ടക്ഷരങ്ങളിൽ അറിയപ്പെടുന്ന പി. ഗോവിന്ദപ്പിള്ളയുടെ മരണത്തോടെ അസ്തമിച്ചിരിക്കുന്നത്. സാമ്പ്രദായിക രാഷ്ട്രീയവഴിയായിരുന്നില്ല പി.ജിയുടെ ചിന്താലോകം. മാർക്സിയൻ ദർശനം, സാംസ്കാരിക പഠനം, തത്വചിന്ത, ചരിത്രം, സാഹിത്യ വിമർശനം, ശാസ്ത്രം, ശാസ്ത്ര ചരിത്രം, ഇന്ത്യൻ ഇതിഹാസങ്ങളും പണ്ഡിത കൃതികളും - ഇങ്ങനെ ശാഖോപശാഖകളായി പടരുന്ന വായനാ തൃഷ്ണയിലൂടെയാണ് പി.ജി നിർവചിക്കപ്പെട്ടത്. വിവിധ വഴികളിലുള്ള പഠനാന്വേഷണങ്ങളെ തന്റെ എഴുത്തിലും പ്രഭാഷണങ്ങളിലും കൊണ്ടുവരാനായിരുന്നു എപ്പോഴും അദ്ദേഹം ശ്രമിച്ചിരുന്നത്. മുപ്പതിനായിരത്തോളം പുസ്തകങ്ങളുള്ള വായനാമുറിയിൽ ഇരുന്ന് അദ്ദേഹം മലയാളിക്കായി ലോക ചരിത്രത്തിലേക്കും സമകാലിക ലോകരാഷ്ട്രീയത്തിലേക്കും സംസ്കാരത്തിലേക്കുമുള്ള വാതായനങ്ങൾ തുറന്നത് സാധാരണക്കാർക്കുകൂടി മനസ്സിലാകണമെന്ന ഉദ്ദേശ്യത്തോടുകൂടിയായിരുന്നുവെന്ന് പി.ജി. എഴുതിയ പുസ്തകങ്ങളും എണ്ണമറ്റ ലേഖനങ്ങളും തെളിയിക്കുന്നു. പാണ്ഡിത്യഗർവായിരുന്നില്ല അദ്ദേഹത്തിന്റെ രചനകൾ. സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ നേടിയ മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉത്ഭവവും വളർച്ചയും മുതൽ ഈയിടെ പുറത്തിറങ്ങിയ വൈജ്ഞാനിക വിപ്ലവം: ഒരു സാംസ്കാരിക ചരിത്രം എന്ന പുസ്തകം വരെ ഇതിനുദാഹരണമാണ്. പുസ്തകങ്ങളിലൂടെ മാത്രമല്ല നേരിട്ടും ഈ വായനയിൽനിന്നു ലഭിച്ച അറിവ് പകർന്നു നൽകാൻ അദ്ദേഹത്തിന് ഉത്സാഹമായിരുന്നു.

വിദ്യാർഥിയായിരുന്നപ്പോൾത്തന്നെ ദേശീയപ്രസ്ഥാനത്തിൽ ആകൃഷ്ടനായ പി. ഗോവിന്ദപ്പിള്ള ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തു. 1946 ൽ കമ്യൂണിസ്റ്റ് പാർട്ടി അംഗമായി. 1952 ൽ പെരുമ്പാവൂരിൽനിന്ന് തിരു-കൊച്ചി സ്റ്റേറ്റ് അസംബ്ലി അംഗമായി. 1957, 1965, 1967 വർഷങ്ങളിലും ഇവിടെനിന്നുതന്നെ നിയമസഭാംഗമായി. ദേശാഭിമാനി മുഖ്യപത്രാധിപരായിരുന്നു. സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷൻ ചെയർമാൻ ഉൾപ്പടെയുള്ള പദവികളും വഹിച്ചിട്ടുണ്ട്. ■

# പി.കെ. വേണുക്കുട്ടൻ നായർ
## (1931 ജൂലൈ 14 - 2012 നവംബർ 26)



അതിഭാവുകത്വത്തിലേക്ക് മലയാളത്തിലെ ജനപ്രിയ നാടകവേദി വഴുതിവീണുകൊണ്ടിരുന്ന കാലഘട്ടത്തിൽ അതിന് ഉൾക്കാമ്പും പുതുശൈലിയും പകർന്ന നാടകകൃത്തും സംവിധായകനുമായിരുന്നു പി.കെ. വേണുക്കുട്ടൻ നായർ. മലയാള പ്രൊഫഷണൽ നാടകവേദിക്ക് മറക്കാനാവാത്ത മറ്റൊരു നാമമായ പി.കെ. വിക്രമൻ നായരുടെ സഹോദരൻ. ജി. ശങ്കരപ്പിള്ളയുടെയും സി.എൻ. ശ്രീകണ്ഠൻ നായരുടെയുമൊക്കെ സമകാലികനായിരുന്നെങ്കിലും സമ്പൂർണമായും അവരുടെ പാതയിലായിരുന്നില്ല വേണുക്കുട്ടൻ നായരുടെ സഞ്ചാരം. തൊണ്ണൂറ്റിയഞ്ചോളം നാടകങ്ങൾ സംവിധാനം ചെയ്ത അദ്ദേഹം വിശ്വസാഹിത്യ കൃതികൾ (*അന്നാ കരേനിന, ഒഥല്ലോ, കിങ് ലിയർ, ആന്റിഗണി, ഇലക്ട്ര*) അരങ്ങിലെത്തിച്ചപ്പോൾ അവ പ്രേക്ഷകരുടെ അംഗീകാരവും ആദരവും ഏറെ നേടിക്കൊടുത്തു. *സ്വാതിതിരുനാൾ, ഇന്ദുലേഖ, ഒഥല്ലോ, അന്നാ കരേനിന* എന്നീ നാടകങ്ങൾക്ക് മികച്ച സംവിധായകനുള്ള പുരസ്കാരം ലഭിച്ചു. സമഗ്ര സംഭാവനയ്ക്കുള്ള കേരള സംഗീത നാടക അക്കാദമി പുരസ്കാരവും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. സംവിധാനത്തിനും രചനയ്ക്കും അപ്പുറം മലയാളത്തിലേക്കും തിരികെ ഇംഗ്ലീഷിലേക്കുമായി പതിനഞ്ചോളം നാടക വിവർത്തനങ്ങൾ, സ്കൂൾ ഓഫ് ഡ്രാമയിലെ നാടക അധ്യാപകൻ എന്നിങ്ങനെ അരങ്ങുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും അദ്ദേഹത്തിന്റെ പ്രതിഭ വ്യാപരിച്ചു. അടൂർ ഗോപാലകൃഷ്ണന്റെ *സ്വയംവരം* ഉൾപ്പെടെ മുപ്പതോളം സിനിമകളിലും അഭിനയിച്ചുവെങ്കിലും നാടകമായിരുന്നു അന്ത്യംവരെ വേണുക്കുട്ടൻ നായരുടെ ജീവശ്വാസം ■

# പെരിങ്ങോടിന്റെ വാദ്യവിസ്മയം റെക്കോഡിലേക്ക്

പാലക്കാട് ജില്ലയിലെ പെരിങ്ങോട് ഗ്രാമം ലിംകാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ സ്ഥാനം നേടിയിരിക്കുകയാണ്. ഒറ്റപ്പാലം താലൂക്കിലെ കൂറ്റനാടിനു സമീപമാണ് വാദ്യഗ്രാമം എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഈ മനോഹര ഗ്രാമം. 2012 ആഗസ്റ്റ് 25 ന് പെരിങ്ങോട് ഹൈസ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി അതേ വിദ്യാലയത്തിൽ പഞ്ചവാദ്യം അഭ്യസിച്ച 302 കലാകാരന്മാരാണ് തങ്ങളുടെ വിദ്യാലയത്തിനുള്ള ഗുരുദക്ഷിണയായി ഈ വാദ്യവിസ്മയത്തിന് നിറപ്പകിട്ടേകിയത്. ലിംകാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിന്റെ പ്രതിനിധിയായി പി.പി. പീറ്റർ ഈ വിസ്മയത്തിന് സാക്ഷിയാവുകയുണ്ടായി. ചടങ്ങ് മൂന്നര മണിക്കൂർ നീണ്ടുനിന്നു. 80 തിമില, 81 ഇലത്താളം, 71 കൊമ്പ്, 50 മദ്ദളം, 11 ഇടയ്ക്ക, 10 ശംഖ് എന്നിവ രംഗത്തെത്തുകയുണ്ടായി. മേൽസൂചിപ്പിച്ച വാദ്യോപകരണങ്ങൾ ദേവവാദ്യോപകരണങ്ങളായി സങ്കൽപ്പിക്കപ്പെടുന്നു. 1975 നു ശേഷം ഈ വിദ്യാലയത്തിൽനിന്ന് 1300 പഞ്ചവാദ്യ കലാകാരന്മാർ പഠനം കഴിഞ്ഞ് പുറത്തിറങ്ങിയിട്ടുണ്ട്. ഈ കാലത്തുതന്നെ കഥകളിയും പഠിപ്പിക്കാൻ തുടങ്ങിയിരുന്നു. പിൽക്കാലത്ത് അത് നിർത്തലാക്കി, പഞ്ചവാദ്യത്തിൽ മാത്രം ഒതുങ്ങി. ഇവിടെ പഞ്ചവാദ്യം തുടങ്ങുന്ന വേളയിൽ സംസ്ഥാന യുവജനോത്സവങ്ങളിൽ ഈ കലയെ ഉൾപ്പെടുത്തിയിരുന്നില്ല. സ്കൂൾ മാനേജ്മെന്റിന്റെ നിരന്തരമായ അപേക്ഷയാണ് അതിന് പ്രേരകമായത്. കഴിഞ്ഞ 37 വർഷത്തിനിടയിൽ 33 വർഷവും ഈ കലയിൽ പ്രഥമസ്ഥാനവും ശേഷിക്കുന്ന വർഷങ്ങളിൽ ഉന്നത സ്ഥാനവും ഈ വിദ്യാലയം നിലനിർത്തി വന്നിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പ്രമുഖ ജന്മി കുടുംബമായ പൂമുള്ളിമനയാണ് ഈ വിദ്യാലയത്തിന്റെ നടത്തിപ്പുകാർ. കാടമ്പറ്റമന നമ്പൂതിരി, മലയാള അധ്യാപകനായ പി. ഗോപാലൻ എന്നിവരുടെ ശിക്ഷണവും മേൽനോട്ടവും ലഭിച്ചു.

പഞ്ചവാദ്യകലയിലെ കുലപതികളായ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി, പത്മശ്രീ പെരുവനം കുട്ടൻ മാരാർ, അന്നമനട പരമേശ്വരമാരാർ, കലാമണ്ഡലം നാരായണ നമ്പീശൻ, കലാമണ്ഡലം നാരായണൻ നായർ, സദനം വാസുദേവ്, തൃക്കൂർ രാജൻ, സദനം ശ്രീധരൻ, എടപ്പാൾ അപ്പുണ്ണി നായർ, കലാമണ്ഡലം പ്രഭാകരപൊതുവാൾ, കേലത്ത് കുട്ടൻ മാരാർ, ചോറ്റാനിക്കര വിജയൻ മാരാർ, കുട്ടനെല്ലൂർ രാജൻ മാരാർ, തൃത്താല കേശവദാസ്, തൃത്താല ശങ്കരകൃഷ്ണൻ, കോതച്ചിറ ശേഖരൻ നായർ, ചെർപ്പുളശ്ശേരി ശിവൻ തുടങ്ങിയവർ വാദ്യവിസ്മയത്തിന് അരങ്ങ് കൊഴുപ്പിച്ചു. വാദ്യവിസ്മയത്തിന്റെ ഉദ്ഘാടനം മന്ത്രി എ.പി. അനിൽകുമാർ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് വി.കെ. ചന്ദ്രൻ, ഡി.സി.സി. പ്രസിഡന്റ് സി.വി. ബാലചന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാമചന്ദ്രൻ, ടി. രാജീവ് എന്നിവർ സംസാരിച്ചു. ■

*മുണ്ടൂർ എം.കെ. കൃഷ്ണൻ*





# കൊല്ലത്തിന് കൗതുകമായി ഹെലിടാക്സി

കൊല്ലത്ത് ആദ്യമായി ഹെലിടാക്സി തുടങ്ങി. ജില്ലാ ഭരണകൂടം, ഡി.റ്റി.പി.സി., ബോബി ചെമ്മണ്ണൂർ എയർലൈൻസും സംയുക്തമായാണ് സർവീസ് നടത്തുന്നത്. കൊല്ലത്തിന്റെ ആകാശക്കാഴ്ച സാധാരണ ജനത്തിനും പ്രാപ്യമാകുകയും അതുവഴി ടൂറിസം രംഗത്ത് വൻകുതിച്ചുചാട്ടം നടത്തുകയും ചെയ്യുക എന്ന ഉദ്യേശ്യവും ഇതിനു പിന്നിലുണ്ട്. VT NBB (BEL - 0407) ഹെലികോപ്റ്ററാണ് യാത്രക്ക് ഉപയോഗിക്കുന്നത്. പൈലറ്റ് ഉൾപ്പെടെ ആറുപേർക്ക് സഞ്ചരിക്കാം. 2500 രൂപയാണ് ഒരാൾക്ക് ടിക്കറ്റ് നിരക്ക്. എട്ടു മിനിറ്റ് നഗരത്തിന് മുകളിൽ വട്ടമിട്ട് പറന്നു കൊല്ലത്തിന്റെ മനോഹാരിത ആസ്വദിക്കാൻ കഴിയും.

അഷ്ടമുടിക്കായലിന്റെയും കൊല്ലം ബീച്ച്, ആശ്രാമം മൈതാനം, ലാൽബഹദൂർ സ്റ്റേഡിയം, റെയിൽവേ സ്റ്റേഷൻ എന്നിവയുടെ ആകാശക്കാഴ്ച ആരിലും അത്ഭുതമുളവാക്കും. പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടനുബന്ധിച്ച് നേരത്തേ ഹെലിടാക്സി സർവീസ് നടത്തിയിരുന്നു. അതിന്റെ വിജയമാണ് വീണ്ടും ഹെലിടാക്സി തുടങ്ങാൻ പ്രേരണയായത്. കൊല്ലത്തിന്റെ വിനോദസഞ്ചാര മേഖലകളെ കൂട്ടിയിണക്കി ഭാവിയിൽ ഹെലിടാക്സി സർവീസുകൾ ആരംഭിക്കാനും ആലോചനയുണ്ട്. കൊല്ലത്തുനിന്നും തെന്മല, പാലരുവി തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്രകളും സംഘടിപ്പിക്കും. കൊല്ലം അഴീക്കൽ ബീച്ച് വികസനം, ക്ലാപ്പന ടൂറിസം വില്ലേജ് തുടങ്ങിയ പദ്ധതികളും ഉടൻ പ്രവർത്തനം ആരംഭിക്കും.

***കെ. അബ്ദുൽ റഷീദ്***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം*

# കല്ലേലി രാഘവൻപിള്ളയ്ക്ക് പ്രഥമ ഗാന്ധി സ്മൃതി പുരസ്കാരം

ആലപ്പുഴ ഗാന്ധി സ്മൃതിമണ്ഡപം സമിതിയുടെ പ്രഥമ ഗാന്ധി സ്മൃതി പുരസ്കാരത്തിന് പൊതുപ്രവർത്തകനായ കല്ലേലി രാഘവൻപിള്ളയെ തിരഞ്ഞെടുത്തതായി സമിതി ചെയർമാൻകൂടിയായ ജില്ലാ കളക്ടർ പി. വേണുഗോപാൽ അറിയിച്ചു. 10,001 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ജില്ലയിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഒരു പൊതുപ്രവർത്തകനാണ് എല്ലാ വർഷവും ഗാന്ധി സ്മൃതി പുരസ്കാരം നൽകുക.

അര നൂറ്റാണ്ടുകാലമായി ആലപ്പുഴയുടെ സാംസ്കാരികരംഗത്തെ നിറസാന്നിധ്യമായ കല്ലേലി രാഘവൻപിള്ള സാമൂഹികപ്രവർത്തകൻ, അധ്യാപകൻ, എഴുത്തുകാരൻ, വാഗ്മി തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 1985 ൽ ദേശീയ അധ്യാപകപുരസ്കാരം നേടി. എസ്.ഡി.വി. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വിരമിച്ച അദ്ദേഹം ഗാന്ധിയൻ ചിന്തകൾ പ്രചരിപ്പിക്കുന്നതിൽ എന്നും മുൻനിരയിലാണ്.

താമസം ആലപ്പുഴ തോണ്ടൻകുളങ്ങരയിലുള്ള ശ്രീവിദ്യയിൽ. റിട്ടയേഡ് അധ്യാപിക എൻ. വിദ്യാവതിയാണ് ഭാര്യ. മക്കൾ: ഡോ. എൻ.ആർ. ചിത്ര (ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ്), എൻ.ആർ. ബാലഗോപാലൻ (ലണ്ടൻ), എൻ.ആർ. ശ്രീദേവി (സിംഗപ്പൂർ).

ഈ വർഷത്തെ പുരസ്കാരത്തിന് അർഹരായവരെ തിരഞ്ഞെടുക്കുന്നതിന് കളക്ടർ അഞ്ചംഗ ഉപസമിതിയെ നിയോഗിച്ചിരുന്നു. പ്രശസ്ത ചലച്ചിത്രസംവിധായകൻ ഫാസിൽ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ.പി. തമ്പി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.ആർ. റോയി, പ്രസ്ക്ലബ് പ്രസിഡന്റ് എസ്.ഡി. വേണുകുമാർ, പി.എസ്.സി. മുൻ അംഗം ദേവദത്ത് ജി. പുറക്കാട് എന്നിവരായിരുന്നു അംഗങ്ങൾ.

മഹാത്മഗാന്ധി രക്തസാക്ഷിദിനമായ ജനുവരി 30 ന് ആലപ്പുഴയിൽ സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനത്തിൽ പുരസ്കാരം നൽകും.

# എഴുത്തച്ഛൻ പുരസ്കാരം ആറ്റൂർ രവിവർമയ്ക്ക്



**എഴുത്തച്ഛൻ പുരസ്കാരത്തിന് അർഹനായ കവി ആറ്റൂർ രവിവർമയെ സാംസ്കാരികമന്ത്രി കെ.സി. ജോസഫ് പൊന്നാടയണിയിക്കുന്നു**

സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ സാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരത്തിന് കവി ആറ്റൂർ രവിവർമ അർഹനായി. ഒന്നര ലക്ഷം രൂപയും പ്രശസ്തി പത്രവും ശിൽപവുമടങ്ങുന്നതാണ് പുരസ്കാരം. പെരുമ്പടവം ശ്രീധരൻ ചെയർമാനായി, ഡി. ബാബുപോൾ, സി.വി. ബാലകൃഷ്ണൻ, അക്ബർ കക്കട്ടിൽ, സാജൻ പീറ്റർ ഐ.എ.എസ്. എന്നിവരടങ്ങിയ സമിതിയാണ് ഇക്കൊല്ലത്തെ പുരസ്കാര ജേതാവിനെ നിർണയിച്ചത്. ഡിസംബർ രണ്ടാം വാരം തിരുവനന്തപുരത്തു നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കുമെന്ന് അവാർഡ് പ്രഖ്യാപിച്ചുകൊണ്ട് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് തൃശൂരിൽ അറിയിച്ചു. തുടർന്ന് മന്ത്രി ആറ്റൂരിന്റെ വസതിയിലെത്തുകയും അദ്ദേഹത്തെ പൊന്നാട അണിയിക്കുകയും ചെയ്തു.

അധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ച ആറ്റൂർ മദ്രാസ്, തലശേരി, പാലക്കാട്, പട്ടാമ്പി കോളേജുകളിലെ സേവനത്തിനുശേഷം തൃശൂർ ഗവ. കോളേജിൽനിന്നുമാണ് വിരമിച്ചത്. കവിത, ആറ്റൂർ രവിവർമയുടെ കവിതകൾ, ജെ.ജെ. ചില കുറിപ്പുകൾ, ഒരു പുളിമരത്തിന്റെ കഥ, നാളെ മറ്റൊരു നാളെ മാത്രം, രണ്ടാം യാമങ്ങളുടെ കഥ എന്നിവയാണ് പ്രധാന കൃതികൾ.

നവകവിതയുടെ വക്താവും വഴികാട്ടിയുമായ ആറ്റൂരിന്റെ രചനകൾ സഹൃദയ ലോകത്തിന്റെ മുഴുവൻ ആദരവും അംഗീകാരവുമാർജിച്ചവയാണ്. ആശാൻ പുരസ്കാരം, കേരള-കേന്ദ്രസാഹിത്യ അക്കാദമി അവാർഡുകൾ, പി. കുഞ്ഞിരാമൻ നായർ അവാർഡ്, പ്രേംജി അവാർഡ് എന്നീ ബഹുമതികൾക്കും ആറ്റൂർ രവിവർമ അർഹനായിട്ടുണ്ട്.

# മൂല്യാധിഷ്ഠിത മാധ്യമ പ്രവർത്തനം അനിവാര്യം



**തൊഴിൽമന്ത്രി ഷിബു ബേബിജോണും, കെ. മുരളീധരൻ എം.എൽ.എ.യും ദേശീയ മാധ്യമദിനത്തോടനുബന്ധിച്ച് വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടത്തിയ സെമിനാറിൽ പങ്കെടുക്കാനെത്തിയ കുട്ടികളോടൊപ്പം**

മാധ്യമങ്ങളുടെ മൂലധനം വിശ്വാസ്യതയാണെന്നും ബാഹ്യ സമ്മർദം കൂടാതെ എല്ലാ കെട്ടുപാടുകളിൽനിന്നും മാറിനിന്നാൽ മാത്രമേ സത്യസന്ധമായി മാധ്യ പ്രവർത്തകർക്ക് പ്രവർത്തിക്കുവാൻ കഴിയുകയുള്ളുവെന്നും പ്രശസ്ത മാധ്യമപ്രവർത്തകനും ഏഷ്യൻ സ്കൂൾ ഓഫ് ജേർണലിസം ചെയർമാനുമായ ശശികുമാർ പറഞ്ഞു. ദേശീയ മാധ്യമദിനത്തോടനുബന്ധിച്ച് ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പും കേരള സർവകലാശാലാ ജേർണലിസം വകുപ്പും അലുമിനി അസോസിയേഷനും സംയുക്തമായി നടത്തിയ സെമിനാറിൽ 'നവമാധ്യമങ്ങളും നൈതികതയും' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡിജിറ്റൽ ലോകത്ത് വിവരങ്ങളുടെ വിസ്ഫോടനമാണ് നടക്കുന്നത്. സ്വീകാര്യതയും സംവേദന ക്ഷമതയും ഉറപ്പുവരുത്തുന്ന നവ മാധ്യമങ്ങൾ ഇന്ന് ജനതയുടെ ശബ്ദമായി മാറിയിരിക്കുന്നു. അങ്ങനെ വായനക്കാർതന്നെ വാർത്താ ലേഖകരായി മാറുന്നു. ഇത്തരത്തിലുള്ള മാറ്റങ്ങൾക്കനുസൃതമായി പെരുമാറ്റ സംഹിതയിലും ഭാഷയിലും പുതു രീതികൾ സ്വീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ മാധ്യമലോകത്ത് തെറ്റായ പ്രവണതകൾ കണ്ടുവരുന്നു. ഇതിനൊരു നിയന്ത്രണം വേണം. എന്നാൽ മാധ്യമങ്ങളുടെ നിയന്ത്രണം രാഷ്ട്രീയ നേതൃത്വത്തിന്റെ ചുമതലയല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കർഷകൻ കലപ്പ ഉപയോഗിക്കുന്നതുപോലെ നല്ലൊരു നാളേക്കുവേണ്ടിയാകണം മാധ്യമപ്രവർത്തനം. ഇത് മാനുഷി

# കോടതി വിധിന്യായങ്ങൾ ഇനി മലയാളത്തിലും

ഒരു ശരാശരി മലയാളി കോടതിയുടെ ആംഗലഭാഷയിലെ വിധിന്യായങ്ങളെക്കുറിച്ച് അജ്ഞനാണ്. ഇത് വളരെക്കാലമായി നമ്മുടെയിടയിൽ ചർച്ചചെയ്യപ്പെടുന്ന കാര്യവുമാണ്. എന്നാൽ ഇനി മുതൽ സാധാരണക്കാർക്കുകൂടി ഗ്രഹിക്കാൻ പാകത്തിൽ സുപ്രീംകോടതിയുടേയും ഹൈക്കോടതിയുടെയും സുപ്രധാന വിധികൾ മലയാളത്തിലാക്കി ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കുമെന്ന് നിയമമന്ത്രി കെ.എം. മാണി പറഞ്ഞു. നവംബർ 26 ന് ദേശീയ നിയമദിനാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു ഇദ്ദേഹം.

ജേർണലിന്റെ പ്രസിദ്ധീകരണച്ചുമതല നിയമവകുപ്പിനു കീഴിലുള്ള ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെല്ലിനാണ്. ഇതിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. ഇതുവരെയും തർജമ ചെയ്തിട്ടില്ലാത്ത നിയമങ്ങളെല്ലാം മലയാളത്തിലാക്കും. പ്രധാന ഉത്തരവുകളും വിജ്ഞാപനങ്ങളും മലയാളത്തിലേക്ക് തർജമചെയ്യും. കേന്ദ്ര ചിട്ടി ഫണ്ട് ആക്ട് നിലവിൽ വന്നശേഷം കേരള ചിട്ടി ആക്ടിന്റെ സാധുത സംബന്ധിച്ചുള്ള സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ മലയാള പരിഭാഷ ഇതിനകം തയാറാക്കിക്കഴിഞ്ഞു.

കോടതി ഭാഷ മലയാളത്തിലാക്കണമെന്ന ആവശ്യം ഗൗരവപൂർവം പരിഗണിക്കണമെന്ന് മന്ത്രി കെ.എം. മാണി ആവശ്യപ്പെട്ടു. ചീഫ് സെക്രട്ടറി കെ.ജെ. ജോസ് സിറിയക് മുഖ്യപ്രഭാഷണം നടത്തി. നിയമസെക്രട്ടറി സി.പി. രാമരാജ പ്രസാദ്, ഡെപ്യൂട്ടി സെക്രട്ടറി ബാബു ആന്റണി എന്നിവർ സംസാരിച്ചു.

കമൂല്യങ്ങളിൽ ഊന്നിയായിരിക്കണം. ഇപ്പോൾ പത്രമാധ്യമങ്ങൾ അസ്തമയത്തിന്റെ പാതയിലാണെന്നും ശശികുമാർ കൂട്ടിച്ചേർത്തു.

സമൂഹം വേദം പോലെ ബഹുമാനിക്കുന്ന മാധ്യമങ്ങൾ തെറ്റുവരുത്തുവാൻ പാടില്ലെന്ന് ഉദ്ഘാടനം നിർവഹിച്ച് മന്ത്രി ഷിബു ബേബിജോൺ പറഞ്ഞു. ഇന്നത്തെ മാധ്യമങ്ങൾ പലപ്പോഴും സത്യം മറച്ചുപിടിക്കുവാൻ ശ്രമിക്കുന്നുവെന്ന് അധ്യക്ഷപ്രസംഗത്തിൽ കെ. മുരളീധരൻ എം.എൽ.എ. അഭിപ്രായപ്പെട്ടു. കേരള സർവകലാശാല ജേർണലിസം മേധാവി സുഭാഷ് കുട്ടൻ, കെ.യു.ഡബ്ല്യു.ജെ. സംസ്ഥാന പ്രസിഡന്റ് കെ.സി. രാജഗോപാൽ, ജേർണലിസം അലുമിനി അസോസിയേഷൻ വൈസ് പ്രസിഡന്റ് ജേക്കബ് ജോർജ് തുടങ്ങിയവർ ആശംസകൾ നേർന്നു. തുടർന്ന് 'സോഷ്യൽ മീഡിയയും സാമൂഹിക മാറ്റവും' എന്ന വിഷയം സോഷ്യൽ മീഡിയ വിദഗ്ധൻ വി.കെ. ആദർശും 'ദൃശ്യമാധ്യമങ്ങളുടെ സാമൂഹിക ഉത്തരവാദിത്വം' എന്ന വിഷയം അമൃതാ ടിവി ചീഫ് എഡിറ്റർ നീലനും അവതരിപ്പിച്ചു. മാധ്യമപഠന സ്ഥാപനങ്ങളിൽനിന്നും ഇരുനൂറോളം പ്രതിനിധികൾ പങ്കെടുത്തു.

# ഗൃഹശ്രീ പദ്ധതിക്ക് തുടക്കമായി

പാർപ്പിടം പൗരാവകാശമായി അംഗീകരിച്ചതിന്റെ ഭാഗമായി എല്ലാവർക്കും വീട് എന്ന ലക്ഷ്യപ്രാപ്തിക്കായി ഐക്യജനാധിപത്യമുന്നണി സർക്കാർ ആരംഭിച്ച ഭൂ-ഭവന രഹിതർക്കായുള്ള സാഫല്യം ഭവനപദ്ധതിയുടെ തുടർച്ചയായി ആവിഷ്കരിക്കുന്ന രണ്ടാമത്തെ ബൃഹത് പദ്ധതിയാണിത്. സന്നദ്ധ സംഘടനകൾ സർക്കാരിതര സ്ഥാപനങ്ങൾ/കാരുണ്യവാൻമാരായ മറ്റു വ്യക്തികൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഗൃഹശ്രീ ഭവനപദ്ധതി യാഥാർഥ്യമാക്കുന്നത്.

ഭവന രഹിതരും 2/3 സെന്റ് ഭൂമിയെങ്കിലുമുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബി.പി.എൽ., എപി.എൽ വിഭാഗക്കാർക്കും സ്വന്തം ഭൂമിയിൽ വീട് നിർമിക്കാം. ഈ പദ്ധതി പ്രകാരം പരമാവധി രണ്ടു ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകുന്നതാണ്. സന്നദ്ധസംഘടനകളുടെ വിഹിതം രണ്ടു ലക്ഷം രൂപയും ബാക്കി ഗുണഭോക്തൃവിഹിതവുമായിരിക്കും. ഇതിന്റെ ഒന്നാം ഘട്ടമായി 14 ജില്ലകളിലായി 2800 വീടുകൾ ഏറ്റെടുക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. നടപ്പു സാമ്പത്തികവർഷം (2012-13) 500 വീടുകൾ ഉടൻ നിർമിച്ചു നൽകും.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

# സ്ത്രീ പങ്കാളിത്തത്തിൽ കേരളം ഒന്നാമത്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിലെ സ്ത്രീ പങ്കാളിത്തത്തിൽ കേരളം ഒന്നാം സ്ഥാനത്തെന്ന് കേന്ദ്ര ഗ്രാമവികസന വകുപ്പു സഹമന്ത്രി പ്രദീപ് ജയൻ ആദിത്യ ലോക്സഭയെ അറിയിച്ചു.

2006 മുതൽ നടപ്പു സാമ്പത്തികവർഷം വരെ തൊഴിലുറപ്പു പദ്ധതിയിൽ ശരാശരി 83.70 ശതമാനമാണ് കേരളത്തിലെ വനിതകളുടെ പങ്കാളിത്തം. 79.52, 68.14 ശതമാനം വീതം പ്രാതിനിധ്യം രേഖപ്പെടുത്തിയ തമിഴ്നാടും രാജസ്ഥാനുമാണ് ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ സ്ത്രീപ്രാതിനിധ്യത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങളിൽ വരുന്നത്.

സ്ത്രീ പങ്കാളിത്തത്തിലെ ദേശീയ ശരാശരി 53.78 ശതമാനമാണ്. പശ്ചിമ ബംഗാൾ, അസം, അരുണാചൽ പ്രദേശ്, ബിഹാർ, ജാർഖണ്ഡ്, പഞ്ചാബ്, ജമ്മു കശ്മീർ, മിസോറാം, നാഗാലാൻഡ്, ഉത്തർപ്രദേശ് തുടങ്ങിയവയാണ് തൊഴിലുറപ്പു പദ്ധതിയിൽ മൂന്നിലൊന്നിൽ താഴെ മാത്രം വനിതാ പങ്കാളിത്തം രേഖപ്പെടുത്തിയ സംസ്ഥാനങ്ങൾ.



# ഡോക്യുമെന്ററി ഹ്രസ്വചിത്രമേള



തിരുവനന്തപുരം കുറിഞ്ഞി കൾച്ചറൽ ഫോറം മ്യൂസിയം ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 27 മുതൽ 30വരെ സംഘടിപ്പിച്ച ഡോക്യുമെന്ററി ഹ്രസ്വചിത്രമേള ശ്രദ്ധേയമായി. സംസ്ഥാന ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടെയാണ് മലയാളി സംവിധായകരുടെ വീഡിയോ ചിത്രങ്ങളുടെ മേള നടത്തിയത്. 15 ഡോക്യുമെന്ററി ചിത്രങ്ങൾ, 26 ഹ്രസ്വചിത്രങ്ങൾ, ആറ് കാമ്പസ് ചിത്രങ്ങൾ (കോളേജുതലം), 12 കാമ്പസ് ചിത്രങ്ങൾ (സ്കൂൾതലം) മേളയിൽ പ്രദർശിപ്പിച്ചു. ഡോക്യുമെന്ററി ഹ്രസ്വചിത്രമേളയുടെ ഉദ്ഘാടനം പ്രശസ്ത സംവിധായകനും ചലച്ചിത്ര അക്കാദമി മുൻ ചെയർമാനുമായ കെ.ആർ. മോഹനൻ നിർവഹിച്ചു. മേളയുടെ ഫെസ്റ്റിവൽ പുസ്തകം ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് ഡയറക്ടർ എ. ഫിറോസ് പ്രകാശനം ചെയ്തു. ഡോക്ടർ ഗൗരി ലക്ഷ്മി സംവിധാനം ചെയ്ത *ജയഹേ* ആയിരുന്നു ഉദ്ഘാടന ചിത്രം.

സ്കൂൾതലത്തിലുള്ള കാമ്പസ് ചിത്രങ്ങളുടെ മേളയുടെ ഉദ്ഘാടനം ഗവ. കോട്ടൻഹിൽ സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർഥിനി ദേവു കൃഷ്ണ എസ്. നാഥ് നിർവഹിച്ചു. ചിത്രപ്രദർശനത്തിന്റെ ഇടവേളയിൽ പ്രശസ്ത കാർട്ടൂണിസ്റ്റ് പി.വി. കൃഷ്ണൻ കുട്ടികളുമായി സംവദിച്ചു.

മേളയോടനുബന്ധിച്ച് വി.ബി. സുരേഷ്ബാബുവിന്റെ ഭാരതത്തിലെ വൈവിധ്യമാർന്ന കാഴ്ചകൾ കോർത്തിണക്കിയ *എ ലിറ്റിൽ ബിറ്റ് ഓഫ് ഇന്ത്യ ഹിയർ ആൻഡ് ദേർ* എന്ന ഫോട്ടോ പ്രദർശനവും ഉൾപ്പെടുത്തിയിരുന്നു.

മികച്ച ഹ്രസ്വചിത്രമായത് അഭി ആനന്ദ് സംവിധാനം ചെയ്ത *ആദ്യ പാഠം* ആണ്. *ആൻ ഓൾഡ് ഹാഗ് സ്റ്റോറി* (ഗൗതം ലെനിൻ), *ദ ലാസ്റ്റ് ബ്ലൂ ഡ്രോപ്പ്* (റിയാസ് കെ.എം.) എന്നിവയ്ക്ക് പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചു. മികച്ച ഡോക്യുമെന്ററിയായി സത്യൻ ഒഡേസ സംവിധാനം ചെയ്ത *പ്രണയത്തിന്റെ ശവമുറി* തെരഞ്ഞെടുക്കപ്പെട്ടു. *ഫ്രെയിം ടു എ പ്രോട്ടഗോണിസ്റ്റ്: സലിം കുമാർ* (അനിൽ സൈൻ), *ഉണരുന്ന വിളപ്പിൽശാല* (ആർ. ബിജു) എന്നിവയ്ക്ക് പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചു.

സംവിധായകൻ കെ.ആർ. മോഹനൻ അധ്യക്ഷനായും ഡോക്യുമെന്ററി സംവിധായകനും എഴുത്തുകാരനുമായ ഡോ. സി. എസ്. വെങ്കിടേശ്വരൻ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് ഡെപ്യൂട്ടി ഡയറക്ടർ വി.ആർ. അജിത്കുമാർ എന്നിവർ അംഗങ്ങളുമായ ജൂറിയാണ് ഹ്രസ്വചിത്രങ്ങൾ വിലയിരുത്തിയത്.

പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ എം.ആർ. രാജൻ അധ്യക്ഷനും ഡോക്യുമെന്ററി സംവിധായകനും പ്രകൃതി ഫോട്ടോഗ്രാഫറുമായ സുരേഷ് ഇളമൺ, ഡോക്യുമെന്ററി സംവിധായകൻ വാൾട്ടർ ഡിക്രൂസ് എന്നിവർ അംഗങ്ങളുമായ ജൂറിയാണ് ഡോക്യുമെന്ററി ചിത്രങ്ങൾ വിലയിരുത്തിയത്.

സംവിധായകൻ അമ്പിളി അധ്യക്ഷനും പി.ആർ. ശ്രീകുമാർ, എസ്. സജനചന്ദ്രൻ എന്നിവർ അംഗങ്ങളുമായ ജൂറിയാണ് കാമ്പസ് ചിത്രങ്ങൾ വിലയിരുത്തിയത്. സ്കൂൾ വിഭാഗത്തിൽ വയനാട് പെരിയ ഗവൺമെന്റ് ഹൈസ്കൂളിലെ വിദ്യാർഥികൾ ഒരുക്കിയ *രാമേട്ടന്റെ പാഠം* എന്ന ചിത്രമാണ് മികച്ച കാമ്പസ് ചിത്രത്തിനുള്ള അവാർഡ് കരസ്ഥമാക്കിയത്. തൃശൂർ പുറനാട്ടുകരയിലെ ശ്രീ ശാരദാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ സംവിധാനം ചെയ്ത *വൃശ്ചികത്തിലെ ആൽമരം* എന്ന ചിത്രത്തിന് ജൂറിയുടെ പ്രത്യേക പുരസ്കാരം ലഭിച്ചു.

പുരസ്കാരങ്ങൾ നവംബർ ഏഴിന് തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ നടന്ന ചടങ്ങിൽ സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് വിതരണം ചെയ്തു. 2011 ലെ കേരള കലാമണ്ഡലത്തിന്റെ ചുട്ടി അവാർഡു നേടിയ പ്രശസ്ത ചുട്ടി കലാകാരനായ കലാനിലയം പരമേശ്വരനെ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു. കലാനിലയം പരമേശ്വരൻ രചിച്ച്, കുറിഞ്ഞി കൾച്ചറൽ ഫോറം പ്രസിദ്ധീകരിച്ച *ചുട്ടി: കലയും ശാസ്ത്രവും* എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ് സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ കെ.ആർ. മോഹനനു നൽകി പ്രകാശനം ചെയ്തു. ■

***പി.ആർ. ശ്രീകുമാർ***

# ഭരണഭാഷാ പുരസ്കാരങ്ങൾ നല്കി



**മലയാളഭാഷാ പുരസ്കാരത്തിനർഹനായ മലപ്പുറം ജില്ലാ പൊലീസ് മേധാവി കെ. സേതുരാമൻ, ഭരണഭാഷാ സേവനപുരസ്കാരങ്ങൾക്ക് അർഹരായ വി. ജയപ്രകാശ്, പി. ശ്രീകുമാർ എന്നിവർക്ക് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് സെക്രട്ടേറിയറ്റ് ദർബാർഹാളിൽ നടന്ന ചടങ്ങിൽ ഉപഹാരങ്ങൾ സമ്മാനിക്കുന്നു.**

ബിന്ദു ഗോപിനാഥ്

# ജീവിതത്തിന്റെ നിറഭേദങ്ങളിൽ ഒരു ചിത്രകാരി

ചിത്രംവരയായിരുന്നു എനിക്ക് എന്നുമിഷ്ടം. ധാരാളം ചിത്രങ്ങൾ കുട്ടിക്കാലത്ത് വരച്ചുകൂട്ടി, ഇരുകൈകൾ കൊണ്ടും എന്നിട്ടും ആഗ്രഹാനുസരണം വരയ്ക്കാനും ചായങ്ങളുടെ സാന്നിധ്യവും സമ്പർക്കവുമുള്ള ഒരു ജീവിതം കെട്ടിപ്പടുക്കാനും എനിക്കു കഴിഞ്ഞില്ല. മെഡിസിൻ-എൻജിനീയറിങ് എന്ന പരമ്പരാഗത ഭൂതങ്ങൾ ഒരു ശരാശരി കേരളീയ കുടുംബത്തെപ്പോലെ എന്റെ വീട്ടുകാരെയും ഗ്രസിച്ചിരുന്നു. ഇന്നുമതിന് കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല. ചിത്രങ്ങളും ചായങ്ങളുമെല്ലാം വീട്ടുകാർക്കുവേണ്ടി മാറ്റിവച്ചിട്ടും ഡോക്ടറാകുന്നതിൽ ഞാൻ ദയനീയമായി പരാജയപ്പെട്ടു.

സ്കൂളിൽ പഠിക്കുമ്പോൾ സയൻസ് എന്ന് എഴുതിക്കാണിച്ചാൽ തന്നെ തലകറങ്ങുന്ന കുട്ടി. ഫിസിക്സിനും കെമിസ്ട്രിക്കും കഷ്ടിച്ചു ജയിക്കും. വായിച്ചാൽ ഒന്നും മനസ്സിലാവില്ല. ഇതൊക്കെ എന്താണ്, എന്തിനാണ് പഠിക്കുന്നതെന്ന് അന്ന് അവൾക്ക് മനസ്സിലായതേയില്ല. എങ്ങനെയാണ് ഈ അക്ക





ങ്ങൾ, സൂത്രവാക്യങ്ങൾ ജീവിതത്തിന് ഉപകരിക്കുകയെന്നു പറഞ്ഞുമനസ്സിലാക്കാനും ഒരാളെയും എങ്ങും കണ്ടില്ല. കാണുമ്പോഴേ ഓടി രക്ഷപ്പെടാൻ തോന്നുന്ന വിഷയങ്ങൾ അവൾ മനസ്സിൽ നിന്നും മാറ്റിവച്ചു. എന്നിട്ടു ചിത്രം വരച്ചു. ഒരുപാടു ചിത്രങ്ങൾ ഇരുകൈകൾകൊണ്ടും വരച്ചു. അപ്പോഴും ഭാഷകൾക്ക് സ്കൂളിൽത്തന്നെ ഏറ്റവും കൂടുതൽ മാർക്ക് അവൾക്കാണ് കിട്ടിയത്. അതും വലിയ അധ്വാനമൊന്നും കൂടാതെ. പക്ഷെ അതിൽ കാര്യമില്ലല്ലോ. പഠിക്കുന്നെങ്കിൽ സയൻസ് പഠിക്കണം. പഠിച്ചുപഠിച്ച് ഡോക്ടറാകണം. അതിനു സാധിച്ചില്ലെങ്കിൽ എൻജിനീയറാകണം. അതിനും സാധിച്ചില്ലെങ്കിൽ പിന്നെന്തിനു ജീവിച്ചിരിക്കുന്നു? കഴുത! ചിത്രം വരയ്ക്കുന്ന കുട്ടിയും അങ്ങനെ ചെവിയൊക്കെ നീണ്ട്, വാലുമുളച്ച് കുനിഞ്ഞു നിൽക്കുന്ന ഒരു കഴുതയായി അവളുടെ ചിത്രങ്ങളിൽ ഉറ്റവരുടെ കോപത്തിന്റെ കടുംചുവപ്പ് കലർന്നു. അല്ലെങ്കിൽത്തന്നെ പെൺകുട്ടികൾക്കെന്തു ചിത്രംവര! അവരുടെ കണ്ണിൽപ്പെടാതിരിക്കാൻ ചിത്രങ്ങളും വർണങ്ങളും സ്വന്തം മുഖംതന്നെയും അവൾ ഒളിപ്പിച്ചുവച്ചു ജീവിച്ചു. മറ്റുള്ളവരുടെ ആഗ്രഹങ്ങളുടെ ഭാണ്ഡക്കെട്ടുകളും പേറിയുള്ള ലക്ഷ്യബോധമില്ലാത്ത, വിശ്രമമില്ലാത്ത നടപ്പ് അവളെ തളർത്തി. ഇരുൾക്കയത്തിലെ ജീവിതമാണ് വിധിയെന്നവൾ തീരുമാനിച്ചു.

ഒരു കുട്ടിയല്ല, കേരളത്തിലെ ഒരുപാടു കുട്ടികളുടെ, ഭൂരിഭാഗത്തിലധികം പേരുടെയും ഭാവിജീവിതം ഇങ്ങനെതന്നെയാവും. ഉൾവിളികളെ, ചോദനകളെ നിഷേധിച്ച് മറ്റാരോ ആയി ജീവിക്കേണ്ടിവരുന്ന അവസ്ഥ. ഗായകരും നർത്തകരും ഭൂമിയെ പുഷ്ടിപ്പിക്കുന്ന കലാകാരന്മാരുമായി ജീവിക്കേണ്ട അനുഗൃഹീത ജന്മങ്ങൾ മെഡിക്കൽ കോളേജിലും എൻജിനീയറിങ് കോളേജുകളിലും ഒടുങ്ങുന്നു. പലപ്പോഴും നഷ്ടപ്പെട്ടുപോകുന്നതെന്തെന്ന് അവർപോലും അറിയുന്നില്ല. സന്തോഷമില്ലാത്ത, സ്വപ്നങ്ങളില്ലാത്ത, വർണവും സംഗീതവുമില്ലാത്ത ലോകത്തുനിന്നും അങ്ങനെ ക്രൗര്യത്തിന്റെ അന്തകവിത്തുകൾ ജനിക്കുന്നു. വർണസുരഭിയായ ഭൂമിയെ യുദ്ധവും കലാപവും കൊണ്ട് അശാന്തയാക്കുന്നു പൗരുഷത്തിന്റെ ലോകം. ഇതൊന്നും ആരും പറയാത്ത, അറിയാത്ത കാര്യങ്ങളല്ല. എങ്കിലും സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കാനുള്ള ധൈര്യവും വഴിമാറിനടക്കാനുള്ള ചങ്കൂറ്റവും കാണിക്കുന്നവരുടെ എണ്ണം ഓരോ തലമുറ കഴിയുന്തോറും കുറഞ്ഞുകുറഞ്ഞു വരുന്നു.



ലേഖികയുടെ പെയിന്റിംഗ്

മേൽപ്പറഞ്ഞ ഇനത്തിൽപ്പെട്ട ആയിരക്കണക്കിനു കുട്ടികളിൽ ഒരുവളായിരുന്നു ഞാനും. മറ്റുള്ളവർ ആഗ്രഹിക്കുന്നത് ആയിത്തീരാനും അവരെ സന്തോഷിപ്പിക്കാനും ശ്രമിക്കുന്ന കുട്ടികളിൽ ഒരുവൾ.

വർഷങ്ങൾക്കുശേഷം, പത്രപ്രവർത്തനത്തിന്റെ ഭാഗമായുള്ള അലച്ചിലിനിടയ്ക്കെപ്പോഴോ ഞാൻ ചിത്രകാരനായ ബി.ഡി. ദത്തൻസാറിന്റെ അടുക്കൽ ചെന്നുപെട്ടു. എണ്ണച്ചായങ്ങളിൽ പരീക്ഷണം നടത്താനുള്ള പ്രചോദനം അദ്ദേഹത്തിൽനിന്നും കിട്ടി. കുറച്ചു ചിത്രങ്ങൾ വരയ്ക്കാനും ഒരു ഗ്രൂപ്പ് പ്രദർശനത്തിന്റെ ഭാഗമാകാനും അതുകൊണ്ട് കഴിഞ്ഞു.

പക്ഷെ എന്നിട്ടും, അപ്പോഴും, നിറങ്ങളുടെ ലോകം എനിക്ക് അപ്രത്യക്ഷമായിത്തന്നെ നിന്നു. യാത്ര ചെയ്യാനും ചിത്രം വരയ്ക്കുന്നവരെ പരിചയപ്പെടാനുമൊക്കെയുള്ള ആഗ്രഹം ആഗ്രഹമായിത്തന്നെ അവശേഷിച്ചു. തടസം എന്റെ മനസ്സിലുള്ളിൽത്തന്നെയായിരുന്നു. പ്രത്യേകിച്ചു കാരണങ്ങളൊന്നുമില്ലാത്ത ഒന്ന്. എനിക്കുകൂടി അവകാശപ്പെട്ടതാണ് ഇക്കാണായതെല്ലാമെന്ന് ഒരിക്കലും തോന്നിയിട്ടില്ലെന്നു മാത്രമല്ല എല്ലായിടത്തും അധികപ്പറ്റാണെന്ന അപകർഷതാബോധം മനസ്സിനെ ഭരിച്ചുകൊണ്ടുമിരുന്നു. ഒരു പക്ഷെ ഭൂരിപക്ഷം സ്ത്രീകളെയും ഭരിക്കുന്ന ഒരുതരം അധമബോധം. പത്രത്തിൽ വരുന്ന പെയിന്റിങ് പ്രദർശനത്തിന്റെ റിപ്പോർട്ടുകൾ ആരാധനയോടെ വായിച്ചും ചിലതൊക്കെ നേരിൽ കാണുകയും ചെയ്തു. അതിനിടെ സൂര്യവെളിച്ചംപോലെ ജീവിതത്തിൽ കടന്നുവരുന്ന ചില സൗഹൃദങ്ങൾ എന്നെ വർണങ്ങളുടെ മനോഹര ലോകത്തേക്ക് വീണ്ടും അടുപ്പിച്ചു.

ഡിസംബർ 12 ന് പൂനെയിൽ നടക്കുന്ന അന്താരാഷ്ട്ര പെയിന്റിങ് പ്രദർശനത്തിൽ പങ്കെടുക്കുന്ന ലോകമെമ്പാടുമുള്ള 24 ചിത്രകാരിലൊരാൾ ഞാനാണ്. ജീവിതത്തിൽ ആദ്യമായി നടത്തുന്ന ദൂരയാത്ര, അതും ഒറ്റയ്ക്ക്. എങ്കിലും എന്നെ ചൂഴ്ന്നു നിൽക്കുന്ന ഒരുപാടുപേരുടെ അനുഗ്രഹങ്ങൾ ഉള്ളപ്പോൾ ഞാൻ ഒറ്റയ്ക്കാവില്ല. ഇതൊരു യാത്രയുടെ ആരംഭമാണെന്നുതന്നെ ഞാൻ കരുതുന്നു, ആഗ്രഹിക്കുന്നു... ■

■ ഡോ. ബീന വേണുഗോപാൽ

# മരച്ചീനി ഫാഷനാകുന്നു



കേരളീയരുടെ ഒരു പ്രധാന ആഹാരമാണ് മരച്ചീനി അഥവാ കപ്പയും മീനും. ഇതു രണ്ടുമില്ലാതെയോ അതിലേതെങ്കിലുമില്ലാതെയോ ഒരു ദിവസം കഴിച്ചുകൂട്ടുക പ്രയാസമായിരിക്കുന്നു. പരിഷ്കാരത്തിന്റെ പേരിലെങ്കിലും മരച്ചീനിയെ അകറ്റി നിർത്തിയിരുന്നവർപോലും ഇന്ന് മരച്ചീനിയുടെ വക്താക്കളാവുന്നു. മരച്ചീനിയാഹാരം ഇന്ന് ഫാഷനാവുകയാണ്.

ഉഷ്ണമേഖലാ രാജ്യങ്ങളിൽ മരച്ചീനി കണ്ടുവരുന്നു. ഇന്ത്യയിൽ തെക്കൻ സംസ്ഥാനങ്ങളിലാണ് ഇത് അധികമായും കൃഷി ചെയ്യുന്നത്. മരച്ചീനി ഒരു കുറ്റിച്ചെടിയാണ്. വിളവെടുക്കാതെയിരുന്നാൽ ഒരു മരംപോലെ വളരും. യൂഫോർബിയോസിയാണ് കുടുംബം. മാനിഹോട്ട് യൂട്ടിലിസിമ (മാനിഹോട്ട് എസ്കുലന്റ) എന്നാണ് ശാസ്ത്രനാമം. ടാപിയോക്ക എന്ന് ഇംഗ്ലീഷിൽ പേര്. ദക്ഷിണ അമേരിക്കയും ബ്രസിലുമാണ് ജന്മദേശം.

മരച്ചീനിയിൽ വലിയ അളവിൽ അന്നജം അടങ്ങിയിരിക്കുന്നു കൂടാതെ നാരുഘടകങ്ങളും. എന്നാൽ പ്രോട്ടീനും ധനിജങ്ങളും വളരെ കുറവാണ്. മരച്ചീനിയിലെ നാരുഘടകങ്ങൾ ദഹന പ്രക്രിയയെ സഹായിക്കുന്നു. മലബന്ധമില്ലാതാക്കുന്നു. മരച്ചീനിയിൽ പ്രോട്ടീനും ധനിജങ്ങളും കുറവാകയാൽ മീനും കൂട്ടി മരച്ചീനി കഴിക്കുമ്പോൾ അതൊരു സമീകൃതാഹാരമാകുന്നു.

മരച്ചീനിയിൽ അടങ്ങിയിട്ടുള്ള ഒരു രാസ ഘടകമാണ് ഹൈഡ്രോസയനിക് അമ്ലം. ഇതാണ് മരച്ചീനിയുടെ കട്ട്. മരച്ചീനി വേവിച്ച് ഊറ്റിക്കളയുന്നത് ഈ കട്ടാണ്. ഇതിൽ വിഷാംശമുണ്ട്. ഇത് അകത്തുപോയാൽ വിറയലും വെപ്രാളവുമുണ്ടാകും. കട്ടിന്റെ അളവ് ഏറിയും കുറഞ്ഞുമിരിക്കും. ഏറിയ അളവിലുണ്ടെങ്കിൽ പലവട്ടം ഊറ്റി കട്ട് കളയേണ്ടിവരും. മരച്ചീനി പുഴുങ്ങിക്കഴിക്കുമ്പോൾ തോന്നുന്ന ക്ഷീണം അതിൽ അടങ്ങിയിരിക്കുന്ന ഹൈഡ്രോസയനിക് അമ്ലത്തിന്റേതാണ്. അതിനാൽ മരച്ചീനിക്കിഴങ്ങ് വേവിച്ച് മഞ്ഞളും മറ്റു വ്യഞ്ജനങ്ങളും ചേർത്തു കഴിക്കുന്നതാണ് നല്ലത്. മഞ്ഞൾ കഴിക്കുമ്പോൾ മരച്ചീനിയിലെ വിഷാംശം ഇല്ലാതാകുന്നു. മഞ്ഞൾ വിഷഹാരിയാണെന്നും ഓർക്കുക. മരച്ചീനിയില കഴിച്ച് കിറുങ്ങിയെന്നു കേട്ടിട്ടുണ്ടല്ലോ. അതിനു കാരണം അതിൽ അടങ്ങിയിട്ടുള്ള ഹൈഡ്രോസയനിക് അമ്ലമാണ്.

മരച്ചീനിയിൽ നിന്നെടുക്കുന്ന പൊടി കൊണ്ട് പുട്ട്, ദോശ തുടങ്ങിയ പലഹാരങ്ങൾ ഉണ്ടാക്കാവുന്നതാണ്. മരച്ചീനി ഉണക്കിപ്പൊടിച്ച് അതിൽ നിന്ന് ബിസ്ക്കറ്റ്, റൊട്ടി തുടങ്ങിയവ ഉണ്ടാക്കുന്നു. മരച്ചീനി ചൗവ്വരി, മരച്ചീനി പപ്പടം, മരച്ചീനി റവ, മരച്ചീനി ഉപ്പേരി, മാക്കറോണി, പുഡ്ഡിങ്സ് എന്നിവയും ഉണ്ടാക്കാവുന്നതാണ്. മാക്കറോണി എന്നത് മരച്ചീനിക്കൊപ്പം കപ്പലണ്ടി, ഗോതമ്പ് എന്നിവ ചേർത്തുണ്ടാക്കുന്ന കൃത്രിമ അരിയാണ്. ഇതിന് സ്വാഭാവിക അരിയേക്കാൾ പോഷക ഗുണമുണ്ട്. മരച്ചീനി അരിഞ്ഞ് വെള്ളത്തിലിട്ട് തിളപ്പിച്ച് അര വേവാക്കി ഉണക്കി സൂക്ഷിക്കുന്നു. ഗ്ലൂക്കോസ്, അസറ്റിക് ആസിഡ്, അസറ്റോൺ, ആൽക്കഹോൾ എന്നിവയുടെ വ്യാവസായിക ഉത്പാദനത്തിന് മരച്ചീനി ഉപയോഗിക്കുന്നു. തുണി വ്യവസായത്തിനും കടലാസ് നിർമാണത്തിനും മരച്ചീനി സ്റ്റാർച്ച് ഉപയോഗപ്പെടുത്താം. ■

---



■ ഫോട്ടോ : പ്രശാന്ത് വെമ്പായം



# ഗ്ലോറിസ സുപ്രെബോ-മേന്തോന്നി

ഗ്ലോറി ലില്ലി എന്നും കിത്തോന്നി, മേന്തോന്നി, പറയൻചെടി എന്നീ പേരുകളിൽ അറിയപ്പെടുന്ന ഒരു കാട്ടുചെടിയാണിത്. വിരിയുമ്പോൾ മഞ്ഞ നിറമുള്ള മനോഹരമായ പൂക്കൾ ഉണ്ടാകുന്നു. അതിനുശേഷം പൂക്കളുടെ നിറം കടും ചുവപ്പോ ഓറഞ്ച് ചുവപ്പോ ആകുകയും ദളങ്ങൾ വളഞ്ഞ് പിരിയുകയും ചെയ്യും. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കിഴങ്ങുകൾ നടാവുന്നതാണ്. ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ പൂക്കൾ നിറയെ ഉണ്ടാകും.

വിഷ ചികിത്സയ്ക്ക് ഈ ചെടി ഉപയോഗിക്കുന്നു. ■

■ പി.സി. വിജയൻ

# ചരിത്രത്തിലൂടെ : ഡിസംബർ 2012

**1**
- നഗരപ്രദേശങ്ങളിലെ ദാരിദ്ര്യനിർമാർജനം ലക്ഷ്യമാക്കി സ്വർണജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY) നിലവിൽ വന്നു (1997)
- ലക്ഷ്മി.എൻ.മേനോൻ ചരമദിനം (1899 - 1994). കേന്ദ്രമന്ത്രിയും യു.എൻ. സഭയിൽ ഇന്ത്യൻ പ്രതിനിധിയുമായിരുന്നു.

**2**
- ദേശീയ മലിനീകരണ നിയന്ത്രണ ദിനം
- ലോക കംപ്യൂട്ടർ സാക്ഷരതാ ദിനം
- ലോകത്തിലാദ്യമായി കൃത്രിമ ഹൃദയം വച്ചുപിടിപ്പിച്ചു (1982). അമേരിക്കയിലെ യൂട്ടോ സർവകലാശാലയിലാണ് 61 കാരനിൽ ഹൃദയം സ്ഥാപിച്ചത്.

**3**
- കേരള സംസ്ഥാന ഇലക്ഷൻ കമ്മിഷൻ നിലവിൽ വന്നു (1993)
- സൂര്യനേക്കാൾ വലിപ്പമുള്ള ചില നക്ഷത്രങ്ങൾക്കു ചുറ്റും ഭ്രമണം നടത്തുന്ന 18 പുതിയ ഗ്രഹങ്ങളെ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ജ്യോതി ശാസ്ത്രജ്ഞർ കണ്ടെത്തി (2010)

**4**




- ഹിന്ദി ചലച്ചിത്രലോകത്തെ നിത്യഹരിതനായകൻ ദേവാനന്ദ് അന്തരിച്ചു (1923 - 2011)
- വില്യം ബെൻഡിക് പ്രഭു ഇന്ത്യയിൽ സതി നിർത്തലാക്കി (1829)

**5**



- അരബിന്ദോ മഹർഷി 78 ാം വയസിൽ പോണ്ടിച്ചേരിയിൽ സമാധിയായി (1950)

**6**



- തോമസ് ആൽവ എഡിസൺ ശബ്ദ ലേഖനം ആദ്യമായി പ്രദർശിപ്പിച്ചു (1877)
- ഭൂമിയിൽ നിന്ന് 600 പ്രകാശവർഷം അകലെ കെപ്ലർ 22 ബി എന്ന മനുഷ്യവാസത്തിന് അനുയോജ്യമായ ഗ്രഹം കണ്ടെത്തി (2011)

**7**
- കേരളത്തിൽ മെമു (മെയിൻ ലൈൻ ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റ്) ട്രെയിൻ ഓട്ടം തുടങ്ങി (2011). എറണാകുളം - കൊല്ലമാണ് റൂട്ട്.
- ടിപ്പു സുൽത്താന്റെ പിതാവ് ഹൈദർ അലിയുടെ ചരമദിനം (1717 - 1782).
- ഇറ്റാലിയൻ ശില്പി ഗ്യാൻ ലോറൻസോ ബർണീനി ജനിച്ചു (1598 - 1680)

**8**
- ബഹിരാകാശ ടൂറിസത്തിനു തുടക്കം കുറിച്ചുകൊണ്ട് മൊഹാവി സ്പേസ് പോർട്ടിൽ വി.എസ്.എസ്. എന്റർപ്രൈസസ് എന്ന സ്പേസ് ഷിപ്പ് പുറത്തിറക്കി (2009)
- ഇന്ത്യയുടെ പരിസ്ഥിതി അംബാസിഡറായി മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിനെ തെരഞ്ഞെടുത്തു (2009)

**9**
- സോണിയാഗാന്ധി ജനിച്ചു (1947).
- കൊൽക്കത്ത അഡ്വാൻസ്ഡ് മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (AIRI) സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വൻ തീപിടുത്തം (2011) 91 മരണം.
- സേവനദിനം. കൊൽക്കത്ത മെഡിക്കൽ ദുരന്ത ഓർമയ്ക്ക് നേഴ്സിങ് കൗൺസിൽ ആചരിക്കുന്നു

**10**
- 1935 നു ശേഷം ആദ്യമായി ജേതാവില്ലാതെ നൊബേൽ സമ്മാനദാനം നടന്നു (2010). സമാധാന നൊബേൽ നേടിയ ലി യു സിയാവോബോയെ ചൈന തടഞ്ഞതാണു കാരണം.
- മഹാരാഷ്ട്ര കൊയ്ന ഭൂകമ്പം (1967). 6.5 വ്യാപ്തിയുള്ള ഭൂകമ്പത്തിൽ 103 മീറ്റർ ഉയരമുള്ള അണക്കെട്ട് തകർന്നു. ഇരുന്നൂറോളം മരണം.

**11**
- ലോക പർവത ദിനം
- 760 കോടി ഡോളർ ചെലവിട്ടത് തുർക്മെനിസ്ഥാനിൽനിന്ന് അഫ്ഗാനിസ്ഥാൻ - പാക്കിസ്ഥാൻ വഴി ഇന്ത്യ വരെ പ്രകൃതിവാതകമെത്തിക്കുന്ന പൈപ്പ് ലൈൻ പദ്ധതിക്കായുള്ള കരാറിൽ ഇന്ത്യ ഒപ്പുവച്ചു (2010)

**12**
- ഓപ്പറേഷൻ പരാക്രം (2001). ഇന്ത്യൻ പാർലമെന്റ് ആക്രമിക്കപ്പെട്ടതിനെതിരെ ഇന്ത്യൻ സൈന്യം നടത്തിയ സൈനിക നീക്കം.
- ഇന്ത്യയുടെ ആദ്യ മിലിട്ടറി ട്രക്കായ 'വിജയന്ത' തമിഴ്നാട്ടിലെ അവധി ഹെവി വെഹിക്കിൾ ഫാക്ടറിയിൽനിന്നും കമ്മിഷൻ ചെയ്തു (1965).

**13**
- യുനസ്കോ ആസ്ഥാനത്ത് പലസ്തീൻ പതാക ഉയർന്നു (2011). കഴിഞ്ഞ ഒക്ടോബറിലാണ് പലസ്തീന് യുനസ്കോ അംഗത്വം ലഭിച്ചത്.



**14**
- മേൽപ്പത്തൂർ നാരായണ ഭട്ടതിരി ഗുരുവായൂരപ്പനു മുന്നിൽ നാരായണീയം സമർപ്പിച്ചു (1586).
- ഇന്ത്യൻ നവസിനിമയുടെ ശക്തനായ പ്രതിനിധി ശ്യാം ബെനഗൽ ജനിച്ചു (1934)



**15**
- പ്രധാനമന്ത്രി ഗ്രാം സടക് യോജന (PMGY) നിലവിൽ വന്നു (2000). റോഡു നിർമാണവും തത്ഫലമായി തൊഴിൽ ദിനങ്ങളും ലക്ഷ്യം.
- ജോർജ് അഞ്ചാമൻ രാജാവ് ന്യൂഡൽഹി തലസ്ഥാന മന്ദിരത്തിന് തറക്കല്ലിട്ടു (1911).

**16**
- പ്ലാസ്റ്റിക് അടിസ്ഥാനമായി നിർമിച്ച ബോയിങ് 787 വിമാനം യു.എസ്സിലെ സിയാറ്റിലിൽ കമ്പനിയുടെ എയർ ഫീൽഡിൽനിന്നും പറന്നു (2009).
- 19 വർഷത്തെ അമേരിക്കയുടെ ഇറാഖ് അധിനിവേശം അവസാനിച്ചു (2011).

**17**
- കണ്ണൂർ വിമാനത്താവളത്തിന് മട്ടന്നൂർ മൂർഖൻപറമ്പിൽ തറക്കല്ലിട്ടു (2010). തലസ്ഥാനത്തെ നാലാമത്തെ രാജ്യാന്തര വിമാനത്താവളമാണിത്.
- ബാസ്റ്റൺ പോപ് ഓർക്കസ്ട്രയിലെ മാസ്റ്ററായ ആർതർ ഫീൽഡർ ജനിച്ചു (1894 - 1979)

**18**
- ചെക്കോസ്ലോവാക്യൻ സ്വാതന്ത്ര്യ സമര നേതാവും മുൻ പ്രസിഡന്റുമായ വക്ലാവ് ഹാവൽ അന്തരിച്ചു (1936 - 2011)
- അമേരിക്കൻ ചലച്ചിത്രകാരൻ സ്റ്റീഫൻ സ്പിൽബർഗ് ജനിച്ചു (1947)



**19**
- ജയിംസ് കാമറൂണിന്റെ *ടൈറ്റാനിക്* സിനിമ റിലീസ് ചെയ്തു (1997)




**20**
- ഇന്ത്യൻ ഓഹരി സൂചിക 26 കോടി രൂപ നഷ്ടത്തിലെത്തി (2011). രൂപയുടെ മൂല്യ ശോഷണമാണ് കാരണം.
- പ്രശസ്ത ജ്യോതിശാസ്ത്രജ്ഞൻ കാൾ സാഗൻ അന്തരിച്ചു (1996)

**21**
- ആണവോർജ കമ്മിഷൻ മുൻ ചെയർമാൻ ഡോ. പി.കെ. അയ്യങ്കാർ അന്തരിച്ചു (2011)
- ഇന്ത്യയിലെ ആദ്യ സ്വദേശി ബാങ്കായ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ മുംബൈയിൽ സ്ഥാപിതമായി (1911)

**22**
- ദേശീയ ഗണിതശാസ്ത്രദിനം ശ്രീനിവാസ രാമാനുജൻ ജന്മദിനം (1887 - 1920)
- പ്രമുഖ നാടകകൃത്ത് പി.എം. ആന്റണി അന്തരിച്ചു (1949 - 2011)
- ലോകത്തെ ഏറ്റവും വലിയ സമ്മാനത്തുകയുള്ള ലോട്ടറി സ്പെയിനിൽ നറുക്കെടുത്തു (2011). സമ്മാനം 25,000 കോടിക്കടുത്തു വരും (370 കോടി യൂറോ)

**23**



- കെ. കരുണാകരൻ അന്തരിച്ചു (2010)
- ലോകത്തിലെ ചെലവേറിയ റെയിൽപ്പാത ചൈനയിൽ പൂർത്തിയായി (2010).

**24**
- അലിഗഢ് സർവകലാശാലയുടെ മലപ്പുറം കേന്ദ്രം തുറന്നു (2011)
- എറണാകുളം - കൊല്ലം മീറ്റർഗേജ് റെയിൽപ്പാത നിർമാണം പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു ഉദ്ഘാടനം ചെയ്തു (1952).
- പ്രശസ്ത ഹിന്ദി ചലച്ചിത്രനടൻ രാജ്കപൂർ ജനിച്ചു (1924 - 1988)

**25**
- സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയായ സ്വജൽധാര നിലവിൽവന്നു (2002)
- പ്രസിഡന്റ് മിഖായേൽ ഗോർബച്ചേവ് രാജിവച്ചതിനെത്തുടർന്ന് സോവിയറ്റ് യൂണിയൻ ഇല്ലാതായി (1991). നിയമപരമായി ഇല്ലാതായത് ഡിസംബർ 31 ന്.

**26**
- മുഗൾ സാമ്രാജ്യ സ്ഥാപകൻ ബാബർ ആഗ്രയിൽ അന്തരിച്ചു (1483 - 1530)
- ഇന്ത്യൻ മഹാസമുദ്രത്തിൽ വൻ ഭൂകമ്പവും സുനാമിയും ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ നാശം വിതിച്ചു (2004). മരണം 2,30,000.
- റേഡിയം കണ്ടുപിടിച്ച വിവരം മേരി ക്യൂറിയും പിയറിയും പ്രഖ്യാപിച്ചു (1898)

**27**
- ആകാശത്തിലും ജലത്തിലും സഞ്ചരിക്കുന്ന കടൽ വിമാനം രാജ്യത്തിനു സമർപ്പിച്ചു (2010).
- അഴിമതി വിരുദ്ധ ലോക്പാൽ ബിൽ ലോക്സഭ അംഗീകരിച്ചു (2011)
- മിർസാ ഗാലിബ് ജനിച്ചു (1797 - 1869). ഉർദു - പേർഷ്യൻ മഹാകവി

**28**
- വുഡ്രോ വിൽസൺ ജനിച്ചു (1856 - 1924). അമേരിക്കൻ മുൻ പ്രസിഡന്റ്
- ഫ്രഞ്ച് സിവിൽ എഞ്ചിനീയർ ഗുസ്താവ് ഈഫൽ അന്തരിച്ചു (1832 - 1923). ഈഫൽ ഗോപുരത്തിന് ഇദ്ദേഹത്തിന്റെ പേരാണ്.

**29**
- സ്ത്രീകൾക്കായി തിരുവനന്തപുരത്ത് ഫിനിഷിങ് സ്കൂൾ ആരംഭിച്ചു (2009).
- ലൈഫ് വാരിക 36 വർഷത്തെ പ്രസിദ്ധീകരണത്തിനുശേഷം അച്ചടി അവസാനിപ്പിച്ചു (1972).

**30**



- വിക്രം സാരാഭായി അന്തരിച്ചു (1919 - 1971)
- അഖിലേന്ത്യാ മുസ്ലീംലീഗ് രൂപവത്കൃതമായി (1906)
- ഹിന്ദു ചിന്തകനായ രമണ മഹർഷി ജനിച്ചു (1879 - 1950)

**31**
- ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് അംഗങ്ങൾ അർധരാത്രിയിൽ ലാഹോറിൽ സമ്മേളിച്ച് സ്വരാജ് പ്രതിജ്ഞയെടുത്തു (1929)
- ഹിന്ദുസ്ഥാനി സംഗീതജ്ഞൻ മല്ലികാർജുൻ മൻസൂർ ജനിച്ചു (1910 - 1992)
- നടൻ ബെൻ കിങ്സ്‌ലി ജനിച്ചു (1943).



■ എസ്. പി.

# ചൈനീസ് വിമാനവാഹിനി യുദ്ധസജ്ജം

**ചൈനയുടെ** ആദ്യ വിമാന വാഹിനി കപ്പലായ ലിയോണിങ്ങിൽ പോർവിമാനം വിജയകരമായി ഇറക്കി. പുതിയ ജെ-15 ഫൈറ്റർ ജെറ്റ് വിമാനമാണ് ചൈനയുടെ സൈനിക ചരിത്രത്തിൽ നാഴികക്കല്ലായ ഈ നേട്ടത്തിന് ഉപയോഗിച്ചത്.

സെപ്റ്റംബർ 25 ന് ജനകീയ വിമോചനസേനയ്ക്ക് (പി.എൽ.എ) ലഭിച്ച വിമാനവാഹിനിക്കപ്പൽ നിരവധി നാവിക-സാങ്കേതിക പരീക്ഷണങ്ങൾക്കു വിധേയമാക്കിയ ശേഷമായിരുന്നു നവംബർ 25 ന് പോർവിമാനമിറക്കിയത്. ചൈന സ്വയം രൂപകൽപ്പനചെയ്തു നിർമിച്ച ജെ-15 ജെറ്റിന് വ്യോമ-ഭൂതല മിസൈലുകളും കൃത്യതയോടെ വിക്ഷേപിക്കാവുന്ന ബോംബുകളും വഹിക്കാൻ ശേഷിയുണ്ട്. അമേരിക്കയുടെ എഫ്-18, റഷ്യയുടെ സു-33 എന്നിവയുമായി താരതമ്യം ചെയ്യാവുന്ന സമഗ്രശേഷിയുള്ള പോർ വിമാനമാണിത്. ജെ-15 ജെറ്റ് കപ്പലിൽ പറന്നിറങ്ങുന്ന ദൃശ്യം ചൈന സെൻട്രൽ ടെലിവിഷനാണ് പുറത്തുവിട്ടത്.

ഉക്രെയ്നിൽ നിന്നു വാങ്ങിയ ലിയോണിങ് വിമാനവാഹിനി കപ്പൽ ചൈന വിപുലമായി നവീകരിച്ചാണ് യുദ്ധസജ്ജമാക്കിയത്.





# മാനസികാരോഗ്യത്തിന് വൈറ്റമിൻ ഡി

**വൈറ്റമിൻ ഡി** സ്ത്രീകളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് ഏറെ ഗുണം ചെയ്യുമെന്ന് പുതിയ പഠനം. ഒപ്പം മറവിരോഗത്തെ (അൾഷൈമേഴ്സ്) അകറ്റിനിർത്താനും ഉപകരിക്കും. ഫ്രാൻസിലെയും അമേരിക്കയിലെയും സർവകലാശാലകൾ നടത്തിയ നിരീക്ഷണങ്ങളിലാണ് കണ്ടെത്തലുകൾ. വൈറ്റമിൻ ഡിയുടെ കുറവുകൾ വൃദ്ധരായ സ്ത്രീകളെയാണ് ഓർമ നാശത്തിലേക്ക് ഏറെ നയിക്കുന്നതെന്നും പഠനം പറയുന്നു. ഭക്ഷണം, സൂര്യപ്രകാശം (ഈ വൈറ്റമിന്റെ മുഖ്യ സ്രോതസ്) എന്നിവയിലൂടെ അവശ്യമായ വൈറ്റമിൻ ഡി ലഭിക്കാത്ത പുരുഷന്മാർക്കും സ്ത്രീകൾക്കും ശാരീരിക ചലനക്ഷമത കുറയുമെന്ന് ഈ വർഷം ആദ്യം നടന്ന മറ്റൊരു പഠനവും കണ്ടെത്തിയിട്ടുണ്ട്


# രണ്ടു ദശകത്തിനകം ചൊവ്വ ജനവാസയോഗ്യമാകും



**അന്യഗ്രഹങ്ങളിൽ** അധിവാസമുറപ്പാക്കാനുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വര സഫലമാകുമോ? ചൊവ്വാ ഗ്രഹത്തിൽ രണ്ടു ദശകം കൊണ്ട് 80,000 ആളുകളെ എത്തിക്കാനുള്ള വൻ പദ്ധതിയുമായി സ്പെയ്സ് എക്സ് സ്ഥാപകൻ എലോൺ മാസ്ക് രംഗത്തെത്തി. ഒരാൾക്ക് അവിടെ എത്താനുള്ള ചെലവായി അഞ്ചു ലക്ഷം ഡോളറാണ് (2.75 കോടി രൂപ) കണക്കാക്കുന്നത്. ലോകത്തെ ആദ്യത്തെ സ്വകാര്യ ബഹിരാകാശ സംരംഭകനും സ്പെയ്സ് എക്സ് കമ്പിനിയുടെ സി.ഇ.ഒ യുമാണ് മാസ്ക്.

ഭൂമിയിൽ നിന്നുള്ളവരുടെ ഒരു കോളനിക്ക് അടുത്ത് 15-20 വർഷംകൊണ്ട് ചൊവ്വയിൽ രൂപം നൽകുകയെന്നതാണ് ലക്ഷ്യം. രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്ക് ആളുകളെ കൊണ്ടുപോകുന്ന പരിപാടിയും സ്പെയ്സ് എക്സ് ഉടനെ തുടങ്ങും.

ചൊവ്വയിൽ ഒരു സംസ്കാരം കെട്ടിപ്പടുക്കാൻ സാധിക്കുമെന്നും കാർബൺഡയോക്സൈഡിന്റെ സഹായത്തോടെ കൃഷി ആരംഭിക്കാൻ കഴിയുമെന്നും മാസ്ക് അവകാശപ്പെടുന്നു. ചൊവ്വയുടെ അന്തരീക്ഷത്തിലുള്ള നൈട്രജൻ, കാർബൺ ഡയോക്സൈഡ് എന്നിവ ഉപയോഗിച്ച് ഓക്സിജൻ, മീഥൈൻ തുടങ്ങിയവയും വളങ്ങളും ഉത്പാദിപ്പിക്കാനാകുമെന്ന് അദ്ദേഹം വാദിക്കുന്നു.



# ശരിയായ ജീവിതം സാധ്യമാകും

പൊതുജനാരോഗ്യകാര്യത്തിൽ ഏതാണ്ട് യൂറോപ്യൻ നിലവാരത്തിലാണ് കേരളത്തിന്റെ സ്ഥാനം. രാജ്യത്ത് ആയുർദൈർഘ്യം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് നമ്മുടേത്. ലോകത്തിലെ മികച്ച ചികിത്സയിൽ പലതും നമുക്കുണ്ട്. പക്ഷെ പലതും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു ലഭിക്കുന്നില്ല എന്നതാണ് വൈരുധ്യം. സാധാരണക്കാരന് ആശ്രയം സർക്കാർ ആശുപത്രികളാണല്ലോ. അവിടത്തെ സൗകര്യങ്ങൾ വർധിപ്പിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ പ്രസവചികിത്സ സൗജന്യമായി നൽകുന്നു. അമ്മയും കുഞ്ഞും പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. മാത്രമല്ല സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമാക്കി.

ജീവനക്കാരുടെ പ്രത്യേകിച്ച് ഡോക്ടർമാരുടെയും നേഴ്സുമാരുടെയും കുറവ് ആരോഗ്യപ്രവർത്തനങ്ങളെ ബാധിക്കുന്നതായി വ്യാപകമായ പരാതിയുണ്ടായി. അത് ഫലപ്രദമായി പരിഹരിക്കുന്നതിന് സർക്കാർ ഇടപെടുകയും 210 ഡോക്ടർമാരുടെയും 925 സ്റ്റാഫ് നേഴ്സുമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

പുതുതലമുറ നല്ല ആരോഗ്യത്തോടെ വളരുന്നതിന് സ്കൂൾ ആരോഗ്യ പദ്ധതി ആരംഭിച്ചു. സർക്കാർ, എയ്ഡഡ് സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. 13,673 സ്കൂളുകളിലെ 48 ലക്ഷത്തോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. മാരക രോഗബാധിതർക്ക് രണ്ടു ലക്ഷം രൂപാവരെ സൗജന്യ ധനസഹായം നൽകുന്ന കാരുണ്യ പദ്ധതിയും നടപ്പാക്കുന്നുണ്ട്.

ഡിസംബർ ഒന്ന് ലോക എയ്ഡ്സ് ദിനമാണല്ലോ. മാരകമായ ഈ രോഗം മാനവരാശിക്കുതന്നെ വലിയൊരു ഭീഷണിയായിരുന്നു. എന്നാൽ വൈദ്യശാസ്ത്രത്തിന്റെ വളർച്ച ഈ രോഗത്തെ നിയന്ത്രിച്ചുനിർത്തുന്നതിന് സഹായകമാകുന്നുണ്ട്. ശരീരത്തിന്റെ പ്രതിരോധ ശേഷി നഷ്ടപ്പെടുത്തുന്ന ഈ രോഗം ധാരാളം ജീവൻ അപഹരിച്ചുകഴിഞ്ഞു. എന്നാൽ സർക്കാരിന്റെയും സന്നദ്ധ സംഘടനകളുടെയും നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങൾകൊണ്ട് കൂടുതൽ രോഗികൾ ഉണ്ടാകാതെ നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എയ്ഡ്സിനെക്കുറിച്ചുള്ള സമൂഹത്തിന്റെ പേടിയും അജ്ഞതയും ഒരു പരിധിവരെ ദൂരീകരിക്കുന്നതിനും കഴിഞ്ഞു. എന്നാൽ ഇപ്പോഴും ഈ രോഗത്തെക്കുറിച്ചുള്ള പേടി ജനങ്ങളിൽനിന്ന് മാറിയിട്ടില്ല. എയ്ഡ്സ് ബാധിച്ച ഒരു വ്യക്തി സാധാരണ നിലയിൽ രണ്ടു വർഷത്തിനുള്ളിൽ മരണമടയുകയാണ് പതിവ്. എന്നാൽ ഇന്ന് അതല്ല സ്ഥിതി. ശരിയായ ചികിത്സയിലൂടെ ശരീരത്തിന്റെ പ്രതിരോധശേഷി വീണ്ടെടുത്ത് സാധാരണജീവിതം നയിക്കുവാൻ കഴിയുന്നുണ്ട്. ഇത് വലിയൊരു പ്രതീക്ഷയാണ്.

പരിസര മലിനീകരണവും ശുചിത്വമില്ലായ്മയും മാലിന്യങ്ങളും ഉയർത്തുന്ന ഭീഷണികളെ ഫലപ്രദമായി നേരിട്ടാൽ മാത്രമേ നമുക്ക് ആരോഗ്യമുള്ള ജനതയായി നിലനിൽക്കാനാകൂ. ആരോഗ്യ സംരക്ഷണം മരുന്നുകൊണ്ടു മാത്രമല്ലല്ലോ. ജീവിതരീതികൊണ്ടും അതു സംരക്ഷിക്കപ്പെടേണ്ടതാണ്. ശരിയായ ജീവിതരീതി ശരിയായ ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. അത് നമുക്ക് സാധ്യമാകും. ■